
സെപ്തംബർ 2017
Price ₹ 25
ജീവനും വെളിച്ചവും
നമുക്ക് ഉത്ഥിതനോടൊപ്പം നടക്കാം. പ്രേഷിതവഴിയിൽ
പുതിയൊരു ജീവിതക്രമം തീർക്കാം


MARIAN
ENGINEERING COLLEGE
NURTURING A HABIT OF EXCELLENCE
Managed By Latin Archdiocese of Trivandrum
Affiliated to APJ Abdul Kalam Technological University
An ISO 9001 : 2008 Certified College
Approved by AICTE
Congratulations!
FIRST RANK
with 9.47 CGPA
Civil Engineering 2012 -2016 Batch University of Kerala
ABHIJITH SATHYA
ADMISSION 2017
B.Tech Seats
Civil Engineering 120
Electronics & Communication 120
Mechanical Engineering 120
Computer Science & Engg 90
Electrical & Electronics 60
M.Tech Seats
Signal Processing 24
Computer Science & Engg. 24
Geo Technical Engg. 24
Kazhakuttom, Thiruvananthapuram – 695582 Tel : 0471 – 2707111, 2707222 | Mob : 8281377111
www.marian.ac.in, Email : mail@marian.ac.in
m.CAP
Approved by COA & Affiliated to CUSAT
MARIAN COLLEGE OF
ARCHITECTURE & PLANNING
Trivandrum Latin Archdiocesan Institution
B.ARCH
80
seats
Ar. Prof. Baby Paul
Principal
Former HOD, CET & Former Professor, Manipal University
Ar. Prof. Mariamma K
HOD
Former Regional Director, DTE, Kerala & Former HOD, CET
Ar. Prof. Binu Mangal
Professor
Former Professor & HOD, CET, Principal, Govt. Engg. College & Former JDTE
ANN MARIA JOSE
S3 1st Rank (2016)
S4 1st Rank (2017)
ALIF DINAR
S1, S2 1st Rank (2016)
S4 2nd Rank (2017)
RESHMI RUFUS
S1, S2 2nd Rank (2016)
ALEENA ASHLEY
S3 2nd Rank (2016)
SYAMILI SEBASTIAN
S1, S2 3rd Rank (2016)
S4 3rd Rank (2016)
ABIN ASHIK
S3 3rd Rank (2016)
JINCY NELSON
S1 S2 2nd Rank (2016)
SUMAYA S.
S1 S2 3rd Rank (2016)
B.ARCH
Eligibility: 50% for Plus Two 50% for PMC & Qualification in NATA 2017
Online Application invited for Management and NRI Quota admission
For admission contact:
8281388111, 9446182707, 9745654336, 944721014, 0471-2704405, 2707150, 2707111
www.mariancap.com | Email : marianarch.in@gmail.com

**ജീവനും വെളിച്ചവും**

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2017 സെപ്തംബർ
പുസ്തകം - 41 ലക്കം - 9
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com

**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. സൂസപാക്യം
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. യുജിൻ എച്ച് പെരേര
**ഉപദേശക സമിതി**
ഫാ. എഡിസൺ വൈ.എം.
ഫാ. ലോറൻസ് കുലാസ്
ഫാ. ശാന്തപ്പൻ എം.
ഫാ. ലെനിൻ രാജ്
ഫാ. മൈക്കിൾ തോമസ്
ഫാ. ലെനിൻ ഫെർണാണ്ടസ്
ഫാ. ജോൺ എ.ആർ.
എം. ആർക്കാഞ്ചലോ
പി. ശശിധരൻ
**പത്രാധിപർ**
ഫാ. തോമസ് ജെ. നെറ്റോ
**സഹ പത്രാധിപർ**
ഫാ. വിക്ടർ എവരിസ്റ്റസ്
അഗസ്റ്റിൻ കണിപ്പിള്ളി
ഫാ. ദീപക് ആന്റോ
**പത്രാധിപ സമിതി**
ഡോ. ഐറിസ്
ലോറൻസ് ഫെർണാണ്ടസ്
സി. ലിസ്യൂ വർഗ്ഗീസ് എസ്.വി.സി.
അഡ്വ. എം.എ.ഫ്രാൻസിസ്
ബർണാഡ് മൊറായിസ് ജെ.
**ഓഫീസ് നിർവ്വഹണം**
സി. ലീല മൂഴയിൽ ഡി.എസ്.പി
**രൂപകല്പന**
സുനിൽകുമാർ

# ചരിത്രത്തെ ദൈവരാജ്യ അനുഭവമായി മാറ്റിപ്പണിയാൻ

സഭയുടെ പ്രേഷിത മുഖം അന്വേഷിക്കുന്ന കേരളത്തിലെ ലത്തീൻ സഭ ചരിത്രത്തെ ദൈവരാജ്യാനുഭവമായി മാറ്റിപ്പണിയാനുള്ള നിയോഗമാണ് നിർവഹിക്കുന്നത്. കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ച് അതിനനു സൃതമായി ജീവിതത്തെയും, സമൂഹങ്ങളെയും നവീകരിക്കാനുള്ള ദൗത്യം. ലോകം ഇന്ന് അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ്. കൈവിട്ട പട്ടം കണക്കെ പായുകയാണ് വ്യവസ്ഥിതികൾ. അടിസ്ഥാന ജീവിത മൂല്യങ്ങൾക്കുനേരെ വെല്ലുവിളികൾ ഉയരുന്നു. ഏറ്റവും ഒടുവിൽ, കൗമാരക്കാരെയും യുവതയെയും ലക്ഷ്യമിട്ട് പുറത്തുവന്ന ബ്ലൂവെയിൽ പോലുള്ള കളികൾ കുടുംബങ്ങളിലും സമൂഹങ്ങളിലും സൃഷ്ടിക്കുന്ന ആഘാതം വിവരണാതീതമാണ്.

സഭാസമൂഹത്തിന്റെ ചലനാത്മകതയും, കെട്ടുറപ്പും ഊർജ്ജസ്വലമാക്കിക്കൊണ്ട് വ്യക്തിബന്ധങ്ങളും കൂട്ടായ്മകളും പരിപോഷിപ്പിച്ച് ജീവിതത്തെ നിറക്കൂട്ടുള്ളതാക്കാൻ അവലംബിച്ച മാർഗമാണ് കുടുംബകൂട്ടായ്മകളും, വചനത്തിലധിഷ്ഠിതമായ ആത്മീയതയും. ഈ ജീവിത രീതിയെ പ്രാദേശികസഭയുടെ ശൈലിയായി മാറ്റാനുള്ള ശ്രമമാണ് കേരള റീജൻ ലാറ്റിൽ കാത്തലിക് കൗൺസിൽ ഈ അടുത്ത നാളുകളിൽ അവലംബിച്ചുവരുന്നത്. വിശ്വാസി സമൂഹത്തിന്റെ കൂട്ടായ്മയ്ക്ക് തെളിമയും, ദിശാബോധവും നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഒക്ടോബർ 6,7,8 തീയതികളിൽ പ്രശസ്ത മരിയൻ തീർത്ഥാടന കേന്ദ്രമായ വല്ലാർപാടത്ത് കേരളത്തിലെ 12 ലത്തീൻ രൂപതകളിലെ സഭാപിതാക്കന്മാരും, വൈദികരും, സന്യസ്ഥരും, അല്മായ പ്രേഷിതരും ഒരുമിക്കുന്നത്.

നവയുഗത്തിൽ സഭയുടെ പ്രേഷിത മുഖം എന്തായിരിക്കണം, നമ്മുടെ ആത്മീയാടിത്തറ എന്താണ്, വരുന്ന ഒരു ദശബ്ദത്തിലെ പ്രേഷിത പ്രവർത്തനങ്ങളുടെ ആഭിമുഖ്യം എന്തായിരിക്കണം തുടങ്ങിയ കാര്യങ്ങളിലെ ഒരു പുനരന്വേഷണമാണ് 2017 ലെ ബിസിസി കൺവെൻഷൻ മിഷൻ കോൺഗ്രസ്. കാലോചിതമായി സഭയെ നവീകരിക്കാൻ ആത്മാവിന്റെ അഭിഷേകത്താൽ നിറയാൻ നമുക്ക് പ്രാർത്ഥനാഞ്ജലികളർപ്പിക്കാം.

പത്രാധിപർ

## പ്രതികരണങ്ങൾ




### അതിരുവിടുന്ന ചാനൽ ചർച്ചകളേ 'കടക്ക് പുറത്ത്'

പരിധിയും പരിമിതിയും പരിശുദ്ധിയും വിടുന്ന ചാനൽ ചർച്ചകളിൽ ആശങ്കപ്പെട്ടും വ്യാകുലപ്പെട്ടും അഗസ്റ്റിൻ കണിപ്പിള്ളി എഴുതിയ വർത്തമാനം വായിച്ചു. വർധിച്ചുവരുന്ന ചാനലുകളും അവയിൽ പെരുകുന്ന പക്ഷംപിടിച്ചും അല്ലാതെയുമുള്ള ചർച്ചാ കോലാഹലങ്ങളും വാദപ്രതിവാദ യുദ്ധങ്ങളുംകൊണ്ട് കാഴ്ചക്കാർക്ക് ഒരു ഗുണവുമില്ല.

ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് ടി വി തുറന്നാൽ സോളാറും സരിതയും ബാർകോഴയുമായിരുന്നു പ്രധാന വിഷയം.

ബാറുകളൊക്കെ തുറന്നു നാടുനീളെ മദ്യമൊഴുക്കുന്നതിൽ പൊതുജനത്തിനും എന്തിനേറെ മദ്യവിരുദ്ധപ്രവർത്തകർക്കും കുണ്ഡിതമില്ലെന്നാണ് തോന്നുന്നത്. കിട്ടുന്ന വിഷയം വച്ച് ദിവസങ്ങൾ ഓടിക്കുന്ന ചാനലുകാരുടെ ചീത്തകെണിയിൽ പ്രേഷകർ ഉൾപ്പെടാതിരുന്നാൽ നന്ന്. ഒരുപയോഗവുമില്ലാത്ത ചർച്ചകൾ വരുമ്പോൾ ടി.വി. ഓഫാക്കുന്നതിനും അപ്പോൾ തന്നെ പ്രതികരിക്കുന്നതിനും പൊതുജനത്തിനും അവകാശമുണ്ടെന്ന കാര്യം വിസ്മരിക്കരുത്.

വിയാനാ ജെ.

### ജീവനും വെളിച്ചത്തിൽ ജീവന്റെ തുടിപ്പുണ്ട്

ജീവനും വെളിച്ചവും എന്ന മാസികയുടെ ഒരു വരിക്കാരനാണ്. സ്വതന്ത്ര ഭാരതത്തിലെ അപചയങ്ങൾക്കെതിരെ വാളെടുക്കുന്ന പത്രാധിപരുടെ മുഖവിചാരം അസലായി. ജിഎസ്ടി ബിൽ പാസാക്കിയതിനെ ഭാരതത്തിന്റെ ചങ്കിലേറ്റ ആഘാതമെന്ന വിശേഷണം കുറച്ച് കൂടിപ്പോയില്ലേ എന്ന ഒരു തോന്നൽ. 'സമർപ്പിത ജീവിതം ക്രൈസ്തവ വീക്ഷണത്തിൽ' എന്ന ബിഷപ്പ് ഡോ. ക്രിസ്തുദാസിന്റെ ലേഖനം തന്നെയാണ് ആഗസ്റ്റ് ലക്കത്തെ മറ്റ് ലക്കങ്ങളിൽ നിന്നും വേറിട്ട് പ്രശോഭിപ്പിക്കുന്നത്. എല്ലാ ക്രൈസ്തവരും സമർപ്പിതരാകാൻ വിളിക്കപ്പെട്ടിരിക്കുന്നു എന്ന ഉദ്ബോധനത്തോടെ അദ്ദേഹം അവസാനിപ്പിച്ചിരിക്കുന്ന ആ ലേഖനം എത്ര പ്രൗഢഗംഭീരമാണ്.

ഡോ. കെ.എം.ഫ്രാൻസിസിന്റെ ലേഖനവും അതിനൊപ്പം നൽകിയിരുന്ന ചിത്രങ്ങളും ചിന്തോദ്ദീപകമായി. സ്വന്തം തെറ്റുകളെ മൂടിവയ്ക്കാനും, ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിയാനുമുള്ള രണ്ടുതന്ത്രങ്ങളാണ് മറ്റുള്ളവരെ കുറ്റപ്പെടുത്തുന്നതും, പണ്ട് ചെയ്ത നന്മകൾ വിളിച്ച് പറയുന്നതും എന്നുള്ള കണ്ടെത്തലുകൾ നന്നായി.

ഡോ. ജോർജ്ജ് ഓണക്കൂറിന്റെ ലേഖനം ഒട്ടുംനിലവാരം പുലർത്തിയില്ല. ബിനോയ് വിശ്വസത്തിന്റെ ലേഖനവും നമ്മുടെ ഈ മാസികയിൽ 'മോരും മുതിരയും പോലെ' അനുഭവപ്പെട്ടു. ഫാ. ലോറൻസ് കുലാസിന്റെ 'സ്വാതന്ത്ര്യത്തിന്റെ ക്രൈസ്തവദർശനം എന്ന ലേഖനം അല്പം കൂടി ലളിതമായിരുന്നുവെങ്കിൽ എന്നാശിച്ചുപോയി. നന്മ തെരഞ്ഞെടുക്കാനുള്ള മനുഷ്യന്റെ പ്രയത്നമാണ് സ്വാതന്ത്ര്യം' തനിക്ക് മുമ്പിൽ കാണപ്പെടുന്ന സഹോദരനാണ് ദൈവമെന്നത് ക്രൈസ്തവ സ്വാന്ത്ര്യത്തിന്റെ ദർശനം എന്ന കാഴ്ചപ്പാടുകൾ ചിന്തോദ്ദീപകമായി.

'മറക്കരുത് അമ്മയെന്ന പുണ്യത്തെ' എന്ന പേരിൽ ഒരു കഥ പ്രസിദ്ധീകരിച്ചത് ഒട്ടും നിലവാരം പുലർത്തിയില്ല. 'ജിഎസ്ടി മത്സ്യമേഖലയിൽ എന്ന രവീന്ദ്രൻ നായരുടെ ലേഖനം ഈ ടുറ്റതായി. 'ചാനൽ ചർച്ചകൾ പരിധി വിടുന്നു' എന്ന അഗസ്റ്റിൻ കണിപ്പിള്ളിയുടെ വർത്തമാനം കേരള സമൂഹത്തിന്റെ പൊതുവികാരത്തിന്റെ നേർക്കാഴ്ചയായി അനുഭവപ്പെട്ടു.

ജറാഡ് വലിയ തെക്കേൻ,
കുമ്പളം



# താളുകളിൽ

## ലേഖനം

6 സഭയ്ക്ക് പുതിയൊരു പ്രേഷിത മുഖം
ഫാ. ഗ്രിഗറി ആർബി

9 സഭ പ്രേഷിതയാകണം
ഡോ. ജെ.നാലുപറയിൽ എംസിബിഎസ്

11 കത്തോലിക്കനും ഉത്ഥാനവെളിച്ചവും
ഡോ. ജോഷി മയ്യാറ്റിൽ

14 അധ്യാപനത്തിന്റെ സാമൂഹ്യപാഠം
സുജാറാണി എസ്.കെ.

18 പരിച്ചെറിയുമോ അവരെ
അധ്യ. ഷെറി ജെ.തോമസ്

## സ്ഥിരം പംക്തികൾ

20 യൂത്ത്
21 കാനോൻ നിയമത്തിൽ
22 വർത്തമാനം
24 ഫാമിലി കോർണർ
25 അല്മായ വേദി
26 വാർത്തകൾ
29 അടിസ്ഥാന ക്രൈസ്തവ സമൂഹം
30 നീർച്ചാലുകൾ
37 അജപാലനം
38 വചനജ്വാല
40 ഇളംതൂവൽ
42 നേർക്കാഴ്ച
ജെ.സി.

വർത്തമാനകാല സൂചനകൾക്കനുസൃതമായി സഭാസമൂഹത്തെയും കുടുംബ കൂട്ടായ്മകളെയും വചനാധിഷ്ഠിത ജീവിതശൈലിയിലേക്ക് പരിവർത്തനം ചെയ്യിക്കാനുള്ള ശ്രമത്തിലാണ് ലത്തീൻ കത്തോലിക്ക സഭ. അതിന്റെ ഭാഗമായി 2017 ഒക്ടോബറിൽ നടക്കുന്ന മിഷൻ കോൺഗ്രസിന് ഒരു പ്രേഷിതമുഖം ചമയ്ക്കുകയാണ് ലേഖകൻ.

# സഭയ്ക്ക് പുതിയൊരു പ്രേഷിതമുഖം

ഫാ. ഗ്രിഗറി ആർബി
*സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരി, ആലുവ*

ദൈവത്തിന്റെ പ്രേഷിതമുഖമാണ് ക്രിസ്തു. പ്രേഷിതപ്രവർത്തനങ്ങളുടെ തുടക്കം രക്ഷാകരപദ്ധതി പൂർത്തിയാക്കാൻ പിതാവായ ദൈവം തന്റെ പുത്രനെ ലോകത്തിലേക്ക് അയച്ചതാണ്. ഇപ്രകാരം പിതാവിനാൽ അയക്കപ്പെട്ട ക്രിസ്തുനാഥൻ 12 അപ്പസ്തോലന്മാരെ തെരഞ്ഞെടുത്തുകൊണ്ട് തന്റെ പ്രേഷിതദൗത്യം തുടർന്നുകൊണ്ടുപോകാൻ ആഹ്വനം ചെയ്തു. ആദിമസഭയിലെ ക്രൈസ്തവരെ പ്രേഷിതരാക്കിയത് ക്രിസ്തുനാഥന്റെ രക്ഷാകരാനുഭവത്തിലുള്ള അവരുടെ പങ്കുചേരലാണ്. ക്രിസ്തുനാഥനോടൊത്ത് ആയിരുന്നുകൊണ്ട് അവിടത്തെ കാണുകയും കേൾക്കുകയും അനുഭവിക്കുകയും ചെയ്തപ്പോൾ പ്രേഷിതരാകുവാൻ അവർ യോഗ്യതയുള്ളവരായി. ഇതുപോലെ പ്രേഷിതനാകാനുള്ള അതുല്യമായ വിളിയാണ് ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ ക്രൈസ്തവനും സ്വീകരിച്ചിരിക്കുന്നത്.

ദൈവരാജ്യനിർമാണമാണ് പ്രേഷിതപ്രവർത്തനങ്ങളുടെ പൊതുവായ ലക്ഷ്യം. ഇതിന്റെ പ്രധാന പ്രവർത്തനമായിവരുന്നത് സുവിശേഷപ്രഘോഷണം തന്നെയാണ്. ക്രിസ്തുനാഥനെയും അവിടത്തെ സുവിശേഷ



ത്തെയും അറിയാത്തവർക്ക് അത് അറിയിച്ചുകൊടുക്കുകയെന്നതാണ് പ്രേഷിതപ്രവർത്തനത്തിന്റെ പ്രധാന സംഭവമായിവരുന്നത്. അതുകൊണ്ടാണ് പ്രേഷിതപ്രവർത്തനം സുവിശേഷപ്രഘോഷണമായി കരുതപ്പെടുന്നത്. കോളനിവല്ക്കരണകാലഘട്ടത്തിൽ പ്രേഷിതപ്രവർത്തനം സംസ്കാരങ്ങളുടെ അടിച്ചേല്പ്പിക്കലുകൂടെയായി. സുവിശേഷത്തോടൊപ്പം വൈദേശികസംസ്കാരവും പറിച്ചുനടുന്നതിനും മിഷണറിമാർ ശ്രമിച്ചിരുന്നു. എന്നാൽ ഇന്ന് ഓരോ പ്രദേശത്തെയും സാംസ്കാരികവും സാമൂഹികവുമായ സാഹചര്യങ്ങളുമായി ബന്ധപ്പെടുത്തിയാണ് പ്രേഷിതപ്രവർത്തനം നടത്തേണ്ടതെന്ന് സഭ നമ്മെ ഓർമ്മപ്പെടുത്തുന്നു. ആധുനിക കാലഘട്ടത്തിൽ പ്രേഷിതപ്രവർത്തനം പ്രസക്തമാകുന്നത് സാംസ്കാരിക അനുരൂപണത്തിലൂടെ സുവിശേഷ പ്രഘോഷണം നടത്തുമ്പോഴാണ്.

പരമ്പരാഗതമായി പ്രേഷിതപ്രവർത്തനരീതികളിൽ രണ്ടു തരത്തിലുള്ള ഊന്നലുകൾക്കാണ് പ്രാധാന്യം നല്കിപ്പോന്നിരുന്നത്. ഒന്നാമത്തേത് വ്യക്തികേന്ദ്രീകൃതവും ക്രിസ്തുകേന്ദ്രീകൃതവുമായ പ്രേഷിതപ്രവർത്തനരീതി. ഈ രീതിയിൽ സുവിശേഷപ്രഘോഷണത്തിലൂടെ വ്യക്തിഗതമായി ഉണ്ടാകേണ്ട മാനസാന്തരത്തിനും അതിലൂടെ കരഗതമാകേണ്ട ആത്മരക്ഷക്കുമാണ് പ്രാധാന്യം കല്പിച്ചിരുന്നത്. രണ്ടാമത്തെ രീതിയിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത് പ്രേഷിതപ്രവർത്തനത്തിലൂടെ നടക്കേണ്ട സഭാരൂപീകരണപ്രക്രിയക്കാണ്. ഹയരാർക്കി കേന്ദ്രീകൃതമായ സഭാസ്ഥാപനത്തിനാണ് ഇവിടെ മുൻഗണന കല്പിച്ചിരുന്നത്.

രണ്ടാം വത്തിക്കാൻ കൗൺസിലിൽ ഉയർന്നുവന്ന പ്രേഷിതദർശനം സഭ സാർവത്രിക കൂദാശയാണ് എന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ്. പ്രേഷിതപ്രവർത്തനം എന്നത് എല്ലാ സംസ്കാരങ്ങളിലും കാലഘട്ടങ്ങളിലുമുള്ള മനുഷ്യർക്ക് രക്ഷപ്രദാനം ചെയ്യുന്ന ഒന്നായി പരിഗണിക്കപ്പെട്ടു. പരിശുദ്ധാത്മാവിനാൽ പ്രേരിതരായി ഓരോ വ്യക്തികളും പ്രേഷിതദൗത്യത്തിന്റെ കണ്ണികളാകണമെന്നതായിരുന്നു പ്രേഷിതപ്രവർത്തിയുടെ സന്ദേശമായി അവതരിപ്പിക്കപ്പെട്ടത്. ആധുനികപ്രേഷിതപ്രവർത്തനമനോഭാവം നീതിക്കുവേണ്ടി നിലപാടുകളെടുക്കുകയും സാമൂഹിക പരിവർത്തനത്തിലേക്ക് സമൂഹത്തെയും വ്യക്തികളെയും വെല്ലുവിളിക്കുകയും ചെയ്യുന്ന ഒന്നാണ്. അത് മനുഷ്യന്റെ ആത്യന്തിക സ്വാതന്ത്ര്യത്തിലേക്കും നിത്യജീവനിലേക്കുമുള്ള മാർഗത്തിലേക്കും സമർപ്പിക്കുവാൻ വ്യക്തികളെ ശക്തിപ്പെടുത്തുന്നു. ജാതി മത വർഗ വർണങ്ങൾക്കതീതമായി മനുഷ്യനിലെ ദൈവികത ഉയർത്തിക്കാണിച്ചുകൊണ്ട് ഓരോ മനുഷ്യരിലും നിലകൊള്ളുന്ന ക്രിസ്തുചൈതന്യം പ്രശോഭിതമാക്കുവാനും സഹായിക്കുന്നു. വിവിധ ശുശ്രൂഷകളിൽ ഊന്നിയുള്ള പ്രേഷിതപ്രവർത്തനരീതിക്കാണ് ഇവിടെ മുൻതൂക്കം നല്കിയിരുന്നത്. പ്രേഷി



തപ്രവർത്തനം മനുഷ്യന്റെ ആത്യന്തികമായ സ്വാതന്ത്ര്യവുമായി ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന ചിന്തയാണ് ഈ ദർശനത്തിന്റെ പിന്നിലെ ശക്തി.

അയയ്ക്കപ്പെട്ടവനാണ് അപ്പസ്തോലൻ. ഓരോ ക്രൈസ്തവനും ഇപ്രകാരം പ്രേഷിതനാകുവാൻ അയയ്ക്കപ്പെട്ടവനാണ്. ആ അർത്ഥത്തിൽ പ്രേഷിതപ്രവർത്തനമെന്നത് അപ്പസ്തോലിക പ്രവർത്തനം തന്നെയാണ്. ക്രിസ്തുവിന്റെ അപ്പസ്തോലനായി ഓരോ പ്രദേശത്തെയും ദൈവരാജ്യത്തിന്റെ ഈറ്റില്ലങ്ങളാക്കുക എന്നതാണ് ഇവിടെ പ്രധാനലക്ഷ്യമാകേണ്ടത്. നന്മയുടെയും സ്നേഹത്തിന്റെയും സത്യത്തിന്റെയും നീതിയുടെയും വിളനിലമാക്കി ദൈവരാജ്യാനുഭവമേഖലകളാക്കി സമൂഹങ്ങളെ മാറ്റുകയെന്നതാണ് ഈ കാലഘട്ടത്തിലെ പ്രേഷിതവൃത്തി.

ഓരോ ക്രൈസ്തവനും ഇപ്രകാരം അയയ്ക്കപ്പെടുന്ന പ്രേഷിതനാണ്. യേശുവിനോടൊപ്പം ആയിരുന്നുകൊണ്ട് ചരിക്കുവാനും ചിരിച്ചുകൊണ്ടുതന്നെ അവനോടൊപ്പം മരിക്കുവാനും അയയ്ക്കപ്പെട്ടവനാണവർ. കടലുകൾ കടന്നു സുവിശേഷത്തിന്റെ പെരുമ്പറകൊട്ടി യേശുവിനെ വിളിച്ചുചൊല്ലുവാൻ അയയ്ക്കപ്പെടുമ്പോഴും ജീവിക്കുന്നിടത്ത് വിശേഷമാകുവാൻ വിളിക്കപ്പെട്ടവൻ തന്നെയാണ് ക്രിസ്ത്യാനി. പിറന്ന നാട്ടിലെ ശാപം മാറ്റി സുവിശേഷദീപ്തിയാൽ വിമലീകരിക്കുവാനാണ് ഈ വിളിയും അയയ്ക്കപ്പെടലും. അതുവഴി ഭൂമിയുടെ ഓരോ മുക്കും മൂലയും വിശുദ്ധഗിരിയുടെ തിരുമുറ്റങ്ങളാകുന്ന ദൈവരാജ്യത്തിന്റെ വിളഭൂവാക്കി ക്രിസ്ത്യാനി മാറ്റുന്നു. അയയ്ക്കപ്പെടുന്നവരൊക്കെ അയച്ചവന്റെ സന്ദേശവാഹകരാണ്. അയയ്ക്കപ്പെട്ട സന്ദേശത്തിൽ അയയ്ക്കപ്പെടുന്നവൻ തന്നെ സന്ദേശമായി പരിവർത്തനം ചെയ്യപ്പെടുമ്പോൾ, പ്രേഷിതവൃത്തി ആരംഭിക്കുന്നു. അതിരുകൾ കട

ന്നുള്ള പ്രേഷിതപ്രവർത്തനത്തിന് സമർപ്പിക്കുന്നത്, സ്വന്തം ജീവൻ തന്നെ പ്രേഷിതഭൂവായി മാറ്റുന്നതിന്റെ പരിണിതഫലമാണ്.

ഇന്ന് പ്രേഷിതർ അയയ്ക്കപ്പെടുന്നത് ജീവിതനിഷേധങ്ങളുടെ തുരുത്തുകളിലേക്കാണ്. സഹോദരർ ഭാരങ്ങളായി മാറുമ്പോൾ മുറിച്ചുമാറ്റപ്പെടണമെന്നാഗ്രഹിക്കുന്ന കായേന്മാർ ഉറങ്ങുന്ന തുരുത്തുകളാണവ. കൊത്തിയെറിയപ്പെടുന്ന വാഴപിണ്ടികൾ പോലെ തുരുതുരെ തലകൾ അരിഞ്ഞുവീഴ്ത്തി വെറുപ്പിന്റെയും ശത്രുതയുടെയും കളകൾ മുളപ്പി



ക്കുന്ന സമൂഹങ്ങളാണ് മുന്നിൽ. നാശത്തിന്റെ സംഹാരതാണ്ഡവമാടുന്നവർക്ക് ജീവന്റെ സുവിശേഷമാകാൻ അയയ്ക്കപ്പെടുകയാണ് പ്രേഷിതൻ. ദുഃഖങ്ങളുടെയും, കടബാധ്യതകളുടെയും ചുഴിയിലകപ്പെട്ട് ആത്മഹത്യയുടെ വഴിതേടുന്നവരുടെ മുനമ്പുകളിലേക്കയക്കപ്പെടുന്നവനാണ് ഇന്നത്തെ പ്രേഷിതൻ.

വിശേഷമാകുവാനും സുവിശേഷം സൃഷ്ടിക്കുവാനും എല്ലാ ക്രൈസ്തവരെയും ക്രിസ്തു അയയ്ക്കുകയാണ്. സൗകര്യപൂർവ്വം എടുത്തണിയാനും പിന്നെ വലിച്ചെറിയാനുമുള്ള അങ്കിയല്ലയത്. ക്രൈസ്തവാസ്തിത്വത്തിന്റെ ആണിക്കല്ലാണീ പ്രേഷിതചര്യ. ക്രിസ്ത്യാനിയായിരിക്കുക എന്നതുതന്നെ പ്രേഷിതനായിരിക്കുക എന്നാണ്. പ്രേഷിതദൗത്യം ക്രൈസ്തവാസ്ഥിത്വം തന്നെയാണ്. കാലഘട്ടത്തിന്റെ വെല്ലുവിളികളെ അതിജീവിച്ചുകൊണ്ട് സനാതനസുവിശേഷത്തിന്റെ സംവാഹകരാകുവാനും, സാക്ഷ്യമാകുവാനും കഴിയുമ്പോൾ മാത്രമേ ക്രൈസ്തവ അസ്തിത്വത്തിന് പൂർണത കൈവരുകയുള്ളൂ. ജീവനുണ്ടാകുവാനും അത് സമൃദ്ധമാകുവാനും അയക്കപ്പെട്ടവനാണ് വചനമായ ക്രിസ്തു എങ്കിൽ ജീവന്റെ വികലതകളെയും, വെല്ലുവിളികളെയും ക്രൈസ്തവന് കണ്ടില്ല എന്നുനടിച്ചു മാറിനിൽക്കാനാവുകയില്ല. ജീവന്റെ വികലതകളെ സ്വയം ഏറ്റെടുത്തുകൊണ്ട്, യേശു സുവിശേഷമായി മാറിയതുപോലെ, ആധുനിക ക്രൈസ്തവനും ജീവിനെതിരെ ഉയർന്നുവരുന്ന എല്ലാ വെല്ലുവിളികളെയും ഏറ്റെടുത്തുകൊണ്ട് ജീവന്റെ സുവിശേഷമായി മാറുമ്പോഴാണ് യഥാർത്ഥ പ്രേഷിതനാവുന്നത്.

ലോകം മുഴുവനും പോയി സുവിശേഷം പ്രസംഗിക്കുവിൻ എന്ന് കർത്താവരുളി ചെയ്യുമ്പോൾ, ഭൂമിയുടെ അതിർത്തികൾവരെയും നിങ്ങൾ എനിക്ക് സാക്ഷികളായിരിക്കുവിൻ (അപ്പ. 1:8) എന്നാണവിടുന്ന് അർത്ഥമാക്കുന്നത്. സുവിശേഷം പ്രഘോഷിക്കുന്നതിന്റെ അത്യന്തികമായ അർത്ഥതലം സാക്ഷിയാകുക എന്നുള്ളതാണ്. സാക്ഷ്യമാകുക എന്നതാകട്ടെ സംഭവത്തിലുള്ള പങ്കുചേരലാണ്. കോടതിമുറികളിൽ സാക്ഷികളായി വരുന്നവർ സംഭവത്തിന് സാക്ഷ്യമായതിന് സാക്ഷ്യം വഹിക്കുന്നതുപോലെയാണത്.

ക്രിസ്തുസംഭവത്തിന് സാക്ഷ്യമാകുവാൻ ഒരുവ്യക്തിക്ക് കഴിയണമെങ്കിൽ ക്രിസ്തുസംഭവം ആ വ്യക്തിയിൽ സംഭവിക്കുന്ന ഒന്നായി മാറണം. ഈ സംഭവിക്കൽ താത്വികമായ അവസ്ഥ എന്നതിനേക്കാളുപരിയായി ജീവിക്കുന്ന യാഥാർത്ഥ്യമായിത്തീരേണ്ട ഒന്നാണ്. ചെറുപ്പത്തിൽ കേട്ടതും പള്ളിയിൽ കണ്ടതും കൂട്ടുകാർ പറഞ്ഞതും എവിടെയോ ഒക്കെ വായിച്ചറിഞ്ഞതുമായ ആശയങ്ങളുടെ കൈമാറ്റമായി മാത്രം സുവിശേഷപ്രഘോഷണം മാറുവാൻ പാടുള്ളതല്ല. വ്യക്തിജീവിതത്തിലെ സംഭവമായി മാറുമ്പോൾ സാക്ഷ്യമേകാതെവയ്യ എന്ന അവസ്ഥയിലെത്തുന്നു.

നിരന്തരം ക്രൈസ്തവ ജീവിതത്തിൽ സംഭവിക്കുന്ന വലിയൊരു ക്രിസ്തു സംഭവമാണ് വി.കുർബാന. ഓരോ ദിവസവും ക്രിസ്തുസംഭവം അൾത്താരയിൽ അരങ്ങേറുന്നു. അത് വ്യക്തിജീവിതത്തിലെ ഒരു മഹാസംഭവമായി മാറുമ്പോഴുണ്ടാകുന്ന ദൃക്സാക്ഷ്യമാണ് സുവിശേഷ പ്രഘോഷണത്തിന് ആധാരം. ഇപ്രകാരം ദൈവീകത ജീവിക്കുന്ന വലിയ സംഭവമായി സുവിശേഷപ്രഘോഷണം മാറുമ്പോൾ സ്വയം നഷ്ടപ്പെട്ട് ക്രിസ്തു വാഴുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടും. സ്വയം നഷ്ടപ്പെടാതെ സാക്ഷ്യമാകാനും സാക്ഷ്യമാകാതെ സുവിശേഷമാകാനും സാധ്യമല്ല. സാക്ഷ്യത്തിന് പകരം സ്ഥാപനങ്ങളാകുമ്പോൾ വീണ്ടും വീണ്ടും പ്രഘോഷണം അനിവാര്യമായിവരുന്നു. സാക്ഷ്യവും പ്രഘോഷണവും ഒരു നാണയത്തിന്റെ രണ്ടുവശങ്ങൾപോലെ പരസ്പരപൂരകങ്ങളായി വർത്തിക്കുന്നു. പ്രേഷിതപ്രവർത്തനം കാലികമായ സുവിശേഷപ്രഘോഷണമായി മാറേണ്ടത് നിരന്തരമുള്ള ക്രിസ്തുസാക്ഷ്യത്തിലൂടെയാണ്. അത് വാക്കുകളിലൂടെയെന്നതിലുപരി ജീവിതത്തിലൂടെ ശക്തമായി പ്രഘോഷിക്കപ്പെടുന്നു. ഇപ്രകാരം ജീവിക്കുന്ന സാക്ഷ്യങ്ങളിലൂടെ പ്രഘോഷിക്കപ്പെടുന്ന സുവിശേഷം ലോകത്തിന് ശാന്തിപകരാൻപോന്ന സിദ്ധൗഷധം തന്നെയാണ്. ■



ഒരുവന്റെ ആവശ്യങ്ങൾക്കനുസൃതമായി പ്രതികരിക്കുന്ന യേശുവിന്റെ പ്രവർത്തനശൈലിയാണ് സഭയിൽനിന്നും ലോകം പ്രതീക്ഷിക്കുന്നത്. അത്തരം ഒരു ശൈലി സ്വീകരിക്കുകവഴി സഭ പ്രേഷിതയാകണം. ഫ്രാൻസിസ് മാർപാപ്പയുടെ വാക്കുകളെ ഉദ്ധരിച്ചുകൊണ്ട് സഭയുടെ പ്രേഷിത ധർമ്മത്തെക്കുറിച്ച് ലേഖകൻ സംസാരിക്കുന്നു

# സഭ പ്രേഷിതയാകണം

● ഡോ. ജെ. നാലുപറയിൽ എംസിബിഎസ്

ഫ്രാൻസിസ് പാപ്പയെ കാണാനെത്തിയ ഒരു ചെറിയ സംഘം. അതിലൊരാൾ പാപ്പായോടു ചോദിച്ചു: "സുവിശേഷവൽക്കരണത്തിനുള്ള പ്രാഥമിക മാർഗം എന്താണ്?"

പാപ്പ പറഞ്ഞു, "മൂന്നുവാക്കുകളാണ് എന്റെ മനസ്സിലേക്ക് വരുന്നത്. ക്രിസ്തുവിനെ കൊടുക്കാനും സുവിശേഷം കൈമാറാനുമുള്ള ഉറപ്പായ മാർഗം ഈ മൂന്നു കാര്യങ്ങളാണ്."

ഒന്നു നിർത്തിയിട്ട് അദ്ദേഹം തുടർന്നു: "ഒന്നാമത്തെ പദം ക്രിസ്തു. ക്രിസ്തുവായിരിക്കണം നമ്മുടെ ജീവിതത്തിന്റെ കേന്ദ്രം." അത് പറഞ്ഞിട്ട് അദ്ദേഹം അവരോട് ക്രിസ്തുവിനാണ് ജയ് വിളിക്കേണ്ടതെന്ന് നിർദ്ദേശിച്ചു. വന്നപ്പോൾ മുതൽ അവർ മാർപാപ്പയ്ക്കും ഫ്രാൻസീസിനും ജയ്‌വിളിക്കുകയായിരുന്നു. മാർപാപ്പയും ഫ്രാൻസീസുമൊന്നുമല്ല പ്രധാനം, ക്രിസ്തുവാണ് ഏറ്റവും പ്രധാനപ്പെട്ടതെന്ന് അദ്ദേഹം വിശദീകരിച്ചു. എന്നിട്ട് അദ്ദേഹം അവരെക്കൊണ്ട് ക്രിസ്തുവിന് ജയ് വിളിപ്പിച്ചു.

അതിനുശേഷം അദ്ദേഹം തുടർന്നു: 'സുവിശേഷവൽക്കരണത്തിനുള്ള രണ്ടാമത്തെ കാര്യം പ്രാർത്ഥനയാണ്" അതിനുശേഷം യഥാർത്ഥ പ്രാർത്ഥന എന്താണെന്ന്

അദ്ദേഹം ലളിതമായി വിശദീകരിച്ചു.

"സുവിശേഷവൽക്കരണത്തിനുള്ള മൂന്നാമത്തെ പദം ജീവിതസാക്ഷ്യമാണെന്ന് പാപ്പ പറഞ്ഞു. അതായത് നമ്മുടെ ജീവിതം കാണുന്നവർക്ക് പെട്ടെന്ന് സുവിശേഷത്തിലെ ക്രിസ്തുവിനെ ഓർമ്മ വരണം. അതിന് ഉതകുന്നതായിരിക്കണം നമ്മുടെ പ്രവൃത്തികളും സംസാരവും.

ആഞ്ചലയ്ക്ക് 20 വയസ് പ്രായം. ഇറ്റലിക്കാരി. കത്തോലിക്കയായിരുന്നെങ്കിലും പള്ളിയിൽ പോകാറില്ലായിരുന്നു. അങ്ങനെയിരിക്കെയാണ് വത്തിക്കാനിലെത്തിയത്. അതും മാർപാപ്പയുടെ തെരഞ്ഞെടുപ്പ് ദിവസം. അതിനാൽ സെന്റ് പീറ്റേഴ്സുവരെ പോകാമെന്നുവച്ചു. ആദ്യദർശനത്തിൽ തന്നെ ഫ്രാൻസിസ് പാപ്പായെ അവൾക്ക് ഇഷ്ടപ്പെട്ടു - അദ്ദേഹം തലകുനിച്ചതും ആശീർവാദം



ചോദിച്ചതുമൊക്കെ. അവളുടെ മനസ്സുപറഞ്ഞു: "ഇദ്ദേഹം കൊള്ളാമല്ലോ!"

പിന്നീട് പാപ്പയുടെ സ്ഥാനാരോഹണം ടിവിയിലൂടെ അവൾ കണ്ടു. ഫ്രാൻസിസ് തുറന്ന മൊബൈലിൽ സഞ്ചരിക്കുന്നതും, ഇടയ്ക്ക് വണ്ടി നിർത്തി ഇറങ്ങുന്നതും, തളർവാതക്കാരനെ ആശ്ലേഷിച്ച് ചുംബിക്കുന്നതുമൊക്കെ.

പിറ്റേദിവസം തന്നെ അവളൊരു ബൈബിൾ വാങ്ങി; സുവിശേഷം വായിക്കാൻ തുടങ്ങി. പിറ്റേ ആഴ്ച വിശുദ്ധ അന്നയുടെ പള്ളിയിൽവച്ചുള്ള പാപ്പയുടെ കുർബാനയ്ക്ക് ആഞ്ചല ഉണ്ടായിരുന്നു.

അവൾ പറഞ്ഞു: "ഇദ്ദേഹത്തിന്റെ വാക്കും പ്രവൃത്തിയും സുവിശേഷത്തിൽ ഞാൻ വായിച്ചതുമായി ഒത്തുപോകുന്നു." ഒന്നു നിർത്തിയിട്ട് അവൾ തുടർന്നു: "ഇനി മുതൽ പള്ളിയിൽ പോയിത്തുടങ്ങുമെന്ന് ഞാൻ തീരുമാനിച്ചു." (ജെ.നാലുപറയിൽ ഫ്രാൻസീസ് പാപ്പ ജീവചരിത്രം)

ഫ്രാൻസിസ് പാപ്പയുടെ വാക്കും പ്രവൃത്തിയും കണ്ട് ക്രിസ്തുവിലേക്ക് അടുക്കുന്നവർ അനേകരാണ്. ക്രിസ്തുവിലേക്കുള്ള കൈചൂണ്ടിയായി മാറിയിരിക്കുകയാണ് ഫ്രാൻസിസ് പാപ്പ. ജീവിതസാക്ഷ്യമെന്നത് ഇതല്ലാതെ മറ്റെന്താണ്?

ആദിമ സഭാസമൂഹത്തിന്റെ ഒരു സവിശേഷത, അവർ എല്ലാ മനുഷ്യരുടെയും സംപ്രീതിക്ക് പാത്രമായിത്തീർന്നു എന്നതായിരുന്നു (അപ്പ. 2: 47). അതിനുള്ള കാരണം ആദിമ ക്രൈസ്തവരുടെ ജീവിതത്തിന്റെ പ്രത്യേകതകളായിരുന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം അവരുടെ പങ്കുവയ്ക്കൽ ആയിരുന്നു. സ്വന്തമായി ഉള്ളവയെല്ലാം അവർ എല്ലാവർക്കുമായി വീതിച്ചിരുന്ന (അപ്പ. 2: 44-45, 4: 32-34).

ക്രിസ്തുവിന്റെ സവിശേഷ സ്വഭാവവും പങ്കുവയ്ക്കൽ തന്നെയായിരുന്നു. സ്വന്തം സമയവും കഴിവുമെല്ലാം പങ്കുവച്ച ക്രിസ്തു അവസാനം സ്വന്തം ജീവൻ തന്നെയാണ് മറ്റുള്ളവർക്കായി പങ്കുവയ്ക്കുന്നത് (മർക്കോ 10:45, 14:24). അതിനാൽ ക്രിസ്തുവിന് സാക്ഷ്യം വഹിക്കുന്നവൻ പങ്കുവയ്പിന്റെയും ആസ്വാദനത്തിന്റെയും ജീവിതം നയിക്കുന്നവരായിരിക്കണം.

"പ്രിയ ഫ്രാൻസിസേ, എന്റെ പേര് നിക്കോളാസ്. എനിക്ക് 16 വയസ്സായി. എന്നാലും കത്തെഴുതാൻ എനിക്കാവില്ല. കാരണം എനിക്ക് നടക്കാനും സംസാരിക്കാനുമൊന്നും ശേഷിയില്ല."

പതിനാറുകാരൻ 76 കാരന് എഴുതുന്ന കത്തിന്റെ തുടക്കമാണിത്. നിക്കോളാസ് അർജന്റീനക്കാരനാണ്. തലച്ചോറിലെ തകരാറുകാരണം ചലനശേഷിയും വളർച്ചയും കുറവാണ്. അവൻ മാതാപിതാക്കളുടെ സഹായത്തോടെ ഫ്രാൻസീസ് പാപ്പായ്ക്ക് ഒരു കുറിപ്പിട്ടു. ഉടനെ അദ്ദേഹം മറുപടിയും കൊടുത്തു. അതിനുള്ള മറുപടി കത്താണ്. നിക്കോളാസ് ഇത്തവണ എഴുതുന്നത്.

"എന്റെ മമ്മിയാണ് എനിക്കുവേണ്ടി കത്തെഴുതുന്നത്. കാരണം ഞാൻ പറയാൻ ആഗ്രഹിക്കുന്നത് പെട്ടെന്ന് മനസ്സിലാകുന്നത് മമ്മിക്കാണ്. എനിക്ക് എട്ടുവയസ്സുള്ളപ്പോൾ പൗളോച്ചൻ എനിക്ക് ആദ്യകുർബാന തന്നു. ഇനി ഈ വർഷം സ്ഥൈര്യലേപനം തരും."

"എനിക്കൊരു കാവൽ മാലാഖയുണ്ട്. അവന്റെ പേര് എവുസേബിയോ എന്നാണ്. അവൻ ആളു മിടുക്കനാണ്. എന്റെ എല്ലാക്കാര്യങ്ങളും നോക്കി നടത്തുന്നത് അവനാണ്. അങ്ങ് എന്നോടു പ്രാർത്ഥിക്കണമെന്ന് പറഞ്ഞില്ലേ. അന്നുമുതൽ അങ്ങയുടെ കാര്യം ഞാൻ എവുസേബിയോയെ ഏൽപ്പിച്ചിരിക്കുകയാണ്.

ബുദ്ധിമാന്ദ്യം സംഭവിച്ച് ജീവിതം മുഴുവൻ തളർന്നുപോയ ബാലന് എന്താണ് കൊടുക്കാനുള്ളത്? ഒന്നും തന്നെ കണ്ടില്ല. എന്നിട്ടും അവൻ തന്റെ കാവൽ മാലാഖയെ പാപ്പാക്ക് കൊടുക്കുന്നു. കൊടുക്കുകയെന്നതാണ് ക്രിസ്തുവിന്റെ സ്വഭാവം. അതിനാൽ കൊടുക്കുകയാണ് ക്രിസ്തീയ ധർമം. ഓരോ ക്രൈസ്തവനിലും, ഓരോ വീട്ടിലും ഓരോ ഇടവകയിലും, രൂപതയിലും കൊടുക്കുന്ന സ്വഭാവം അഥവാ പങ്കുവയ്ക്കുന്ന രീതി വളർന്നുവരണം. അപ്പോഴാണ് നമ്മൾ ക്രിസ്തുവാഹകരാകുന്നത്. അപ്പോഴാണ് നമ്മുടെ സഭ പ്രേഷിതയാകുന്നത്.

ലേഖനം

# കത്തോലിക്കനും ഉത്ഥാനവെളിച്ചവും

ഡോ. ജോഷി മയ്യാറ്റിൽ



പന്ത്രണ്ടുപേരിൽ ഒരുവനായിരുന്നു ദിദിമോസ് - ഉത്ഥിതന്റെ പ്രഥമ പ്രത്യക്ഷം കാണാൻ യോഗമില്ലാതിരുന്നയാൾ... അപ്പസ്തോലസംഘത്തിൽനിന്ന് ദൂരെപ്പോയയാൾ... വലിയ ഇച്ഛാഭംഗത്തിന് ഇരയായവൻ... യേശു ഉയിർത്തെഴുന്നേറ്റെന്നു വിശ്വസിക്കാൻ തനിക്ക് ഉത്ഥിതന്റെ കൈകളിലെ ആണിപ്പാടുകൾ കാണണമെന്നും അവയിൽ തന്റെ വിരലിടണമെന്നും അവിടുത്തെ പാർശ്വത്തിൽ കൈ വയ്ക്കണമെന്നും ശാഠ്യംപിടിച്ചയാൾ... 'ഭാരതത്തിന്റെ അപ്പസ്തലൻ' എന്നറിയപ്പെടുന്ന തോമസ്തന്നെ കക്ഷി.

പക്ഷേ, പ്രാരംഭത്തിൽ ഈ അവസ്ഥ ദിദിമോസിന്റേതുമാത്രമായിരുന്നില്ല. അപ്പസ്തോലന്മാരുടെ പൊതുവായ ഒരു പ്രശ്നമായിരുന്നു ഉത്ഥിതനിൽ വിശ്വസിക്കാനുള്ള ബുദ്ധിമുട്ട്. യാതൊരു മറയുംകൂടാതെ അതു കുറിച്ചുവയ്ക്കാൻ സുവിശേഷകന്മാർ തയ്യാറാകുകയും ചെയ്തു. ഗുരുവിന്റെ പീഡാസഹനവും മരണവും ശവസംസ്കാരവും ശിഷ്യരിലുളവാക്കിയ കടുത്ത നഷ്ടബോധവും അരക്ഷിതത്വവും നിരാശയുമായിരുന്നു (മർക്കോ 16:10; ലൂക്കാ 24:17യ) ഉത്ഥിതനെ സംശയിക്കാൻ അപ്പസ്തോലന്മാർക്ക് ഇടയാക്കിയത് എന്ന വസ്തുത അവരുടെ പ്രാരംഭസംശയത്തെ (മത്താ 28:17; മർക്കോ

**അപ്പസ്തോലികസഭയുടെ ആദിപ്രഘോഷണം എന്തായിരുന്നു? രണ്ടായിരം വർഷങ്ങൾക്കുശേഷം ആ പ്രഘോഷണത്തിന്റെ അവസ്ഥയെന്താണ്? സഭയുടെ ഉത്ഥിതകേന്ദ്രീകൃതത്വം വിചിന്തനവിഷയമാക്കുന്ന പംക്തി ആരംഭിക്കുന്നു.**

16:11.13.14; ലൂക്കാ 24:11.25.37; യോഹ 20:25) അല്പമായെങ്കിലും ന്യായീകരിക്കാൻ പോന്നതാണ്. എന്നാൽ തങ്ങളുടെ പ്രാഥമിക സംശയത്തെ അവർ പൂർണമായും അതിജീവിച്ചെന്ന് അപ്പോസ്തലന്മാരുടെ തുടർന്നുള്ള നിലപാടുകൾ വ്യക്തമാക്കുന്നു. "എന്റെ കർത്താവേ, എന്റെ ദൈവമേ" (യോഹ 20:28) എന്ന തോമസിന്റെ ഉദീരണവും അപ്പോസ്തലന്മാരുടെ ആരാധനയും (മത്താ 28:17; ലൂക്കാ 24:52) ഉത്ഥിതനിലുള്ള അവരുടെ വിശ്വാസദാർഢ്യം വെളിവാക്കുന്നതാണ്.

## ഉത്ഥിതന്റെ പെടാപ്പാട്!

ലൂക്കാ 24:36-43 വായിക്കുന്ന



ആർക്കും ഉത്ഥിതനോടു സഹതാപം തോന്നും. അവിടുന്ന് സമാധാനം ആശംസിച്ചപ്പോൾ ശിഷ്യർ ഭയന്നു വിറച്ചത്രേ! ഉത്ഥിതനെ ഭൂതമായി മാത്രമേ അവർക്കു കാണാനായുള്ളൂ! അവരെ സാന്ത്വനപ്പെടുത്താനുള്ള ഉത്ഥിതന്റെ ശ്രമങ്ങൾ പാഴായതേയുള്ളൂ. ചോദ്യങ്ങൾ ചോദിച്ചിട്ടും ശരിയാകുന്നില്ലെന്നു കണ്ടപ്പോൾ അവിടന്ന് കൈകാലുകൾ നീട്ടി ബോധ്യപ്പെടുത്താൻ ശ്രമിക്കുന്നു. തന്നെ സ്പർശിച്ചുനോക്കാൻ അവരെ ക്ഷണിക്കുന്നു. ഭൂതവും താനും തമ്മിലുള്ള വ്യത്യാസം ബോധ്യപ്പെടുത്തിക്കൊടുക്കാൻ തത്രപ്പെടുന്നു! ഉത്ഥിതനിലുള്ള ശിഷ്യരുടെ അവിശ്വാസത്തിനു മുന്നിൽ ആദ്യമായി യേശുവിനെ നാം പ്രദർശനപരതയിൽ തത്പരനായി കാണുന്നു! മരുഭൂമിയിൽ വച്ചുണ്ടായ സർക്കസഭ്യാസപ്രലോഭനവും (ലൂക്കാ 4:9-11) കുരിശിൽ നിന്നിറങ്ങിവന്ന് കാഴ്ചക്കാരെ വിശ്വാസത്തിലേക്കു നയിക്കാൻ കുരിശിൽവച്ചു കേട്ട വെല്ലുവിളിയും (മർക്കോ 15:32) അതിസമർത്ഥമായി അതിജീവിച്ച ക്രിസ്തുവിന്, പക്ഷേ, ശിഷ്യരുടെ മുന്നിൽ തന്റെ ഉത്ഥിതാവസ്ഥയെ സമർത്ഥിക്കാൻ സ്വയം പ്രദർശനം നടത്തേണ്ടിവന്നു. ഒരു കഷണം വറുത്തമീൻ ചോദിച്ചുവാങ്ങി അവരുടെ മുന്നിൽവച്ച് ഭക്ഷിച്ചുകാണിക്കുന്ന ഉത്ഥിതനെ നോക്കി 'കഷ്ടം' എന്നല്ലാതെ നാം എന്തു പറയാൻ?!

അതെ, ഉത്ഥിതൻ പെടാപ്പാടുപെട്ടു, സ്വന്തം ശിഷ്യരെ തന്റെ ഉത്ഥിതാവസ്ഥയെക്കുറിച്ചു ബോധ്യപ്പെടുത്താൻ.

എമ്മാവൂസിലേക്കുള്ള വഴിയിലെ അനുഭവവും (ലൂക്കാ 24:13-33) വ്യത്യസ്തമായിരുന്നില്ല. 'സംസാരിക്കുകയും വാദിക്കുകയും' ചെയ്തുകൊണ്ടു പോവുകയായിരുന്ന രണ്ടുപേർക്ക് കൂടെക്കൂടിയവനെ തിരിച്ചറിയാൻ കഴിഞ്ഞില്ല. ആ 'മ്ലാനവദനർ' ഉത്ഥിതനെ 'അപരിചിതൻ' എന്നു വിളിക്കുന്നു. "ഇസ്രായേലിനെ മോചിപ്പിക്കാനുള്ളവൻ ഇവനാണ് എന്നു ഞങ്ങൾ പ്രതീക്ഷിച്ചിരുന്നു" എന്ന് അവർ പറയുന്നതോടെ അവരുടെ നിരാശയുടെ ആഴം വ്യക്തമാകുകയാണ്. ഉത്ഥിതനെക്കുറിച്ചുള്ള 'കിംവദന്തികൾ' അവർ കേട്ടിരുന്നെങ്കിലും "എന്നാൽ, അവനെ അവർ കണ്ടില്ല" എന്ന പ്രസ്താവനയിലൂടെ ഇക്കാര്യത്തിൽ തങ്ങൾക്കുള്ള നിലപാട് അവർ വ്യക്തമാക്കുന്നു. ഉത്ഥിതന്റെ രോഷം അണപൊട്ടിയൊഴുകുന്നതും നാം ഇവിടെ കാണുന്നു. "ഭോഷന്മാരേ, . . . ഹൃദയം മന്ദീഭവിച്ചവരേ" എന്നൊക്കെ ആ 'അപരിചിതൻ' വിളിക്കണമെങ്കിൽ ഉത്ഥിതന്റെ സങ്കടം എന്തുമാത്രമായിരുന്നെന്നു വായനക്കാർക്ക് ഊഹിക്കാവുന്നതല്ലേയുള്ളൂ!

## നാം ഇന്നിന്റെ ദിദിമോസുമാർ

'ഇരട്ട' എന്നർത്ഥമുള്ള 'താഓമാ' എന്ന അരമായ പേരിന്റെ ('ത്ഓമീം' - ഇരട്ടകൾ - എന്ന ഹീബ്രുപദം നാലുപ്രാവശ്യം ബൈബിളിൽ കാണാം: ഉത്പ 25:24; 38:27; ഉത്തമ 4:5; 7:4) ഗ്രീക്കുഭാഷ്യത്തോടൊപ്പം (തോമസ്) ദിദിമോസ് എന്ന ഗ്രീക്കുപേരും ചേർത്തുവച്ചത് പദപ്രയോഗത്തിൽ കഴുകക്കണ്ണുള്ള യോഹന്നാൻ സുവിശേഷകൻ മാത്രമാണെന്നതു (11:16; 20:24; 21:2) ശ്രദ്ധിക്കണം. ആരുടെ ഇരട്ടയാണ് അയാൾ? യോഹന്നാൻ അതു ബോധപൂർവം പറയാതെ വിട്ടതാകുമോ? ഒന്നോർത്താൽ, ഉത്ഥിതനിൽ വിശ്വസിക്കാൻ ക്ഷിപ്രസാധ്യതയില്ലാത്ത ഏതു മനുഷ്യന്റെയും ഇരട്ടയല്ലേ തോമസ്? "നിന്റെ വിരൽ ഇവിടെ കൊണ്ടുവരിക; എന്റെ കൈകൾ കാണുക; നിന്റെ കൈ നീട്ടി എന്റെ പാർശ്വത്തിൽ വയ്ക്കുക. അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക" (യോഹ 20:27) എന്ന് ഉത്ഥിതനെക്കൊണ്ടു പറയിക്കാത്ത ആരാണ് നമ്മുടെയിടയിൽ ഉള്ളത്? കാലത്തിലും സ്ഥലത്തിലും ഒതുങ്ങിപ്പോയിരിക്കുന്ന മനുഷ്യജീവികൾക്ക് സ്ഥല-കാലാതിവർത്തിയായ ഉത്ഥിതനെയോ അവിടത്തെ ഉത്ഥാനത്തെയോ വേണ്ടവിധം ഗ്രഹിക്കാനോ അംഗീകരിക്കാനോ സ്വീകരിക്കാനോ കഴിയുന്നില്ല എന്നത് ദുഃഖകരമായ ഒരു സത്യമാണ്. ഒഴിഞ്ഞകല്ലറ, എന്തുകൊണ്ടോ, ഇനിയും നമ്മുടെ നിറകൺവെട്ടത്തിലെത്തിയിട്ടില്ല! മുദ്രവച്ച കല്ലറയാണ് ഒട്ടുമിക്ക മനക്കണ്ണുകളിലും.

## കേരളസഭയെന്ന ദിദിമോസ്!

ഉത്ഥാനമാണ് ക്രിസ്തുവിശ്വാസത്തിന്റെ കേന്ദ്രമെന്നും ക്രിസ്തുവിശ്വാ

സികൾ ഒരു ഉത്ഥാനജനതയാണെന്നുമൊക്കെ തത്ത്വത്തിൽ നാം വിശ്വസിക്കുമ്പോൾത്തന്നെയും പ്രയോഗത്തിൽ അത് അങ്ങനെതന്നെയാണോ പ്രതിഫലിക്കുന്നത് എന്ന ചോദ്യം പ്രസക്തമാണ്. കേരളസഭയിൽ ഉത്ഥാനത്തിലൂന്നിയ പ്രബോധനം വിശ്വാസപരിശീലനമേഖലകളിൽ നിലവിലുണ്ടോ? ഇവിടത്തെ ദൈവശാസ്ത്രവിചിന്തനങ്ങളിൽ ഉത്ഥാനചിന്തയുടെ സ്ഥാനമെവിടെയാണ്? ഉത്ഥിതസംബന്ധിയായ എത്ര പുസ്തകങ്ങൾ കാണാൻ കൈരളിക്ക് ഭാഗ്യമുണ്ടായിട്ടുണ്ട്? സഭാമക്കളുടെ മനസ്സിൽ സഭയിലെ ഏറ്റവും പ്രധാനപ്പെട്ട തിരുനാൾ ഏതാണ്? ഞായറാഴ്ചയാചരണത്തിന്റെ പൊരുൾ നമ്മുടെ ജനത്തിന് ഇനിയും ഗ്രഹിക്കാനായിട്ടുണ്ടോ? പരിശുദ്ധകുർബാനയിലെ ഉത്ഥിതസാന്നിദ്ധ്യത്തെക്കുറിച്ച് നാം ബോധമുള്ളവരാണോ? ഉത്ഥിതനെ കേന്ദ്രീകരിക്കുന്ന ഭക്താഭ്യാസങ്ങൾ നമുക്കുണ്ടോ? നോമ്പുകാലംമുഴുവൻ ഏറെ താൽപര്യത്തോടെ കുരിശിന്റെ വഴിയിലൂടെ (via cruci) സഞ്ചരിക്കുന്ന നമുക്ക് ഉത്ഥാനകാലത്ത് സഞ്ചരിക്കാൻ ഉത്ഥിതന്റെ വഴി (via lucis) സഭയുടെ പാരമ്പര്യത്തിലുണ്ട് എന്നറിയാമോ? ഇത്തരമൊരു ഭക്താഭ്യാസം പ്രോത്സാഹിപ്പിക്കാൻ നാം അമാന്തിച്ചുനില്ക്കുന്നതെന്തുകൊണ്ടാണ്? എന്തുകൊണ്ടാണ് നമ്മുടെ ദേവാലയങ്ങളിലും സ്ഥാപനങ്ങളിലും ഉത്ഥിതന്റ രൂപം വിരളമായിരിക്കുന്നത്? ക്രൈസ്തവഭക്തിഗാനമേഖലയിൽ സംഗീതആൽബങ്ങളുടെ പ്രളയം ഉള്ള ഇക്കാലത്തും ഉയിർപ്പ് കേന്ദ്രപ്രമേയമാക്കുന്ന ഗീതങ്ങൾ എത്രയുണ്ട് നമുക്ക്? ദേവാലയങ്ങളിലും ധ്യാനകേന്ദ്രങ്ങളിലും കൺവെൻഷൻഹാളുകളിലും ഉത്ഥിതൻ വേണ്ടത്ര പ്രഘോഷിക്കപ്പെടുന്നുണ്ടോ? ഈസ്റ്ററിനും ശവസംസ്കാരശുശ്രൂഷകൾക്കുംപുറമേ ഉത്ഥിതനായ കർത്താവിനെ ആരു പരാമർശിക്കുന്നു?

ക്രൈസ്തവമതം ഈസ്റ്റർമതമാണെന്ന് ഏവരും പറയുമെങ്കിലും അത് ക്രൈസ്തവരുടെ പ്രബോധനങ്ങളിലും മതബോധനത്തിലും ആചാരാനുഷ്ഠാനങ്ങളിലും ഭക്താഭ്യാസങ്ങളിലും കലാ-സംസ്കാരിക-സാഹിത്യ വ്യാപാരങ്ങളിലും വേണ്ടത്ര പ്രകടമാകുന്നില്ലെങ്കിൽ വെറും വാചകമടി മാത്രമായേ അത് അവശേഷിക്കൂ. ■

**കവിത**

ജാസിനോ

# കവിതയും ദൈവവും പിന്നെ...

ഒറ്റയ്ക്കിരിക്കുമ്പോൾ
ഓർക്കാൻ നിന്റെ
മുഖമുണ്ടെനിക്ക്
കാറ്റായ് കുളിരായ്
തെന്നലായ്
തഴുകി കടന്നുപോകാറുണ്ട് നീ....

കവിതയായ് എന്നിൽ
നിറയാറുണ്ട് നീ....
ഒരു സ്വപ്നമായ്
പുൽകാറുണ്ട് നീ

നൃത്തമായ് സംഗീതമായ്
മാറാറുണ്ട് നീ
എന്റെ ഉറക്കം കെടുത്താറുണ്ട് നീ

എന്നിട്ടും ദൈവമേ
അതുനീ തന്നെയോ...?
സംശയം ബാക്കിയാക്കി
നീ എവിടെയോ
മറഞ്ഞു...

മനസ്സിലെ മോഹം
ചിറകടിച്ചുയരും
പാടുന്നപക്ഷി
അരികത്തണയും
പാതിരാപ്പൂവിൻ നറുമണം നിറയും
വേനലും ശിശിരവും
വഴിമാറി നിൽക്കും
വസന്തത്തെ വാഴ്ത്താൻ
കുളിരേകും രാവിൽ
പനിനീരിൽ ചേലിൽ
ആടിത്തിമിർക്കാൻ
വരുന്നുണ്ടൊരാനന്ദം
പൊന്നുണ്ണിനാഥൻ
പിറന്നിടും നേരം.



# അധ്യാപനത്തിന്റെ സാമൂഹ്യപാഠം



സുജാ റാണി എസ്.കെ.
അദ്ധ്യാപിക, ഗവ. എൽപിഎസ് കാഞ്ഞിരംകുളം

*'പുറം കണ്ണു തുറപ്പിച്ചു*
*പുലർവേളയിലംശുമാൻ*
*അകം കണ്ണുതുറപ്പിക്കാൻ*
*ആശാൻ ബാല്യത്തിലെത്തണം'*

എന്ന മഹാകവി ഉള്ളൂരിന്റെ വരികൾ അധ്യാപകന്റെ സമൂഹത്തിലെ സ്ഥാനമെന്താണെന്ന് നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. അമ്മയുടെ ഗർഭത്തിൽ വച്ചുതന്നെ ഒരു വ്യക്തിയുടെ വളർച്ച തുടങ്ങുന്നു. ഭൂമിയിൽ പിറന്നുവീഴുമ്പോൾ മുതൽ അനൗപചാരിക വിദ്യാഭ്യാസം ആരംഭിക്കുന്നു. കുട്ടികളുടെ വ്യക്തിത്വം രൂപവത്ക്കരിക്കുന്നത് കുഞ്ഞുപ്രായത്തിലാണ്. സമൂഹത്തിന്റെ ഭാഗമായ കുട്ടികളിൽ സ്വഭാവരൂപീകരണം നടത്തി ഉത്തമപൗരന്മാരാക്കി വളർത്തിയെടുക്കേണ്ട ചുമതല ആദ്യവിദ്യാലയമായ ഭവനത്തോടൊപ്പം അധ്യാപകരിലും നിക്ഷിപ്തമായിരിക്കുന്നു. അതിനാൽ അധ്യാപകൻ സമൂഹത്തിൽ നിശ്ചിത ഗുണവിശേഷങ്ങളുള്ള ഭാവി സമൂഹത്തെ നിർമ്മിക്കുന്ന, വ്യക്തിയെ പൂർണ്ണതയിലേക്ക് നയിക്കുന്ന അവനേയും അവന്റെ സമൂഹത്തെയും ഏറ്റവും ഉയർന്ന തലത്തിലെത്തിക്കുന്ന ഉത്തമ സാമൂഹിക പരിഷ്ക്കർത്താവാണ്.

'ചെറുപ്പകാലങ്ങളിലുള്ള ശീലം
മറക്കുമോ മാനുഷനുള്ള കാലം'
'ചൊട്ടയിലെ ശീലം ചുടല വരെ'

മത്സരാധിഷ്ഠിതമായി മാറിക്കൊണ്ടിരിക്കുന്ന സമൂഹത്തിൽ സ്വാർത്ഥത തഴച്ചുവളരുന്ന ഇക്കാലത്ത് സത്യസന്ധത, ആത്മാർത്ഥത, അച്ചടക്കം, കൃത്യനിഷ്ഠ, സ്നേഹം, പ്രതിബദ്ധത, വ്യക്തിശുചിത്വം, പരിസര ശുചിത്വം തുടങ്ങിയ മൂല്യാധിഷ്ഠിതമായ വിദ്യാഭ്യാസം സമൂഹത്തിലേക്ക് സാമൂഹ്യപാഠങ്ങളായി പകർന്നു നൽകാൻ അധ്യാപകനെപ്പോലെ അതായത് താരുംതളിരും അണിഞ്ഞു നിൽക്കുന്ന പൂമരച്ചുവട്ടിൽ വന്നിരിക്കുമ്പോഴുള്ള നിറവും മണവും കുളിരും പോലെ, വിദ്യാർത്ഥികൾക്ക് അനുഭവവേദ്യമാക്കി നല്കാൻ മറ്റാർക്കാണ് കഴിയുക?

പഴയതലമുറയിൽ സ്വഭാവശുദ്ധീകരണത്തിന്റെ ഉത്തരവാദിത്തം അധ്യാപകരിലായിരുന്നു. ഉത്തമപൗരന്മാരായ ഒരു തലമുറയ്ക്ക് പ്രചോദനം നൽകുന്നവിധം അധ്യാപകർ സമൂഹത്തിൽ ശ്രേഷ്ഠരായിരുന്നു. സമൂഹത്തിന്റെ സാമൂഹ്യ വ്യവസ്ഥിതിയിൽ മൂല്യാധിഷ്ഠിതവും ധാർമ്മികവുമായ ഒരു ജീവിതത്തിനു വേണ്ട അടിസ്ഥാനം നൽകുന്നതിന് അധ്യാപകർ സ്വജീവിതത്തിലൂടെ മാതൃക കാണിച്ചിരുന്നു. ജീവിതം തന്നെ മഹത്തായ സന്ദേശമാക്കിയ അന്നത്തെ അധ്യാപകർ, അധ്യാപനത്തിനുമപ്പുറം നന്മയുടെ വഴികൾ വിദ്യാർത്ഥികൾക്ക് തുറന്നു കൊടുത്ത് സാമൂഹിക നന്മയുടെ കെടാവിളക്ക് അണയാതെ സൂക്ഷിച്ചവരായിരുന്നു. ചരിത്രം കണ്ട ഏറ്റവും നല്ല അധ്യാപകൻ ക്രിസ്തു തന്നെയായിരുന്നു എന്ന വസ്തുത ഏവരും സമ്മതിക്കുന്നു. എന്റെ ജീവിതമാണ് എന്റെ സന്ദേശം എന്ന ഗാന്ധിവചനം

പോലെ നിങ്ങൾ എന്നിൽ നിന്നു പഠിക്കുവിൻ എന്ന് അധ്യാപക സംസ്കാരത്തിന്റെ തിളങ്ങുന്ന മുഖവുമായി മഹാധ്യാപക പീഠത്തിൽ വിളങ്ങാൻ ഉത്തമാധ്യാപകനായ ക്രിസ്തുവിനു കഴിഞ്ഞു. അന്യാപദേശകഥാരൂപേണ മൂല്യങ്ങൾ മനുഷ്യരുമായി പങ്കുവച്ച് സമൂഹത്തിന്റെ എല്ലാ തലത്തിലും പരിലസിക്കാൻ കഴിഞ്ഞതോടൊപ്പം തന്റെ മാസ്മരികതയിലൂടെ ശിഷ്യരുടെ മനസിലെന്നല്ല ലോകത്തിന്റെ തന്നെ പൂജാവിഗ്രഹമായി മാറി. ഈയർത്ഥത്തിൽ അധ്യാപകൻ സാമൂഹിക പരിഷ്കർത്താവാണെന്ന പ്രസ്താവം അക്ഷരാർത്ഥത്തിൽ ശരിതന്നെയാണ്. താനുൾപ്പെടുന്ന സമൂഹത്തിന്റെ സൃഷ്ടിയിലും പുരോഗതിയിലും ഒരു അധ്യാപകന് മികച്ച സ്ഥാനമാണുള്ളത്. സമൂഹത്തിന്റെ ഭാഗമായ വ്യക്തികളുടെ പെരുമാറ്റത്തിലും സ്വഭാവരൂപീകരണത്തിലും അധ്യാപകന്റെ പങ്ക് വളരെ വലുതാണെന്നതിൽ ആർക്കും സംശയമില്ല.

സമൂഹത്തിൽ എന്നും മാന്യമായ സ്ഥാനം ലഭിക്കുന്നവരാണ് അധ്യാപകർ. കേവലം അധ്യയനം എന്ന തൊഴിലിൽ മാത്രമായി ഒതുങ്ങുന്നവരല്ല. കുട്ടികളുടെ സ്വഭാവ രൂപീകണ കാലത്ത് അവരുടെ മാതൃകയായി മാറുന്ന പ്രൈമറി അധ്യാപകരുടെ സേവനങ്ങൾ എത്ര മഹത്തരമാണ്. അക്കാലത്ത് അധ്യാപകന് എന്തെങ്കിലും ദുർവാസനയോ, അസാന്മാർഗിക പ്രവർത്തനമോ ഉണ്ടെങ്കിൽ അത് ബാലമനസ്സുകളിൽ ഒരു കറയായി ആയുഷ്കാലം അവശേഷിക്കും.

'ആശാനക്ഷരമൊന്നു പിഴച്ചാൽ
അമ്പത്തൊന്നു പിഴയ്ക്കും ശിഷ്യന്'

എന്ന് കുഞ്ചൻ നമ്പ്യാർ പാടിയത് വെറുതെയാകുന്നില്ല.

ഒരു കാലത്തെ അധ്യാപകരുടെ ദുരിതം പ്രതിപാദിക്കുന്ന, കാരൂരിന്റെ പൊതിച്ചോറ്, കാൽചക്രം തുടങ്ങിയ കഥകളിലെപ്പോലെ ശിഷ്യരുടെ വിത്തമപഹരിക്കുന്നവനല്ല സമൂഹത്തിലെ അധ്യാപകൻ, മറിച്ച് ഹൃത്താപഹാരനായിരിക്കണം സമൂഹത്തിലെ അധ്യാപകൻ. അതെങ്ങനെ സാധിക്കും?

'ഗ്രഹണം ധാരണം
ചൈവ-സ്മരണം
പ്രതിപാദനം'

അതായത് പഠന മനനങ്ങളിലൂടെ താൻ ഗ്രഹിക്കുന്ന കാര്യങ്ങളെക്കുറിച്ച് വ്യക്തമായ ധാരണ അധ്യാപകനുണ്ടായിരിക്കണം. അതോടൊപ്പം പഠിച്ച കാര്യങ്ങൾ ഓർത്തെടുത്തിട്ടായിരിക്കണം അത് ശിഷ്യന്മാർക്കു മുന്നിൽ വിളമ്പേണ്ടത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ സമൂഹത്തിലെ അധ്യാപകന്, ആ സമൂഹത്തിന്റെ സ്പന്ദനം അറിയുന്ന ഒരു വിദ്യാർത്ഥിയുടെ മനസ്സുണ്ടായിരിക്കണം. അദ്ദേഹം സമൂഹത്തിലെ കാര്യങ്ങൾ, നാടിന്റെ സംസ്കാരം എന്നിവ ശ്രദ്ധയോടെ പഠിക്കുകയും അദ്ദേഹം പഠിച്ച കാര്യങ്ങൾ നന്നായി വ്യക്തിജീവിതത്തിൽ ഉറപ്പിക്കുകയും പിന്നെ മറ്റുള്ളവർക്കായി പ്രയോജനപ്പെടുത്തുകയും ചെയ്യേണ്ടതാണ് (അധീതി ബോധാചരണ പ്രചാരണം).

'ബ്രഹ്മാനന്ദം - പരമ സുഖദം
കേവലം ജ്ഞാനമൂർത്താ
ഭാവാതീതം - ത്രിഗുണ രഹിതം
സദ്ഗുരുത്വം നമാമി'

ബ്രഹ്മാനന്ദവും പരമസുഖദവും കേവലമായ ജ്ഞാനത്തിന്റെ മൂർത്തരൂപവുമാണ് ഗുരു. അവർ ഭാവങ്ങൾക്ക് അതീതരും സത്യ, രജസ്, തമസ് എന്നീ മൂന്നു ഗുണങ്ങൾ ഇല്ലാത്തവരുമായിരിക്കും.

ഇന്നത്തെ സമൂഹത്തിൽ അധ്യാപകരായ നാം ഗുരുക്കന്മാരാണെന്ന നിലയിലേക്ക് മാതൃകാധ്യാപകരായി വളരണമെന്നുണ്ടെങ്കിൽ ചില പ്രത്യേക ശീലങ്ങളും, ചിട്ടകളും പാലിച്ചേ മതിയാവൂ. കൃത്യനിഷ്ഠ, വിനയം, ആർ



ആദ്യകാല സമൂഹത്തിൽ ഇന്നത്തെ അധ്യാപകരിൽ നിന്ന് ഒരുപടി ഉയർന്നവരാണ് ഗുരുക്കന്മാർ. അവരെ ആ സ്ഥാനത്തേക്ക് ഉയർത്തുന്നത്,

'അജ്ഞാന തിമിരാന്ധസ്യ
ജ്ഞാനാഞ്ജന ശലാകയാ
പക്ഷുരുന്മീലിതാ യേന
തസ്മൈ ശ്രീ ഗുരുവേ നമഃ'

എന്ന പ്രമാണമാണ്. അന്നത്തെ സമൂഹത്തിലെ അത്തരം ഉത്തമ അധ്യാപകർക്ക് ചില പ്രത്യേക ലക്ഷണങ്ങളുണ്ട്.

ജ്ജിതബഹുമാനം, ലാളിത്യം, മാന്യമായ പെരുമാറ്റം എന്നിവയാണ് ഇന്നത്തെ സമൂഹത്തിൽ സാമൂഹ്യപാഠങ്ങളായി അധ്യാപക ലക്ഷണങ്ങളായി മഹാഗുരുവായ പ്രൊഫ. എസ്. ഗുപ്തൻ നായർ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. 'ഗു' എന്നാൽ ഇരുട്ട് ആണെന്നും 'രു' എന്നാൽ അതിനെ അകറ്റുന്നത് എന്നും അർത്ഥം. ബൃഹദാരണ്യകോപനിഷത്തിലെ 'തമസോമാ ജ്യോതിർഗമയാ' എന്ന വാക്യത്തിന്റെ അർത്ഥം ഇരുൾ മാറി വെളിച്ചം വരട്ടെ എന്നാ



**സമൂഹത്തിൽ എന്നും മാന്യമായ സ്ഥാനം ലഭിക്കുന്നവരാണ്. അധ്യാപകർ കേവലം അധ്യയനം എന്ന തൊഴിലിൽ മാത്രമായി ഒതുങ്ങുന്നവരല്ല. കുട്ടികളുടെ സ്വഭാവ രൂപീകണ കാലത്ത് അവരുടെ മാതൃകയായി മാറുന്ന പ്രൈമറി അധ്യാപകരുടെ സേവനങ്ങൾ എത്ര മഹത്തരമാണ്.**

ണ്. 'ഗുരു എന്ന നിലയിൽ നിന്ന് ഒരു പടി കൂടി ഉയർന്നവരാണ് ആചാര്യന്മാർ. അത്തരം അധ്യാപകർ വളരെ ചുരുക്കമാണ്. സമൂഹത്തിൽ സ്വയം ആചരിക്കുവാനും മറ്റുള്ളവരെക്കൊണ്ട് ആചരിപ്പിക്കുന്നവരുമാണ് ആചാര്യന്മാർ. അവരെക്കുറിച്ചാണ്,

'ഒന്നൊഴിയാതെ
ഗുണങ്ങൾനരന്മാർക്ക്
ഒന്നുചേരുന്നു
ഗുരുപ്രസാദത്തിനാൽ'

എന്ന് അദ്ധ്യാത്മരാമായണം കിളിപ്പാട്ടിൽ സൂചിപ്പിച്ചിട്ടുള്ളത്. അതായത് സമൂഹസൃഷ്ടി തന്റെ സാമൂഹ്യ ധർമ്മത്തിലൂടെ നടത്തുന്ന അത്തരം അധ്യാപകർ ഓരോ യുഗത്തിന്റെയും സാമൂഹ്യസ്രഷ്ടാക്കളായി തീരുന്നു. കാലത്തെയും ചരിത്രത്തെയും തങ്ങളുടെ പിന്നാലെ നടത്തിയ അവർ ആജ്ഞാനുവർത്തികളോ പ്രതിഫലേച്ഛുക്കളോ ആയിട്ടല്ല പ്രവർത്തിച്ചിട്ടുള്ളത്.

ശ്രേഷ്ഠമായ വിദ്യാഭ്യാസ പാരമ്പര്യമുള്ള ആർഷഭാരത സമൂഹത്തിൽ പൗരാണിക കാലത്ത് സംവാദ രൂപത്തിലായിരുന്നു ഗുരുകുല വിദ്യാഭ്യാസം നടത്തിയിരുന്നത്. അന്നത്തെ ഗുരുക്കന്മാരുടെ സാമൂഹ്യധർമ്മം എന്തെന്നാൽ വിദ്യാഭ്യാസത്തോടൊപ്പം നാട്ടിലെ ക്ഷേമപ്രവർത്തനങ്ങളും ഗുരുശിഷ്യന്മാർ നടത്തിയിരുന്നതായി പല ഉദാഹരണങ്ങളുമുണ്ട്. ദേവഗുരുവായ 'ബ്രഹസ്പതിക്കും' അസുരഗുരുവായ ശുക്രാചാര്യർക്കും' എത്ര മഹോന്നതസ്ഥാനമാണുള്ളതെന്ന് നമുക്കറിയാമല്ലോ. മഹാവിഷ്ണുവിന്റെ രാമാവതാര കാലത്ത് വസിഷ്ഠനും കൃഷ്ണാവതാര കാലത്ത് ഗർഗൻ, സാന്ദീപനി എന്നീ ഗുരുക്കന്മാർ അന്നത്തെ സമൂഹത്തിന് നല്കിയിരുന്ന സാമൂഹ്യ മൂല്യങ്ങളെക്കുറിച്ച് പ്രത്യേകം പ്രതിപാദിക്കേണ്ട കാര്യമില്ല.

മൗര്യ സാമ്രാജ്യത്തിലെ പ്രമുഖ ഭരണാധികാരിയായ ചന്ദ്രഗുപ്ത മൗര്യൻ പ്രവർത്തിച്ചിരുന്നത് തന്റെ ആചാര്യനും അധ്യാപകനുമായിരുന്ന കൗടില്യൻ എന്ന ചാണക്യന്റെ ഉപദേശങ്ങളനുസരിച്ചാണ് ആ സമൂഹത്തിലെ അധ്യാപകന്റെ ആചാര്യന്റെ 'സാമൂഹ്യപരിഷ്കരണ' തത്ത്വങ്ങളിലൂടെ ചന്ദ്രഗുപ്തമൗര്യൻ എന്ന ചക്രവർത്തി അനശ്വരനായി. ആധുനിക കാലത്ത് റാംജി സക്പാലിന്റെ മകൻ ഭീം അംബവാഡേക്കറെ മഹാനാക്കി വളർത്തിയതിൽ അംബേദ്ക്കർ എന്ന മഹാനായ അദ്ധ്യാപകനുള്ള പങ്കെന്താണെന്ന് നമുക്കെല്ലാവർക്കും അറിയാം. ഭാരതത്തിന്റെ അഭിമാനഭാജനമായ ഗണിത ശാസ്ത്രജ്ഞൻ രാമാനുജന്റെ ജീവിതത്തിനു വഴിത്തിരിവുണ്ടാക്കിയ അദ്ധ്യാപകനാണ് ഹാർഡി.

അധ്യാപനത്തിന്റെ സാമൂഹ്യപാഠങ്ങൾ വിദേശീയരുടെ കാര്യത്തിലാണെങ്കിൽ എങ്ങനെയെന്നു നമുക്കു നോക്കാം. ഗ്രീസിൽ, സോക്രട്ടീസ്, പ്ലേറ്റോ, അരിസ്റ്റോട്ടിൽ എന്നീ ആചാര്യന്മാർ സമൂഹത്തിന് നൽകിയ സംഭാവനകളാണ് ആധുനിക ശാസ്ത്രശാഖകൾ. ഒരു ഡസനിൽപരം വിജ്ഞാന വിഭാഗങ്ങൾ കണ്ടെത്തിയ അരിസ്റ്റോട്ടിലിന്റെ ശിഷ്യനാണ് ലോകം മുഴുവൻ അടക്കി വാഴാനാഗ്രഹിച്ച് ഇന്ത്യയിലുമെത്തിയ അലക്സാണ്ടർ ദ ഗ്രേറ്റ് എന്ന മാസിഡോണിയൻ രാജാവ്.

അധ്യാപനത്തിൽ മാത്രമല്ല ഇന്ത്യൻ തത്വചിന്തയുടെ മുടിചൂടാമന്നനായി അറിയപ്പെട്ടിട്ടുള്ള ഡോ. സർ വേപ്പിള്ളി രാധാകൃഷ്ണൻ എന്ന മുൻ രാഷ്ട്രപതി മികച്ച അധ്യാപകൻ ആയിരുന്നുവെന്നതും അദ്ദേഹത്തിന്റെ ജന്മദിനമായ സെപ്റ്റംബർ 5 അധ്യാപകദിനമായി ആചരിക്കുന്നതും ചരിത്രത്തിന്റെ ഭാഗമായി അദ്ദേഹം നല്കിയ ഉത്തമ സാമൂഹിക പാഠങ്ങൾ കൊണ്ടുതന്നെയാണ്. നല്ല ഒരു അധ്യാപകനായി ശോഭിച്ച് കുട്ടികളെ ഉള്ളുതുറന്ന് സ്നേഹിച്ചിരുന്ന അദ്ദേഹം 'A teacher should always be a student' എന്ന ചൊല്ല് സമൂഹത്തിന് പാഠമായി നൽകുന്നതിന് ഉത്തമ നിദർശനമായിരുന്നു. വെറും പ്രസംഗംകൊണ്ട് കുട്ടികൾ പഠിക്കുകയില്ലെന്നും സമൂഹത്തിൽ കുട്ടികൾക്കു പഠിക്കാനുള്ള ചുറ്റുപാട് ഉണ്ടാക്കിക്കൊടുക്കുകയാണ് അധ്യാപകന്റെ സമൂഹധർമ്മമെന്നും അദ്ദേഹം വിശ്വസിച്ചു. ഏത് നല്ല ആശയവും ആരിൽനിന്നു വന്നാലും അദ്ദേഹമത് സന്തോഷത്തോടെ സ്വീകരിച്ചിരുന്നു. 24 മണിക്കൂറും വായിക്കുന്ന പ്രൊഫസർ എന്നാണ് 'സ്റ്റാലിൻ' അദ്ദേഹത്തെ വിശേഷിപ്പിച്ചത്.

പണ്ട് ഗുരുകുല വിദ്യാഭ്യാസ കാ

ലഘട്ടത്തിൽ അധ്യാപകനുണ്ടായിരുന്ന മഹനീയ സ്ഥാനമല്ല ഇന്നത്തെ സമൂഹം നൽകുന്നത്. ഇത് പുതിയ കാലം; പുതിയ സമൂഹം. ഇന്ന് ഗുരു-ശിഷ്യ ബന്ധത്തിന്റെ അർത്ഥതലങ്ങൾക്കു സമൂഹത്തിൽ സാരമായ മാറ്റം ഉണ്ടായിരിക്കുന്നു. ഇന്നത്തെ വിദ്യാലയങ്ങളിൽ ഗുരു ശിഷ്യന് ഒരു വഴികാട്ടിയും സുഹൃത്തും പഠന പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്ന മേൽനോട്ടക്കാരനുമായിരിക്കുന്നു. പണ്ടത്തേ സമൂഹത്തിൽ നടന്നിരുന്ന അറിവു കൈമാറ്റ പ്രക്രിയയല്ല മറിച്ച് അറിവു നിർമ്മാണ പ്രക്രിയയാണ് (Co-gnitive constructivism) നടക്കുന്നത്. ഇന്നത്തെ സമൂഹത്തിൽ സാമൂഹ്യജ്ഞാന നിർമ്മിതിയിലൂടെ കുട്ടിക്ക് സ്വയം അറിവ് ആർജ്ജിക്കാനുള്ള പന്ഥാവ് തുറന്നു കൊടുക്കുകയാണ് അധ്യാപകന്റെ സാമൂഹ്യ ധർമ്മം.

ഇന്നത്തെ പാഠ്യപദ്ധതിയിൽ സമഗ്രമാറ്റമാണ് ഉണ്ടായിരിക്കുന്നത്. പുതിയ പാഠ്യപദ്ധതി കുട്ടിയുടെ നൈസർഗ്ഗിക വാസനകളെ സമൂഹത്തിൽ വേണ്ടത്ര പരിപോഷിപ്പിക്കാൻ പോന്നതാണ് എന്നതു എടുത്തുപറയേണ്ട ഒരു വസ്തുതയാണ്. കുട്ടികൾക്ക് വേണ്ടത്ര സ്വാതന്ത്ര്യം അവ നല്കുന്നു. മനശാസ്ത്രപരമായി ഇന്നത്തെ സമൂഹത്തിലെ കുട്ടികൾക്ക് പ്രക്രിയാശേഷികളാണ് വരേണ്ടത്. പ്രക്രിയാശേഷികൾ നേടാനുള്ള Key Element മാത്രമാണ് ഉള്ളടക്കം (content). ഇന്നത്തെ സമൂഹത്തിലെ പുതിയ പാഠ്യപദ്ധതി വിഭാവനം ചെയ്യുന്നത് അന്വേഷണങ്ങളിലൂടെയും അപഗ്രഥന നിഗമനങ്ങളിലൂടെയുമുള്ള അറിവിന്റെ ഉല്പാദനമാണ്. പക്ഷേ ഇന്നത്തെ സമൂഹത്തിൽ ഇത് എത്രമാത്രം പ്രായോഗികമാക്കപ്പെടുന്നു എന്നത് വിലയിരുത്തപ്പെടേണ്ട സംഗതിയാണ്.

ഇന്നത്തെ സമൂഹത്തിലെ അധ്യാപകനോട് പുതിയ രീതി സർഗ്ഗാത്മകമായ ഇടപെടൽ ആവശ്യപ്പെടുന്നു. ഇന്നത്തെ അധ്യാപനത്തിന്റെ സാമൂഹ്യ പാഠങ്ങളിൽ കുട്ടിയെ നിരീക്ഷിക്കുക, ചെറിയ കുട്ടികളാണെങ്കിൽ മാതൃക കാണിച്ചുകൊടുക്കുക, കുട്ടി വളരുന്നതിനനുസരിച്ച് ഇടപെടൽ കുറയ്ക്കുക, സ്വാതന്ത്രാന്തരീക്ഷം ഒരുക്കിക്കൊടുക്കുക എന്നിവയാണ്. ടീച്ചർ സംസാരിക്കുകയല്ല നിശബ്ദത പാലിക്കാൻ പഠിക്കുകയാണ് വേണ്ടത്.

അധ്യാപനത്തിന്റെ സാമൂഹ്യ പാഠം ഒന്നവലോകനം ചെയ്താൽ ഗുരുകുലത്തിൽ നിന്നു തുടങ്ങിയ വിദ്യാഭ്യാസം ഹൈ-ടെക്ക് യുഗത്തിൽ സ്മാർട്ട് റൂമിൽ എത്തിനിൽക്കുകയാണ്. ഗുരുവിൽ നിന്നകന്ന് കമ്പ്യൂട്ടർ, ലാപ്ടോപ്പ്, ഐപാഡ് തുടങ്ങിയ ശാസ്ത്ര സാങ്കേതിക ഉപകരണങ്ങളോട് ആത്മബന്ധം സ്ഥാപിച്ച് കഴിയുന്നവരാണ് ഇന്നത്തെ കുട്ടികൾ. ഗുരുകുല സമൂഹത്തിൽ അന്ന് ഗുരുഗൃഹത്തിൽ ചെന്ന് വിദ്യ അഭ്യസിച്ചിരുന്നവർ ശ്രവണം, മനനം എന്നീ പടവുകളിലൂടെ വളർന്നിരുന്നു. വിദ്യാഭ്യാസം പൂർത്തീകരിച്ചാൽ ഗുരുവിൽനിന്ന് ഉത്തമ സാമൂഹ്യപാഠങ്ങൾ സ്വായത്തമാക്കി ഗുരുവിന് ദക്ഷിണനൽകി വിടവാങ്ങുമായിരുന്നു. അവിടെ നിന്നും ആർജ്ജിച്ച അറിവും സ്വഭാവശുദ്ധിയും ഉത്തമ സാമൂഹ്യബന്ധവും മരണം വരെ അവർക്ക് കൂട്ടായിരുന്നു.

ഇന്നത്തെ സമൂഹത്തിൽ ആധുനിക കാഴ്ചപ്പാടുകളും സുഖസൗകര്യങ്ങളും സാമ്പത്തിക സ്ഥിതിയുടെ മെച്ചപ്പെടലും പുതിയ കാലസമൂഹത്തെ കുട്ടികളെ സമ്പന്ന വിദ്യാലയങ്ങളിലേക്ക് നയിച്ചു. ഒരു പുരുഷായുസ്സുകൊണ്ട് സമൂഹത്തിൽനിന്ന് നേടിയെടുക്കേണ്ട അറിവുകളെല്ലാം കേവലം ഒരു വിദ്യാലയ വർഷംകൊണ്ട് കുട്ടി നേടിയെടുക്കണമെന്ന അത്യാർത്തി രക്ഷിതാക്കളെയും ഒപ്പം ഇന്നത്തെ സമൂഹത്തിൽ അധ്യാപകനേയും ബാധിച്ചു. ഇവിടെ അവന്റെ അറിവ് ധാരാളം വർദ്ധിച്ചു. പകരം തിരിച്ചറിവ് ശോഷിച്ചു. ശരീര ചാലക വികാസം, വൈജ്ഞാനിക വികാസം, ഭാഷാ വികാസം, സാമൂഹിക-വൈകാരിക വികാസം, ക്രിയാത്മക-സർഗ്ഗാത്മക- ആസ്വാദകവികാസം എന്നീ വികസന മേഖലകളിലൂടെ കടത്തി ഇന്നത്തെ ഉത്തമ സാമൂഹ്യപാഠങ്ങൾ നല്കി നയിക്കേണ്ട വിദ്യാലയങ്ങൾ വിജ്ഞാനം കുത്തിനിറയ്ക്കുന്ന കേന്ദ്രങ്ങളാണ്. അങ്ങനെ സമൂഹത്തിൽ അധ്യാപകന്റെ സാമൂഹിക ധർമ്മം കാലത്തിനൊത്ത് കോലം മാറുകയും ചെയ്തു.

സമൂഹം അധ്യാപകന്റെ സാമൂഹ്യ ധർമ്മമായി ആവശ്യപ്പെടുന്ന മൂല്യങ്ങൾ ചീറ്റിംഗില്ലാതെ പകരം ടീച്ചിങ്ങായി മാറണമെങ്കിൽ അറിവും മൂല്യബോധവും സംസ്കാരവുമുള്ള ജനത സമൂഹത്തിൽ തന്റേതായ തനതായ മുദ്രകൾ പതിപ്പിക്കണം. ഇത് ഏത് കാലഘട്ടത്തിലെയും അധ്യാപകനെ സർവ്വാദരണീയനാക്കുന്നു. കുട്ടികൾക്ക് നന്മയുടെ സാമൂഹ്യപാഠങ്ങൾ പകർന്നുനല്കി പൂമരങ്ങളായി തഴച്ചു വളരാൻ അധ്യാപകർക്കു കഴിയണം. ഇതാണ് ഇന്നിന്റെ അധ്യാപന ത്തിന്റെ സാമൂഹ്യപാഠം. ■

*(ദേശീയ അദ്ധ്യാപകദിന(സെപ്തം.5)ത്തോടനുബന്ധിച്ച് ജീവനും വെളിച്ചവും അദ്ധ്യാപകർക്കായി നടത്തിയ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ ലേഖനം)*



ലേഖനം



# പറിച്ചെറിയുമോ അവരെ ?

പുതിയ മറൈൻ & കോസ്റ്റൽ റഗുലേഷൻ സോൺ (എംസിആർഇസഡ്) തീര നിയന്ത്രണ വിജ്ഞാന കരടിന്റെ ഉദ്ദേശ ലക്ഷ്യങ്ങളെ ആശങ്കയോടെവേണം സമീപിക്കേണ്ടതെന്ന് അർത്ഥശങ്കയ്ക്കിടയില്ലാതെ സമർത്ഥിക്കുകയാണ് ലേഖകൻ

● അഡ്വ. ഷെറി ജെ.തോമസ്

തീരനിയന്ത്രണവിജ്ഞാപനത്തിൽ തദ്ദേശവാസികളുടെ ഭവനനിർമ്മാണത്തിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് സംസ്ഥാനസർക്കാരുകൾ കക്ഷിരാഷ്ട്രീയഭേദമന്യേ നൽകിയിട്ടുള്ള നിവേദനങ്ങളും, ശുപാർശകളും, വളരെ ചെറിയ രീതിയിൽ മാത്രമാണ് പുതിയ മറൈൻ & കോസ്റ്റൽ റെഗുലേഷൻ സോൺ (എം.സി.ആർ ഇസഡ്.) തീരനിയന്ത്രണവിജ്ഞാപനക്കരടിനെ സ്വാധീനിച്ചിട്ടുള്ളത് എന്നു വേണം പറയാൻ. ഭവനനിർമ്മാണത്തിനുള്ള കാര്യങ്ങൾ ലഘൂകരിക്കപ്പെട്ടതോടൊപ്പം ടൂറിസത്തിന്റെ പേരിൽ വൻകിട കൈയ്യേറ്റങ്ങൾ കൂടി ഒപ്പം വരുമോ എന്നുള്ളതും ആശങ്ക നിലനിൽക്കുന്നു. 2017 മാർച്ച് മാസം ഗസറ്റിൽ വിജ്ഞാപനം ചെയ്തു എന്ന് പറയപ്പെടുന്ന ഈ കരട് വിജ്ഞാപനത്തെ സംബന്ധിച്ച് 60 ദിവസത്തിനുള്ളിൽ ജനങ്ങളോട് നിർദ്ദേശങ്ങളും, നടപടികളും പരിസ്ഥിതിക മന്ത്രാലയത്തിനായി നൽകണമെന്നായിരുന്നു നിർദ്ദേശം. പക്ഷെ മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ പോലും ഇനിയും പ്രസിദ്ധീകരിച്ചിട്ടില്ലാത്ത് (2-8-17 തീയതി വരെയും) ഈ കരടിന് ജനങ്ങൾ എങ്ങനെ നിർദ്ദേശങ്ങൾ സമർപ്പിക്കും എന്നതാണ് ചോദ്യം. വിജ്ഞാപനത്തിന്റെ പകർപ്പ് വിവരാവകാശം വഴി പുറത്തുവന്നതിലാകട്ടെ, തീയതി പോലുമില്ല. മാത്രമല്ല, ഇത് പ്രാവർത്തികമാക്കാനും സംസ്ഥാന/ പ്രാദേശിക ഭരണകൂടങ്ങൾ ചെയ്യാനുള്ള കാര്യങ്ങളെ സംബന്ധിച്ച അനുബന്ധങ്ങൾ ഒന്നും തന്നെ പുറത്തുവിട്ടിട്ടില്ല. ഇങ്ങനെ രഹസ്യമായി ഇക്കാര്യങ്ങൾ ചെയ്യുന്നതിന്റെ സാംഗത്യം ചോദ്യംചെയ്യപ്പെടുന്നു. ടൂറിസത്തിന്റെ പേരിൽ മാർഗ്ഗരേഖകളോടെ എങ്കിലും അനിയന്ത്രിതമായി നിർമ്മാണ സാധ്യതകൾ നൽകുന്ന ഒരു കരടാണ് ഇത് എന്നതിനാൽ, പരിസ്ഥിതി വാദികളെ ഭയന്ന്, എളുപ്പത്തിൽ ഇത് നടപ്പിൽ വരാത്താനുള്ള ശ്രമാണെന്നും ആരോപണമുയരുന്നു.

2017 മാർച്ച് മാസത്തിൽ ഗസറ്റിൽ വിജ്ഞാപനം ചെയ്തുവെന്ന് പറയപ്പെടുന്ന ഈ വിജ്ഞാപനം കാര്യമായി ഒരിടത്തും ചർച്ചചെയ്യപ്പെടുകയുണ്ടായില്ല. കരടുവിജ്ഞാപനം പ്രകാരം തന്നെ സംസ്ഥാനസർക്കാരുകൾക്ക് കാര്യമായ രീതിയിൽ ഇടപെടലുകൾ നടത്താനുണ്ടെന്ന വസ്തുത നിലനിൽക്കെ ഈ വിജ്ഞാപനത്തെസംബന്ധിച്ച് സംസ്ഥാനതലത്തിൽ എങ്ങും ചർച്ച ചെയ്യപ്പെട്ടതായി യാതൊരു രേഖകളുമില്ല. മാത്രമല്ല കരടുവിജ്ഞാപനം പുറപ്പെടുവിച്ച 60 ദിവസം കഴിയുകകൂടി ചെയ്തതോടുകൂടി ഇനി എന്ന് ഇത് ഔദ്യോഗികമായി വിജ്ഞാപനം ചെയ്യുമെന്നും, അതിൽ എന്തു മാറ്റങ്ങൾ ഉണ്ടാകുമെന്നും കാത്തിരുന്നു കാണണം.

പുതിയ എംസിആർഇസഡ് കരട് രേഖയിൽ തീരമേഖലയെ പൊതുവെ എംസിആർഇസഡ്-1, 2, 3, 4 എന്നിങ്ങനെ നാലായി തിരിച്ചിരിക്കുന്നു. (2011 ലെ വിജ്ഞാപനത്തിൽ കേളത്തിനായി പ്രത്യേകമായി സി ആർ ഇസഡ് 5 എന്ന മേഖല ഉണ്ടായിരുന്നു.) മുമ്പുവിജ്ഞാപനത്തിൽ ഉണ്ടായിരുന്നതുപോലെ ക

ടൽ പരിധിയിൽനിന്ന് 500 മീറ്റർ എം സിആർഇസഡ് ആയിരിക്കും. വേലിയേറ്റത്തിന്റെ സ്വാധീനമേൽക്കുന്ന ജലാശയങ്ങളുടെ വേലിയേറ്റ രേഖയിൽ നിന്ന്100 മീറ്റർ അകലം അല്ലെങ്കിൽ ജലാശയങ്ങളുടെ വീതി എത്രയാണോ അത്രയും ഭാഗം എംസിആർഇസഡ് ബാധകമായിട്ടുള്ള പ്രദേശമായി കണക്കാക്കും. പ്രധാന കരയുടെ സമീപമുള്ള ദ്വീപുകളുടെ കാര്യത്തിൽ തീരനിയന്ത്രണരേഖയിൽ നിന്ന് 20 മീറ്റർ അകലം എംസിആർഇസഡായി കണക്കാക്കും. മുമ്പ് ഇത് 50 മീറ്റർ ആയിരുന്നു.

**എംസിആർഇസഡ് – 1**; പാരിസ്ഥിതികമായി ലോലപ്രദേശങ്ങളുൾപ്പെടുന്നതാണ് എംസിആർഇസഡ്–1. (11 ഇനസ്ഥലങ്ങൾ അനുബന്ധത്തിൽ ഉണ്ട്). ഈ പ്രദേശത്ത് പൊതുതാല്പര്യം പ്രമാണിച്ച് ബന്ധപ്പെട്ട സർക്കാരുകളുടെ ശുപാർശയോടുകൂടി നിയന്ത്രണവിധേയമായ പ്രവർത്തനങ്ങൾ ആകാവുന്നതാണ്. പ്രദേശികവാസികൾക്കുള്ള അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ഇതുമായി ബന്ധപ്പെട്ട് ആലോചിക്കാവുന്നതാണ്. അതോടൊപ്പം താല്ക്കാലിക, ടൂറിസപ്രവർത്തനങ്ങളും, ഇവിടെ ആകാമെന്നു പറയുന്നു. പരിസ്ഥിതിയെ ശല്യപ്പെടുത്താത്തരീതിയിലുള്ള ടൂറിസം പദ്ധതികൾ സംസ്ഥാനതല എംസിഇസഡ് അതോറിറ്റികൾക്ക് ശുപാർശ ചെയ്യാവുന്നതാണ്.

**എംസിആർഇസഡ് –2**: – മുനിസിപ്പൽ പ്രദേശങ്ങളെല്ലാം എംസിആർഇസഡ് 2 ന്റെ പരിധിയിൽ പെടുന്നു. അവിടെയുള്ള നിർമ്മാണപ്രവർത്തനങ്ങൾ നിലവിലുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരവും, അല്ലെങ്കിൽ എംസിഇസഡ് പ്ലാൻപ്രകാരവും നടത്താവുന്നതാണ്. ജനസംഖ്യാനുപാതികമായി കണക്കനുസരിച്ച് എംസിആർ ഇസഡിന്റെ 3–ൽവരുന്ന പ്രദേശങ്ങളേയും എംസിആർഇസഡ് 2–ആയി ബന്ധപ്പെട്ട സംസ്ഥാനസർക്കാരുകൾക്ക് പ്രഖ്യാപിക്കാവുന്നതാണ്. അത്തരം പ്ലാനുകൾ പൊതുജനങ്ങളെ കേട്ടതിനുശേഷം പ്രഖ്യാപനത്തിനായി മന്ത്രാലയത്തിന് അയച്ചുകൊടുക്കേണ്ടതുണ്ട്. സംസ്ഥാനസർക്കാരായിരിക്കും ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പാക്കുന്നതിന് ഉത്തരവാദിത്വമേൽക്കേണ്ടത്.

**എംസിആർഇസഡ് –3** സിആർ ഇസഡ് –1, 2, 4 ഇതിലൊന്നും പെടാത്ത സ്ഥലങ്ങളായിരിക്കും എംസിആർ ഇസഡ് –3–ൽ ഉൾപ്പെടുന്നത്. മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള തദ്ദേശവാസികളുടെ വീടുകൾ, അടിസ്ഥാനസൗകര്യങ്ങൾ, മത്സ്യബന്ധനവുമായി ബന്ധപ്പെട്ട നിർമ്മാണങ്ങൾ എന്നിവയെല്ലാം നിയന്ത്രണരേഖയിൽ നിന്ന് 50 മീറ്റർ പരിധിക്കുശേഷം ചെയ്യാവുന്നതാണ്. ഇത്തരം കാര്യങ്ങളിൽ തീരദേശ പരിപാലന പ്ലാൻ അംഗീകരിക്കുന്ന മുറയ്ക്കാകണം ചെയ്യേണ്ടത്. അതോടൊപ്പം തന്നെ താല്ക്കാലിക ടൂറിസം പ്രവർത്തനങ്ങൾക്കായി തീരരേഖയിൽ നിന്ന് 0 മുതൽ 200 മീറ്റർ വരെയുള്ളിലും, സ്ഥിരം പ്രവർത്തനങ്ങൾ 200 മീറ്റർ മുതൽ 500 മീറ്റർ വരെയുള്ള പ്രദേശത്തും നിബന്ധനകൾക്കുവിധേയമായി പ്രവർത്തിക്കാവുന്നതാണെന്ന് പറയുന്നു.

**എംസിആർഇസഡ്**: 4 – 12 നോട്ടിക്കൽ മൈൽ കടലിലേക്കുള്ള പ്രദേശമാണ് ഇതിൽ ഉൾപ്പെടുന്നത്. അവിടെ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നിരോധിച്ചിരിക്കുന്നു.

ടൂറിസത്തിന് പ്രത്യേക പരിഗണന

തീരടൂറിസവും, ദ്വിപ് ടൂറിസവും വലിയ പ്രാധാന്യത്തോടുകൂടിയാണ് പുതിയ കരടിൽ കണക്കാക്കിയിരിക്കുന്നത്. സംസ്ഥാനങ്ങൾക്ക് ടൂറിസം വികസന പദ്ധതി നിബന്ധനകളോടുകൂടി പ്രസിദ്ധീകരിക്കുകയും, അതിന് അനുമതിക്കായി മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്യാവുന്നതാണ്. ബീച്ചുകൾ വൃത്തിയായി സൂക്ഷിക്കണമെന്നും, മാലിന്യങ്ങൾ തള്ളരുതെന്നും ഉൾപ്പെടെയുള്ള ചില നിബന്ധനകളാണ് ഇവിടെ പറഞ്ഞിട്ടുള്ളത്. അതോടൊപ്പം തന്നെ ഇതിന്റെ മേൽനോട്ടങ്ങൾ നടത്തേണ്ടത് ജില്ലാ തലത്തിലുള്ള സമിതിയാണ്. ടൂറിസത്തിന് അമിതപ്രാധാന്യം നൽകി തീരം തീരവാസികൾക്ക് അന്യമായിപ്പോകുമോയെന്നും ആശങ്കപ്പെടുന്നവരുണ്ട്.

നിലവിലുണ്ടായിരുന്ന ഭവനങ്ങൾ പുനർനിർമ്മിക്കാൻ 2011 ലെ വിജ്ഞാപനത്തിൽ അനുമതിയുണ്ടായിരുന്നു. പക്ഷേ പുതിയതിൽ അതില്ല. കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഉണ്ടാക്കിയ മേഖല 5 പുതിയ കരടിൽ ഉൾപ്പെടുത്തിയിട്ടില്ല. വിജ്ഞാപനത്തിന്റെ അനുബന്ധമായ കാര്യങ്ങളിൽ സംസ്ഥാനതലത്തിലും പ്രാദേശിക ഭരണകൂട തലത്തിലും ചെയ്യാനുള്ള കാര്യങ്ങളെക്കുറിച്ച് യാതൊരു വ്യക്തതയും പുറത്തുവിട്ടിട്ടില്ല. തീരമേഖല പ്ലാൻ രൂപീകരിക്കുന്നതിന് 2011 ലെ വിജ്ഞാപനം നാളിതുവരെയും സാധിച്ചിട്ടില്ലായിരുന്നു. ഇക്കാര്യത്തിലും സ്ഥിതി വ്യത്യസ്ഥമാകാൻ ഇടയില്ല. കരട് വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന അനുബന്ധ രേഖകൾ സംബന്ധിച്ച് യാതൊന്നും തന്നെ പുറത്തുവന്നിട്ടില്ല എന്നതും ആശങ്കയായി നിലനിൽക്കുന്നു.






# മോബ് സൈക്കോളജിയുടെ ഇരകൾ നമ്മുടെ യുവാക്കൾ

ആഗസ്റ്റ് 15 ന് സർക്കാർ സ്കൂളിൽ അതിവിപുലമായ സ്വാതന്ത്ര്യദിനാഘോഷ പരിപാടികൾ അരങ്ങേറുകയാണ്. അതിമനോഹരമായ ഒരു നൃത്തം ദേശഭക്തിഗാനത്തിന്റെ അകമ്പടിയോടെ അരങ്ങേറുന്ന സമയത്ത് ഒരു കൂട്ടം പൂർവ്വ വിദ്യാർത്ഥികളുടെ കൂക്കുവിളി. അത് എന്നെ വളരെയധികം വേദനിപ്പിച്ചു. കാരണം ഒന്നാമത് മാതൃരാജ്യത്തോടുള്ള തികഞ്ഞ അനാദരവ് രണ്ടാമത്, പഠിച്ചിറങ്ങിയ സ്വന്തം സ്കൂളിൽ നിന്നുകൊണ്ടാണല്ലോ ഈ അസംബന്ധം കാട്ടുന്നത് എന്നുള്ള ചിന്ത. എന്തിനാണ് നിങ്ങൾ ഇപ്രകാരം ചെയ്യുന്നത് എന്ന് ഇവരോട് തന്നെ ചോദിച്ചാൽ വ്യക്തമായ മറുപടി ഇവർക്ക് പറയാനുണ്ടാകില്ല. എന്നിരുന്നാലും അവരുടെ പ്രവൃത്തിയെ അവർ ന്യായീകരിക്കും. ഇനി മേൽ ചെയ്യരുത് എന്നുപറഞ്ഞാൽ അവർ ആ സമയത്തേക്ക് അനുസരിക്കും എന്നാൽ വീണ്ടും ഇങ്ങനെ ഒരവസരം ഉണ്ടായാൽ അവർ അതു തന്നെ ആവർത്തിക്കും.

19-ാം നൂറ്റാണ്ടിലാണ് ക്രൗഡ് ബിഹേവിയറിനെക്കുറിച്ച് ശാസ്ത്രീയമായ പഠനങ്ങൾ ഉണ്ടാകുന്നത്. എല്ലാ മനുഷ്യരിലും ഉള്ള ചില അടിസ്ഥാന വികാരങ്ങളാണ് **പേടി, ദേഷ്യം, അമർഷം**. ഇത് ഉണ്ടാകുന്നത് ജീവിത സാഹചര്യങ്ങളിൽ നിന്നാണ്. കടലോരങ്ങളിൽ ജനിച്ചുവളരുന്ന കുട്ടികൾക്ക് പേടിയേക്കാളും മുന്നിൽ നിൽക്കുന്നത് ദേഷ്യവും അമർഷവുമാണ്. ലഭിച്ച അവസരങ്ങളെ ഫലപ്രദമായി മായി ഉപയോഗിക്കാൻ കഴിയാത്തതിലുള്ള അമർഷം. ആത്മവിശ്വാസത്തോടെ നേടിയെടുക്കാൻ സാധിക്കാത്തതിലുള്ള നിരാശ. അച്ചനോടോ അമ്മയോടോ തങ്ങളെ കുറ്റപ്പെടുത്തുന്ന അധികാരവർഗത്തോടോ കയർക്കാനും ജയിക്കാനും കഴിയാത്തതിലുള്ള ദേഷ്യം. ജീവിതം പല കാരണങ്ങളാൽ വഴിമുട്ടിനിൽക്കുന്ന എനിക്കിനി ഒന്നും നേടാൻ കഴിയില്ല എന്ന ചിന്ത. നിരാശ, ഏകാന്തത, ചില മേഖലകളിലുള്ള കഴിവുകുറവ്, സൗന്ദര്യമില്ല, ധനമില്ല തുടങ്ങിയ ധാരണകൾ. ഇവയിൽ നിന്നെല്ലാം ഉരുത്തിരിയുന്നതാണ് മോബ് സൈക്കോളജി ഈ ക്രൂര വിനോദം സിഗ്മണ്ട് ഫ്രോയ്ഡ് എന്ന മനഃശാസ്ത്രജ്ഞൻ വിലയിരുത്തുന്നത്; അടിച്ചമർത്തപ്പെട്ട വികാരങ്ങളുടെ ബഹിർസ്ഫുരണമാണ് മോബ് സൈക്കോളജിയായി രൂപപ്പെടുന്നത് എന്നത്രേ.

എന്തൊക്കെ തന്നെയാണെങ്കിലും ഒരു തിരുത്തൽ വളരെ അത്യാവശ്യമാണ്. വസ്തുനിഷ്ഠമായി വിലയിരുത്തിയാൽ കേരളത്തിലായിരിക്കണം ഇത്തരം സ്വഭാവ രീതികൾ കൂടുതൽ. കുറച്ചുവർഷങ്ങൾക്കുമുൻപ് കുറച്ചു യുവജനങ്ങൾ ഒരുമിച്ച് ഉച്ചയ്ക്ക് ബൈക്കുകളിൽ പോകുന്നതുകണ്ട് അവരോട് ചോദിച്ചു, നിങ്ങൾ എവിടേക്കാ ഇത്ര ഉത്സാഹത്തിൽ? മറുപടി ഇപ്രകാരമായിരുന്നു, "സന്തോഷ് പണ്ഡിറ്റിന്റെ സിനിമ ഇറങ്ങിയിട്ടുണ്ട്. തീയറ്ററിൽ പോയി നന്നായി ഒന്നു കൂവാനാ പോകുന്നത്" എന്ന്. നമ്മുടെ മക്കൾ ഇന്ന് ഇരുട്ടിനെ ഭയക്കുന്നില്ല. മറിച്ച് അധമ വികാരങ്ങളും ഉള്ളിന്റെ ഉള്ളിലെ അടിച്ചമർത്തപ്പെട്ട ധാർഷ്ട്യങ്ങളും പ്രകടിപ്പിച്ച് ആഭാസരാകാൻ അവർ കണ്ടെത്തുന്ന അഭയകേന്ദ്രമായിത്തീർന്നിരിക്കുന്നു ഇരുട്ടുള്ള പ്രദേശങ്ങൾ. കൂട്ടംകൂടി നിന്നിട്ട് ഒരുമിച്ച് എന്തും പറയാനും ചെയ്യാനുമുള്ള സ്വഭാവത്തിന്റെ വൈകല്യം അവർ അറിയാതെ സ്വന്തമാക്കിയിരിക്കുന്നു.

ഇത്തരം സ്വഭാവ വൈകല്യങ്ങൾ മാറാൻ സ്വയം തീരുമാനിക്കണം. എന്താണ് മാന്യമായ പ്രവർത്തന രീതികൾ എന്ന് സ്വയം ബുദ്ധിശക്തി കൊണ്ട് തിരിച്ചറിയണം. തെറ്റും ശരിയും തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ വ്യക്തികൾ തന്നെ തീരുമാനമെടുക്കണം. കൂട്ടുകെട്ടുകൾ നല്ല പ്രവർത്തികൾ ചെയ്യാൻ മാത്രമായും മറ്റുള്ളവർക്ക് ദ്രോഹങ്ങളില്ലാത്ത ആഘോഷപരിപാടികളായും യുവാക്കളുടെ കൂടിവരവുകൾ മാറണം. പ്രിയ യുവാക്കളേ, നിങ്ങളെ നോക്കി ഇവർ നല്ല കുടുംബത്തിൽ നിന്നുവരുന്നു, നല്ല ഇടവകയിൽ നിന്നുവരുന്നു എന്നുപറയുന്നത് കേൾക്കാനാണ് ഞങ്ങൾക്കിഷ്ടം. നിങ്ങൾ ഒരിടത്തും നിങ്ങളുടെ മാതാപിതാക്കൾക്ക് അപമാനമാകരുത്. മറിച്ച്, അഭിമാനമാകണം. രാത്രിയിൽ ഉറങ്ങുമ്പോൾ നിങ്ങൾ കാണുന്ന സ്വപ്നങ്ങൾ അല്ല നിങ്ങളുടെ ജീവിതത്തിന്റെ ഗതിനിർണയിക്കുന്നത് മറിച്ച് പകൽ വെളിച്ചത്തിൽ വായനയിലൂടെയും നല്ല സുഹൃത്ത് ബന്ധങ്ങളിലൂടെയും നിങ്ങൾ കാണുന്ന നല്ല സ്വപ്നങ്ങളാണ് നിങ്ങളുടെ ഭാവി ഭാസുരമാക്കുന്നത്. ഇനിമേൽ ഇത്തരം മോബ് സൈക്കോളജിയുടെ ജീർണതകളുടെ ഭാഗമാകാതിരിക്കാൻ ഇത് വായിക്കുന്നവരെങ്കിലും ശ്രമിക്കേണ്ടതുണ്ട്. ■




# വിവാഹം അസാധുവാക്കൽ

കാട്ടാക്കടയിൽ നിന്നുള്ള ഒരു CSI അംഗമായ ഞാനും ഭർത്താവായിരുന്ന പുരുഷനും തമ്മിൽ രണ്ട് വർഷംമുൻപ് പരസ്പര സമ്മതത്തോടെ സിവിൽ ഡിവോഴ്സ് നേടുകയും വീണ്ടും വിവാഹം ചെയ്യാനുള്ള അംഗീകാരം ഞങ്ങളുടെ മെത്രാനിൽനിന്നും നേടിയിട്ടുള്ളതുമാണ്. ഇപ്പോൾ എനിക്ക് ഒരു കത്തോലിക്ക കുടുംബത്തിൽനിന്നും വിവാഹാലോചന വന്നിരിക്കുന്നു. കത്തോലിക്കാ സഭാകോടതിയിൽനിന്നും എന്റെ വിവാഹം അസാധുവാക്കിയാൽ മാത്രമേ സഭാനിയമമനുസരിച്ച് എന്റെ വിവാഹം നടത്തുകയുള്ളൂ എന്നാണ് ഞാൻ വിവാഹം ചെയ്യാൻ പോകുന്ന വ്യക്തിയുടെ ഇടവക വികാരി അറിയിച്ചത്. അതിന്റെ ആവശ്യമില്ലെന്നാണ് മറ്റൊരു കത്തോലിക്ക വൈദികൻ പറയുന്നു. CSI അംഗമായ ഞാൻ നിയമപരമായി എന്റെ വിവാഹം വേർപെടുത്തിയതാണ്. ഇനി എന്റെ വിവാഹം അസാധുവാക്കി നല്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സഭാകോടതിയെ സമീപിക്കേണ്ടതിന്റെ ആവശ്യകത എന്താണ്?

നിയമപ്രകാരം വിവാഹിതയായ നിങ്ങൾ നിയമപ്രകാരം ഡിവോഴ്സ് നേടിയശേഷം ഒരു കത്തോലിക്ക പുരുഷനുമായി തിരുസ്സഭാ നിയമപ്രകാരം പുനർവിവാഹം ചെയ്യാനാണ് ആഗ്രഹിക്കുന്നത്. കത്തോലിക്കാസഭയുടെ നിയമപ്രകാരം പുനർ വിവാഹം ചെയ്യാനാഗ്രഹിക്കുന്ന വ്യക്തി (കത്തോലിക്കനോ അകത്തോലിക്കനോ ക്രൈസ്തവനോ അക്രൈസ്തവനോ ആയാലും) ഡിവോഴ്സും നള്ളിറ്റി (വിവാഹം അസാധുവാക്കൽ) യും തമ്മിലുള്ള വ്യത്യാസം അറിയുകയും സഭാപരമായി നിയമ സാധുതയുള്ള വിവാഹം ഏതെന്ന് മനസ്സിലാക്കുകയും വേണം. നിയമപരമായി വിവാഹിതരായ ദമ്പതികൾ ഒരുമിച്ചു ജീവിക്കാൻ കഴിയാത്ത സാഹചര്യത്തിൽ പരസ്പര ധാരണയോടെയോ അവരിൽ ഒരാൾ തനിച്ചോ വിവാഹബന്ധം വേർപെടുത്താൻതീരുമാനിച്ചുകൊണ്ട് കോടതിയിൽനിന്നും നേടുന്ന വിവാഹ വിടുതലാണ് ഡിവോഴ്സ്. എന്നാൽ, നിയമപരമായി വിവാഹിതരായ ദമ്പതികളിൽ ഒരാളോ അവർ രണ്ടുപേരും ചേർന്നോ തന്റെ/തങ്ങളുടെ വിവാഹത്തിന്റെ സാധുത ചോദ്യംചെയ്തുകൊണ്ട് വിവാഹത്തിന് നിയമസാധുത നല്കുന്ന അടിസ്ഥാന ഘടകങ്ങളിൽ ഏതിന്റെയെങ്കിലും അഭാവം വിവാഹാവസരത്തിൽ ഉണ്ടായിരുന്നതായി തെളിയിച്ചുകൊണ്ട് കോടതിയിൽനിന്നും നേടുന്ന വിവാഹ വിടുതലാണ് നള്ളിറ്റി (Nullity – വിവാഹം അസാധുവാക്കൽ).വിവാഹം വേർപെടുത്തുന്ന കാര്യത്തിൽ സഭാകോടതികളുടെ തീരുമാനം സിവിൽ കോടതികൾ അംഗീകരിക്കുകയോ സിവിൽ കോടതികൾ നല്കുന്ന തീരുമാനം സഭാകോടതികൾ അംഗീകരിക്കുകയോ ചെയ്യുന്നില്ല. ആയതിനാൽ സഭാപരമായി പുനർവിവാഹം ചെയ്യാനാഗ്രഹിക്കുന്ന വ്യക്തി സിവിൽ ഡിവോഴ്സ്/നള്ളിറ്റിയും സഭാ നള്ളിറ്റിയും നേടിയിരിക്കണം.

സഭാകോടതികൾ ഡിവോഴ്സ് കേസുകൾ പരിഗണിക്കാറില്ല; നള്ളിറ്റി കേസുകൾ മാത്രമാണ് പരിശോധിക്കുകയും പരിഗണിക്കുകയും ചെയ്യുന്നത്. ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം CIC 1085 §1 പ്രകാരം, നിയമപരമായ മുൻവിവാഹബന്ധം നിലനിൽക്കുന്ന വ്യക്തിയ്ക്ക് നിയമസാധുതയുള്ള പുനർവിവാഹം അസാധ്യമാണ്. CIC 1059 പ്രകാരം, കത്തോലിക്കരുടെ വിവാഹത്തിൽ, ഒരു പങ്കാളി മാത്രം കത്തോലിക്കാവിശ്വാസിയാണെങ്കിൽ പോലും, ദൈവിക നിയമത്തോടൊപ്പം കാനോൻ നിയമവും ബാധകമാണ്. CIC 1671, DC (Dignitas Connubii ലത്തീൻ സഭയിലെ കോടതികൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ) Art 3& Art 4 §1എന്നിവ പ്രകാരം, സഭാകോടതിയ്ക്ക് അകത്തോലിക്കാ ക്രൈസ്തവ വിശ്വാസികളുടെ വിവാഹം അസാധുവാക്കാനുള്ള (Nullity) നടപടിയെടുക്കാൻ അവകാശമുണ്ട്. ഒരു അകത്തോലിക്ക വിശ്വാസി/ അക്രൈസ്തവ/ൻ കത്തോലിക്ക വിശ്വാസിയുമായി പുനർ വിവാഹം നടത്താനൊരുങ്ങുമ്പോൾ മുൻ വിവാഹത്തിന്റെ നള്ളിറ്റി സഭാകോടതിയിലൂടെ നേടേണ്ടതാണ്.

ഇനി താങ്കളുടെ സംശയത്തിലേക്കു വരുന്നു. താങ്കളുടെ മുൻവിവാഹം താങ്കളുടെ CSI സഭയും ഇന്ത്യൻ നിയമവുമനുസരിച്ചുള്ളതായതിനാൽ പ്രസ്തുത വിവാഹത്തെ കത്തോലിക്ക സഭയും അംഗീകരിക്കുന്നു. കത്തോലിക്ക വിശ്വാസിയെ സഭാനിയമപ്രകാരം പുനർ വിവാഹം ചെയ്യാൻ താങ്കൾ ആഗ്രഹിക്കുന്നതിനാൽ, സിവിൽ ഡിവോഴ്സിനോടൊപ്പം സഭാകോടതിയിൽ നിന്നുള്ള നള്ളിറ്റിയും നേടേണ്ടതാണ്. ■

വർത്തമാനം

● അഗസ്റ്റിൻ കണിപ്പിള്ളി




# കേരളത്തിന്റെ മനസ്സ് അസ്വസ്ഥമാണ്

വിവിധങ്ങളായ ഒട്ടേറെ വിഷയങ്ങളിൽ അസ്വസ്ഥവും കലുഷിതവുമാണ് കേരളാന്തരീക്ഷം. സമകാലീന സാമൂഹ്യ രാഷ്ട്രായന്തരീക്ഷങ്ങളെ മലിമസമാക്കി കടന്നുപോകുന്ന ഇത്തരം വിഷയങ്ങൾ കേരളത്തിന്റെ പൊതുജീവിതത്തിന് എന്നുമാത്രമല്ല, യശസ്സിനും ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന തിരിച്ചടികൾ ചെറുതൊന്നുമല്ല. പ്രതീക്ഷാനിർഭരമായൊരു ഓണക്കാലത്തേക്ക് മലയാളി പ്രവേശിക്കുന്നത് അസ്വസ്ഥതകളുടെയും വേദനകളുടെയും വലിയൊരുഭാണ്ഡവും ചുമന്നുകൊണ്ടാണ്.

നോട്ടുനിരോധനം, ജിഎസ്ടി, പണമിടപാടുകളിലെ കാർക്കശ്യം, നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റം തുടങ്ങിയവ മലയാളിയുടെ മനസ്സിൽ കോറിയിട്ട അനിശ്ചിതത്വ ചിന്തകൾക്ക് ഇനിയും പരിഹാരമില്ല. ഇവയ്ക്കെല്ലാം പുറമെയാണ് രാഷ്ട്രീയവും സാമൂഹികവുമായ വിഷയങ്ങൾ കേരളക്കരയിൽ അസ്വസ്ഥത സൃഷ്ടിക്കുന്നത്.

വാഹനാപകടത്തിൽ പരിക്കേറ്റ് ആശുപത്രികളിൽ ചികിത്സ കിട്ടാതെ മരിച്ച മുരുകൻ, ബോണക്കാട് സാമൂഹ്യവിരുദ്ധരും വനംവകുപ്പ് അധികൃതരും ചേർന്ന് കുരിശുകളും ബലിവേദിയും തകർത്ത സംഭവം, സർക്കാരിന്റെ യുക്തിസഹമല്ലാത്ത തീരുമാനങ്ങളുടെ പേരിൽ അവതാളത്തിലായ മെഡിക്കൽ പ്രവേശനം തുടങ്ങിയ സാമൂഹ്യവിഷയങ്ങളും മദ്യവ്യാപാരികളെ സഹായിക്കാൻ സംസ്ഥാനപാതകൾ തരംതാഴ്ത്തിയും, പത്തിലേറെ ക്രിമിനൽ കേസുകളിൽ പ്രതിയായ സ്വന്തം പാർട്ടിക്കാരനെ സംസ്ഥാന ബാലാവകാശ കമ്മീഷൻ അംഗമാക്കാൻ ആരോഗ്യമന്ത്രി നടത്തിയ തിരിമറികൾ,

അതിന്റെ പേരിൽ മന്ത്രിക്കെതിരെ കോടതി നടത്തിയ പരാമർശങ്ങൾ മന്ത്രിയുടെ രാജി ആവശ്യപ്പെട്ട് പ്രതിപക്ഷ എംഎൽഎമാർ നടത്തിയ നിയമസഭാ സത്യാഗ്രഹം, മന്ത്രി തോമസ് ചാണ്ടി ഭൂമി കയ്യേറിയെന്ന ആരോപണം, പി.വി.അൻവർ എം.എൽഎയുടെ അനധികൃത വാട്ടർതീം പാർക്ക് തുടങ്ങിയ രാഷ്ട്രീയ വിഷയങ്ങളും കേരളത്തിന്റെ പൊതുജീവിതത്തിൽ അസ്വസ്ഥതകൾ സൃഷ്ടിക്കാൻ തുടങ്ങിയിട്ട് നാളുകൾ പലതായി.

ഭരണനടപടികളിലൂടെയും കോടതി ഇടപെടലിലൂടെയും പലതിനും പരിഹാരമായെങ്കിലും അവ മനുഷ്യമനസ്സുകളിൽ ഉണ്ടാക്കിയ നെരിപ്പോടുകൾ ഇപ്പോഴും അണഞ്ഞിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. കൊല്ലം ഇത്തിക്കരയിൽവച്ച് വാഹനാപകടത്തിൽ പരിക്കേറ്റ് ആശുപത്രികളിൽ ചികിത്സ കിട്ടാതെ മരിച്ച തമിഴ്നാട് തിരുനെൽവേലി സ്വദേശി മുരുകന്റെ കുടുംബത്തോട് കേരളത്തിനുവേണ്ടി മുഖ്യമന്ത്രി മാപ്പുപറഞ്ഞു. മുരുകന്റെ ആറും നാലും വയസ്സുള്ള മക്കളുടെ വിദ്യാഭ്യാസത്തിന് സംസ്ഥാന സർക്കാർ പത്തുലക്ഷം രൂപയും നൽകി. മുരുകന്റെ മരണത്തോടെ അനാഥമായ കുടുംബത്തിനും, ആ സംഭവം മലയാളി മനസ്സുകളിൽ ഉണ്ടാക്കിയ അസ്വസ്തയ്ക്കും മാപ്പും പണവും മതിയായ പരിഹാരമാണോ. ഒരു മനുഷ്യജീവനോട് നാം ചെയ്ത മാപ്പർഹിക്കാത്ത അപരാധമല്ലേ ചികിത്സ നിഷേധിച്ച നടപടി. അത് കുറേക്കാലത്തേക്കെങ്കിലും നമ്മുടെ മനസ്സിൽ വിഷാദത്തിന്റെ നിഴൽ വീഴ്ത്തിക്കൊണ്ടിരിക്കില്ലേ.

അറുപതിലേറെ വർഷമായി ക്രൈസ്തവർ പ്രാർത്ഥനയ്ക്കും തീർത്ഥാടനത്തിനുമായി ഉപയോഗിച്ചു പോരുന്ന സ്ഥലമാണ് ബോണക്കാട്. അവിടെ സ്ഥാപിതമായ കുരിശുകളും ബലിപീഠവും. പ്രസ്തുത പ്രദേശം വനം വകുപ്പിന്റെ അധീനതയിൽപ്പെട്ടതാണെന്ന അവകാശവാദത്തിന്റെ പിന്നാമ്പുറ ചെയ്തികളാണ് കഴിഞ്ഞ ദിവസങ്ങളിൽ ഈ പ്രദേശത്തുനടന്ന ആക്രമണങ്ങൾ. കേരളത്തിൽ നിലനിന്നു പോരുന്ന മതസൗഹാർദ്ദത്തെ തകർക്കാൻ കിട്ടിയ ഒരവസരമായി ബോണക്കാട് തീർത്ഥാടനകേന്ദ്രത്തെ സാമൂഹ്യവിരുദ്ധർ ഉപയോഗിക്കുന്നുവെന്നു വേണം ചിന്തിക്കാൻ. ആയതിൽ വനം വകുപ്പിന്റെ ഒത്താശയുണ്ടോ എന്നതാണ് അറിയേണ്ടത്. കത്തോലിക്കാ സഭ ഭൂമി കൈയേറ്റത്തെ പിന്തുണയ്ക്കുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യില്ലെന്നിരിക്കെ, അത്തരത്തിൽ ഉണ്ടായിട്ടുണ്ടെങ്കിൽ അത് വിട്ടുകൊടുക്കാൻ തയ്യാറായിരിക്കേ ബോണക്കാട് നടന്ന അതിക്രമം വേദനാജനകം തന്നെ.

സംസ്ഥാനപാതകൾ തരംതാഴ്ത്തിക്കൊണ്ട് കേരളത്തിൽ സമ്പൂർണമദ്യനിരോധനമെന്ന പൊതുവികാരത്തെ ശവപ്പെട്ടിയിലാക്കി അവസാനത്തെ ആണിയും ഇടതുപക്ഷ സർക്കാർ തറച്ചു. കേരളത്തിൽ ഘട്ടംഘട്ടമായി മദ്യനിരോധനമെന്ന ആവശ്യത്തിനേറ്റ അവസാന തിരിച്ചടിയായി സംസ്ഥാന പാതകളുടെ തരംതാഴ്ത്തൽ. ഈ നടപടി നാടിന്റെ നന്മയ്ക്കോ റോഡുകളുടെ നിർമ്മാണത്തിനോ സുഗമമായ വാഹന ഗതാഗതത്തിനോ വേണ്ടിയല്ല. സംസ്ഥാനത്തിന് 70 ലേറെ ബാറുകൾ ഉൾപ്പെടെ 130 മദ്യവില്പന കേന്ദ്രങ്ങൾ തുറക്കാൻ വേണ്ടി മാത്രമാണിത്. ഇതോടെ തെരഞ്ഞെടുപ്പുകാലത്ത് ഇടതുമുന്നണി മദ്യം സംബന്ധിച്ച് മദ്യമുതലാളിമാർക്ക് നൽകിയ പ്രകടന പത്രിക വാഗ്ദാനം പൂർത്തിയായി. എൽഡിഎഫ് സർക്കാരിന് നമോവാകം.

മഹനീയലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സംസ്ഥാന ബാലാവകാശ കമ്മിഷനിൽ സ്വന്തം പാർട്ടി പ്രവർത്തകനെ നിയമിക്കാൻ സംസ്ഥാന ആരോഗ്യമന്ത്രി കെ.കെ.ശൈലജയുടെ നേതൃത്വത്തിൽ നടന്ന ചില നടപടികളാണ് കോടതി പരാമർശങ്ങൾക്കും പ്രതിപക്ഷ പ്രക്ഷോഭത്തിനും ഇടയാക്കിയത്. പത്തിലേറെ ക്രിമിനൽ കേസുകളിൽ പ്രതിയായ ഒരു വ്യക്തിയെ പ്രസ്തുത സ്ഥാനത്തെത്തിക്കാൻ ക്രമവിരുദ്ധമായി അപേക്ഷതീയതി ദീർഘിപ്പിച്ചു എന്നതും ആക്ഷേപത്തിന് മൂർച്ചകൂട്ടുന്നു. ബാലാവകാശ കമ്മിഷൻ അംഗങ്ങളുടെ ഒഴിവ് നികത്തുന്നതിൽ വീഴ്ച്ചവരുത്തിയതിന്റെ പേരിൽ സംസ്ഥാന സർക്കാരിന് കോടതി അരലക്ഷം രൂപ പിഴയിട്ടുവെന്ന് പറയുമ്പോൾ കമ്മിഷന്റെ പ്രാധാന്യം എത്രത്തോളമെന്ന് ബോധ്യമാകും. അത്തരം ഒരു സ്ഥാപനത്തിലേക്കാണ് ക്രിമിനലുകളെ തിരികി കയറ്റാൻ മന്ത്രിതലത്തിൽ ശ്രമങ്ങൾ നടത്തിയത്. പക്ഷപാതപരമായ ഈ നടപടിയെ അഴിമതിയായിട്ടേ കാണാൻ കഴിയൂ.

അഴിമതിമുക്തവും പക്ഷപാതരഹിതവും, വിലക്കയറ്റം ഇല്ലാത്ത, സമാധാന ജീവിതവും, ജനാധിപത്യ അവകാശ സംരക്ഷണവും വാഗ്ദാനം ചെയ്ത് അധികാരത്തിൽ വന്ന ഒരു സർക്കാരിന്റെ കാലത്ത് ഇത്തരം സംഭവങ്ങൾ അടിക്കടി അരങ്ങേറുന്നത് ലജ്ജാകരമാണ് ഇത് കേരളത്തിന്റെ യശഃസ്സിനെ ഇടിച്ചുതാഴ്ത്താൻ പോന്നവയാണ്. ■



*ആരോഗ്യവകുപ്പുമന്ത്രി കെ.കെ.ശൈലജയുടെ രാജി ആവശ്യപ്പെട്ട് നിയമസഭയിലെ പ്രതിപക്ഷാംഗങ്ങൾ സഭയ്ക്ക് മുന്നിൽ നടത്തിയ പ്രതിഷേധ ധർണ.*

family corner

ഫാ. എ.ആർ.ജോൺ
കുടുംബശുശ്രൂഷാ ഡയറക്ടർ

# കുഞ്ഞുങ്ങളെ വളർത്താനൊരു അമൃതകൂട്ട്

**അമൃതകൂട്ട്:** ജനിച്ചുവീഴുന്ന കുഞ്ഞിന്റെ ആദ്യപാഠശാല കുടുംബമാണ്. ആദ്യാക്ഷരംകുറിക്കുന്ന ഗുരുഭൂതർ മാതാപിതാക്കൾ തന്നെ. അവരുടെ സ്നേഹം, വിശ്വസ്ഥത, സത്യസന്ധത, സുകൃതാനുഷ്ഠാനങ്ങൾ, അയൽബന്ധങ്ങൾ, ലാളിത്യം എന്നിവയാണ് കുഞ്ഞിന് ചാലിച്ചുകൊടുക്കുന്ന അമൃതകൂട്ട്. ശരീരത്തിന് അന്നം നൽകാൻ ശുഷ്കാന്തി കാണിക്കുന്ന മാതാപിതാക്കൾ അതിനേക്കാൾ പ്രാധാന്യമുള്ള ഈ അമൃതകൂട്ട് നൽകാതെ മനസിനെ പട്ടിണിക്കിടരുത്. ഇത് ദുഃഖകരമെങ്കിലും സത്യമാണ്.



**'താബുലരാസ':** കുഞ്ഞുങ്ങളുടെ മനസ്സിനെ താബുലരാസ എന്നാണ് സാമൂഹികശാസ്ത്രജ്ഞനായ ജോൺലോക്ക് വിശേഷിപ്പിക്കുന്നത്. കറുത്ത സ്ലേറ്റ് എന്നാണർത്ഥം. എന്തെഴുതിയാലും വളരെ സ്പഷ്ടവും വ്യക്തവുമായിരിക്കും. അതിനാൽ കുഞ്ഞുമനസ്സുകളിൽ അറിവിനേക്കാൾ അനുഭവങ്ങൾ കുറിക്കുക, ഉപദേശിച്ചല്ല ജീവിച്ചുകൊണ്ട്.

**പിശുക്ക് വേണ്ട:** മക്കളെ വിശ്വസിക്കുക, പ്രോത്സാഹിപ്പിക്കുക. അമേരിക്കയിൽ നടത്തിയ ഗവേഷണം ഇങ്ങനെ തെളിയിച്ചു: പ്രോത്സാഹനം മാത്രം ശിക്ഷണരീതിയാക്കിയ മാതാപിതാക്കളുടെ മക്കൾ 80 ശതമാനം വളർന്നു. വിമർശനവും കുറ്റപ്പെടുത്തലും താരതമ്യപ്പെടുത്തലും അവലംബിച്ചവരുടെ മക്കൾ 17% വളർന്നു. വിമർശനമോ പ്രോത്സാഹനമോ നൽകാത്തവരുടെ മക്കൾ 3% മാത്രം. അതിനാൽ പ്രോത്സാഹനത്തിലും സ്നേഹത്തിലും വിശ്വസിക്കുക.

**തോൽക്കാൻ പഠിപ്പിക്കുക:** ഡോക്ടറോ, എൻജിനീയറോ ആകുന്നതിലല്ല നല്ല മനുഷ്യരാകുന്നതിലാണ് ജീവിതവിജയ രഹസ്യം. മൂല്യാധിഷ്ഠിതജീവിതമാകണം അടിസ്ഥാനം. പരീക്ഷയേക്കാൾ ജീവിതവും വിജയത്തേക്കാൾ വിശ്വസ്തതയും പ്രധാനമെന്ന് പഠിപ്പിക്കണം.

**മുറിയിലെ കൂട്ടുകാരെ തിരിച്ചറിയുക:** മാതാപിതാക്കൾക്ക് തങ്ങളുടെ മക്കളുടെ മുറിയിലേക്ക് ആരൊക്കെ പ്രവേശിക്കുന്നുവെന്ന് അറിയാമായിരിക്കണമെന്ന് 'അമോരിസ്‌ലെത്തിസ്യ'യിൽ ഫ്രാൻസിസ് പാപ്പ പറയുന്നു. അവരുടെ കൂട്ടുകാർ ആരൊക്കെ, അവരെ വീട്ടിലേക്ക് ക്ഷണിക്കുക. അവരുടെ മുറിയിൽ പ്രവേശിക്കുന്ന മറ്റുകൂട്ടുകാരെപ്പറ്റി കൂടുതൽ ബോധ്യമുള്ളവരാകണം. സാമൂഹിക മാധ്യമങ്ങളുടെ വിനിയോഗം സ്വകാര്യമുറിയിൽ നിന്നും പൊതുസ്ഥലത്തേക്ക് മാറ്റുക.

**അമിതമായി നൽകേണ്ട ചില കാര്യങ്ങൾ:** പ്രോത്സാഹനം, സ്നേഹം, അവബോധങ്ങൾ, ആദരവ്, പാവങ്ങളോടുള്ള അനുഭാവം, സാമൂഹിക ബന്ധങ്ങൾ, പ്രതിബദ്ധത, പരസഹായം, സഹിഷ്ണുത, മതാത്മകത.

**നൽകരുതാത്ത ചില കാര്യങ്ങൾ:** ആവശ്യത്തിലധികമായ ആഹാരം, വസ്ത്രം, സ്വകാര്യത, ധൂർത്ത്, അഹങ്കാരം, ഭയം, കുടുംബമഹിമ, വേർതിരിവുകൾ.

**കുടുംബസദസ്:** ഓരോ ദിവസവും ഒരു മണിക്കൂർ കുടുംബാംഗങ്ങൾക്ക് നൽകണം. അതാണ് കുടുംബത്തിന്റെ 'തിരുമണിക്കൂർ ആരാധന'. അവിടെ അപ്പനും അമ്മയും മക്കളും ഒന്നിച്ചിരുന്ന് പ്രാർത്ഥിക്കണം. ഭക്ഷിക്കണം, സംസാരിക്കണം.

**മൂന്ന് ചോദ്യങ്ങൾ:** മാതാപിതാക്കൾ എവിടെയായാലും എന്റെ മക്കൾ ഇപ്പോൾ എവിടെയാണ്? അവർ ഇപ്പോൾ എന്ത് ചെയ്തുകൊണ്ടിരിക്കുന്നു? അവർ ഇപ്പോൾ ആരുടെ കൂടെയാണ്? ചോദിച്ചുകൊണ്ടിരിക്കുക.

**മൂന്ന് ആലയങ്ങൾ:** ജീവിതാവസാനം വരെ മൂന്ന് ആലയങ്ങളുമായി അഗാധമായ ബന്ധം പരിപോഷിപ്പിച്ചുകൊണ്ടിരിക്കണം. ഒന്ന്, വിദ്യാലയം: ജീവിതമാണ് ഏറ്റവും വലിയ വിദ്യാലയം, അതിൽ നിന്ന് പാഠങ്ങൾ പഠിക്കണം. രണ്ട്, ആതുരാലയം: എന്റെ ജീവിതം എനിക്കുമാത്രം അവകാശപ്പെട്ടതല്ല എന്ന ബോധ്യത്തോടെ പരസേവനം ചെയ്യുക. മൂന്ന്, ദൈവാലയം: ഞാനെന്റെ ജീവന്റെ കാവൽക്കാരൻ മാത്രം, ഉടയവനോ ഉരുവാക്കിയവനോ അല്ല, മക്കൾ നിങ്ങളിലൂടെ വന്നു എന്നാൽ അവർ നിങ്ങൾക്ക് സ്വന്തമല്ല. അവർ ദൈവത്തിന് സ്വന്തം (ഖലീ ൽജിബ്രാൻ).



## അല്മായ വേദി

ആർക്കാഞ്ചലോ.എം
അല്മായ ശുശ്രൂഷാ ഡയറക്ടർ

# ആരാണീ അല്മായർ

അല്മായർ ലോകത്തിൽ ജീവിക്കുന്നവരാണ്. ലോകത്തെ വിശുദ്ധീകരിക്കാനുള്ള പുളിമാവ്. ലോകത്തു നിന്നും എടുത്തുമാറ്റപ്പെടുന്നവരല്ലാത്തതിനാൽ ലോകത്തിന്റെ വ്യാപാരങ്ങളിൽ മുഴുകി ജീവിച്ച് ക്രിസ്തുവിന്റെ മുഖത്തിന്റെ പ്രകാശം ലോകത്ത് പ്രോജ്വലിപ്പിക്കേണ്ടവരാണവർ. ഭൗതിക മണ്ഡലത്തിൽ, അദ്ധ്യാത്മികതയുടെ ചൈതന്യം പ്രസരിപ്പിക്കാൻ വിളിപ്പിക്കപ്പെട്ടവർ. അല്മായർക്കുള്ള വിശേഷണങ്ങൾക്ക് സഭയിൽ യാതൊരു പഞ്ഞവുമില്ല. വിശ്വാസികളുടെ സമൂഹം തെരഞ്ഞെടുക്കപ്പെട്ട ജനം, മനുഷ്യസമൂഹത്തിന്റെ ചൈതന്യഹേതു, ക്രിസ്തുവായ തായ്തണ്ടിനോട് ഒട്ടിച്ചേർന്നുനിൽക്കുന്ന ശാഖകൾ എന്നിങ്ങനെ ധാരാളം വിശേഷണങ്ങൾ.

"ജ്ഞാനസ്നാനം വഴി അവർ ക്രിസ്തുവിൽ ഒരു ശരീരമായിത്തീരുന്നു. ദൈവജനമായി രൂപംകൊള്ളുന്നു. ക്രിസ്തുവിന്റെ പൗരോഹിത്യത്തിലും പ്രവാചകത്വത്തിലും രാജത്വത്തിലും സ്വർഗ്ഗീയമായ രീതിയിൽ അവർ പങ്കുകാരാകുന്നു. ക്രിസ്തീയ ജനം മുഴുവന്റെയും സഭയിലും ലോകത്തിലുമുള്ള ദൗത്യത്തിൽ തങ്ങളുടേതായ പങ്ക് അവരും നിർവഹിക്കുന്നു (ജനതകളുടെ പ്രകാശം എന്ന പ്രമാണ രേഖ). രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഈ നിർവചനം മുൻകാല വ്യാഖ്യാനങ്ങളെയാകെ തകിടം മറിച്ചു എന്ന് നിസ്സംശയം പറയാം. സഭയോടും സഭാ രഹസ്യത്തോടും അല്മായർക്കുള്ള സമ്പൂർണ്ണ ബന്ധം ഊന്നിപ്പറഞ്ഞുകൊണ്ട് ഭാവാത്മകമായ ഒരു ദർശനം കൗൺസിൽ സ്വീകരിച്ചു.

പൗരോഹിത്യ ശുശ്രൂഷാധികാരമുള്ള വൈദികൻ തന്നിൽ നിക്ഷിപ്തമായിരിക്കുന്ന അപ്പസ്തോലിക അധികാരമുപയോഗിച്ച് ജനങ്ങളെ രൂപവൽക്കരിക്കുന്നു, നയിക്കുന്നു, വിശുദ്ധീകരിക്കുന്നു, ഭരിക്കുന്നു. പൊതുവായ പൗരോഹിത്യമുള്ള അല്മായന്റെ പൗരോഹിത്യം പ്രാവർത്തികമാക്കുന്നത് തന്റെ പ്രാർത്ഥനയും പ്രേഷിത ജോലികളും കുടുംബജീവിതവും തന്റെ തൊഴിൽ മേഖലകളിലെ അനുദിന ജോലികളും പരിശുദ്ധാത്മാവിൽ നിർവഹിക്കപ്പെടുമ്പോഴാണ്. ഈ വക പ്രവൃത്തികളെല്ലാം ക്രിസ്തുവിലൂടെ ദൈവത്തിന് സ്വീകാര്യമായ ബലിയായിമാറുന്നു. ക്രിസ്തുവിന്റെ പൗരോഹിത്യത്തിലും പ്രവാചകത്വത്തിലും രാജത്വത്തിലും അല്മായർ അതിനാൽ പങ്കാളികളാകുന്നു.

"ജ്ഞാനസ്നാനം വഴി എല്ലാ ക്രൈസ്തവരും അസാധാരണമായ മഹനീയത കൈവരിച്ചിരിക്കുന്നുവെന്ന അവബോധം എല്ലാ ക്രൈസ്തവർക്കും ഉണ്ടാകണം" (അല്മായ വിശ്വാസികൾ എന്ന അപ്പ: പ്രബോധനം). അല്മായരുടെ വിളിയെയും ദൗത്യത്തെയുംകുറിച്ച് വളരെയേറെ അവബോധം നൽകുന്ന അപ്പസ്തോലിക പ്രബോധനമാണ് 'അല്മായ വിശ്വാസികൾ'. ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ ക്രിസ്തുവിശ്വാസിക്കും ധാരാളമായ കൃപാവരങ്ങൾ പരിശുദ്ധാത്മാവ് നൽകിയിട്ടുണ്ട്. അപ്പോൾ വൈദികരെയും സന്യസ്തരെയും പോലെ കൃപാവരങ്ങൾ സ്വീകരിച്ച അല്മായർ തങ്ങളുടെ മൂല്യത്തെപ്പറ്റിയും വിളിയും ദൗത്യത്തെപ്പറ്റിയും അജ്ഞരായിരിക്കുന്നത് എത്ര വലിയ നഷ്ടമാണ് വരുത്തുന്നത്. അതുമൂലം സഭയ്ക്കും ലോകത്തിന് തന്നെയും സംഭവിക്കുന്ന നഷ്ടം എത്ര വലുതാണ്.



വിശ്വാസം, ജ്ഞാനസ്നാനം എന്നിവ വഴി ക്രിസ്തുവിനോട് ഒന്നുചേരുക എന്നതാണ് സഭാരഹസ്യത്തിന്റെ അടിസ്ഥാനം. അല്മായരെ സംബന്ധിച്ചിടത്തോളം ക്രൈസ്തവ ജീവിതത്തിന്റെ എല്ലാ വിളികളുടെയും ശക്തിയുടെയും അടിസ്ഥാനം ഇതുതന്നെ.

സഭയിൽ 99 ശതമാനത്തിലധികം വരുന്ന അല്മായരിലാണ് ലോകത്തെ സുവിശേഷവൽക്കരിക്കുന്നതിനുള്ള വിളി നിക്ഷിപ്തമായിരിക്കുന്നത്. അതിനാൽ ലോകത്തിന്റെ രക്ഷ അല്മായരുടെ സമർപ്പണത്തിലാണ്. ■

# വാർത്തകൾ

## തയ്യൽ മെഷീൻ വിതരണം ചെയ്തു

തിരുവനന്തപുരം: സെന്റ് വിൻസൻ ഡിപോൾ സൊസൈറ്റി സെൻട്രൽ കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന മര്യനാട് ഇടവകയിലെ ഔവർ ലേഡി ഓഫ് അസംപ്ഷൻ കോൺഫറൻസ് സ്വർഗ്ഗാരോപിത മാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് സ്വയം തൊഴിൽ ചെയ്യുന്ന കുടുംബങ്ങൾക്ക് 10 തയ്യൽ മെഷീനും ധനസഹായവും ഇടവക വികാരി ഫാ. റോഡ്രിക്സ് കുട്ടി തയ്യൽ മെഷീനും, ധനസഹായവും വിതരണം ചെയ്തു. ഇടവകയിലെ നിർധന കുടുംബങ്ങളെ സഹായിക്കുന്ന ഒരു അൽമായ ഭക്തസംഘടനയാണ് സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയെന്നും ഇവരുടെ പ്രവർത്തനങ്ങൾ കൊണ്ട് ഇടവകയിലെ ധാരാളം കുടുംബങ്ങൾക്ക് നന്മ ഉണ്ടാകുന്നുവെന്നും ഉദ്ഘാടന സന്ദേശത്തിൽ അദ്ദേഹം പറഞ്ഞു. സെൻട്രൽ കൗൺസിൽ പ്രസിഡന്റ് സഖറിയാസ്, വൈസ് പ്രസിഡന്റ് ആൽബർട്ട്, ഡയനേഷ്യസ്, ഡി. ഫ്രാൻസിസ് എന്നിവർ പ്രസംഗിച്ചു. കോൺഫറൻസ് പ്രസിഡന്റ് സുശീല ആന്റണി സി.ജ്ഞാന സെൽവം എന്നിവർ നേതൃത്വം നൽകി. ആയൂർ ഇടവക കോൺഫ്രൻസിന്റെ ആഭിമുഖ്യത്തിൽ സ്വയം തൊഴിൽ പദ്ധതി ധനസഹായം. ഇടവക വികാരി ഫാ. അലക്സ് പീറ്റർ വിതരണം ചെയ്തു. കോൺഫറൻസ് പ്രസിഡന്റ് സി.ഡി സിൽവ, കോൺഫറൻസ് അംഗങ്ങൾ നേതൃത്വം നൽകി.

## സ്വർഗാരോപണ തിരുനാൾ

ശ്രീകാര്യം: യാത്രക്കാരുടെ മദ്ധ്യസ്ഥനായ വിശുദ്ധ ക്രിസ്റ്റഫർ ദേവാലയത്തിൽ പരിശുദ്ധ കന്യകാ മറിയത്തിന്റെ സ്വർഗാരോപണ തിരുന്നാളും ഭാരത്തിന്റെ 71-ാം സ്വാതന്ത്ര്യദിനവും വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. ദിവ്യബലിക്ക് ശേഷം നടന്ന ചടങ്ങിൽ ഭാരതീയ വായുസേനയിലെ ഉയർന്ന ഉദ്യോഗസ്ഥനും ഇടവകാംഗവുമായ വിംഗ്കമാണ്ടർ പ്രതീപ് മസ്ക്രീനാസും ഇടവക വികാരി ഫാ. ബിനു ജോസഫ് അലക്സ്-ഉം ചേർന്ന് ദേശീയ പതാക ഉയർത്തി.

## ആർച്ച്ബിഷപ് അലോഷ്യസ് മരിയ ബൻസിഗറിനെ അനുസ്മരിച്ചു



*ആർച്ച്ബിഷപ്പ് അലോഷ്യസ് മര്യബൻസിഗറിന്റെ 75-ാം ചരമവാർഷികത്തോടനുബന്ധിച്ച് നടന്ന പൊതുസമ്മേളനം കർദ്ദിനാൾ മാർ ക്ലീമിസ് കാത്തോലിക്ക ബാവ ഉദ്ഘാടനം ചെയ്യുന്നു*

തിരുവനന്തപുരം: അഭിഭക്ത കൊല്ലം രൂപതയുടെ മെത്രാനായിരുന്ന ആർച്ച്ബിഷപ്പ് അലോഷ്യസ് മര്യബൻസിഗറിന്റെ 75-ാം ചരമവാർഷികം വിവിധ പരിപാടികളോടെ ആചരിച്ചു. കാർമൽ ആശ്രമദേവാലയത്തിൽ തിരുവനന്തപുരം അതിരൂപതാധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ.സൂസപാക്യത്തിന്റെ മുഖ്യകാർമികത്വത്തിൽ നടന്ന പൊന്തിഫിക്കൽ ദിവ്യബലിയോടെയാണ് അനുസ്മരണ ചടങ്ങുകൾ നടന്നത്. ദിവ്യബലിക്കുശേഷം നടന്ന അനുസ്മരണ സമ്മേളനം കർദ്ദിനാൾ മാർ ക്ലിമിസ് കാത്തോലിക്ക ബാബ ഉദ്ഘാടനം ചെയ്തു. ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം അധ്യക്ഷനായിരുന്നു.

വിശുദ്ധിയുടെ ആരംഭം കുടുംബത്തിൽ നിന്നാണെന്നതിന് വ്യക്തമായ ഉദാഹരണമാണ് ആർച്ച്ബിഷപ്പ് അലോഷ്യസ് മരിയ ബെൻസിഗറിന്റെ ജീവിതമെന്ന് ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം പറഞ്ഞു. സ്വയം പരിത്യജിച്ച് ദൈവത്തിന് പ്രഥമസ്ഥാനം നൽകി രൂപതയെ നയിക്കാൻ അദ്ദേഹത്തെ പ്രാപ്തനാക്കിയത് കുടുംബത്തിൽ നിന്നും ലഭിച്ച ചൈതന്യമാണ്. കുരിശിന്റെ ചൈതന്യം നിലനിർത്തിയാണ് അദ്ദേഹം ജീവിച്ചതെന്നും ആർച്ച്ബിഷപ്പ് പറഞ്ഞു. ചങ്ങനാശേരി അതിരൂപതാ സഹായമെത്രാൻ മാർ തോമസ് തറയിൽ, കൊല്ലം ബിഷപ്പ് ഡോ. സ്റ്റാൻലി റോമൻ നെയ്യാറ്റിൻകര ബിഷപ്പ് ഡോ. വിൻസെന്റ് സാമുവേൽ, കോട്ടാർ രൂപതാ ബിഷപ്പ് എമിറിറ്റസ്, ഡോ. പീറ്റർ റെമിജ്യൂസ്, പുനലൂർ ബിഷപ്പ് ഡോ. സിൽവസ്റ്റർ പൊന്നുമുത്തൻ, തിരുവനന്തപുരം ലത്തീൻ അതിരൂപതാ സഹായമെത്രാൻ ഡോ. ആർ.ക്രിസ്തുദാസ്, ഫാ. ജോഹന്നാസ്, ഗൊരന്റ്ര ഒസിഡി, ഡോ. ജെറോം ദാസ്, ഫാ. അഗസ്റ്റിൻ പുന്നോലിൽ, സിസ്റ്റർ ടെൽമ മണിക്കനാംപറമ്പിൽ സി. സജിതമേരി, സി. ഗൈൽസ് തുടങ്ങിയവർ പങ്കെടുത്തു. ആർച്ച്ബിഷപ്പ് അലോഷ്യസ് മരിയ ബെൻസിഗറിന്റെ നാമകരണ പ്രക്രിയയ്ക്കും തുടക്കംകുറിച്ചു. ചടങ്ങിൽവച്ച് ആർച്ച് ബിഷപ്പ് മരിയ ബെൻസിഗറിനെക്കുറിച്ച് ഡോ. സക്കറിയാസ് കരിയിലക്കുളം ഒ.സി.ഡി രചിച്ച പുസ്തകം കൊല്ലം ബിഷപ്പ് ഡോ. സ്റ്റാൻലി റോമൻ ബിഷപ്പ് ഡോ. വിൻസെന്റ് സാമുവലിന് നൽകി പ്രകാശനം ചെയ്തു.



*മത്സ്യബന്ധന ഗ്രാമമായ ചിന്നത്തുറയിൽനിന്നും, സിവിൽ സർവീസിൽ സെലക്ഷൻ ലഭിച്ച മാർഷലിനെ ലാറ്റിൻ കാത്തലിക് സർവീസ് സൊസൈറ്റി ഭാരവാഹികൾ, അദ്ദേഹത്തിന്റെ ഭവനത്തിൽ എത്തി ആദരിക്കുന്നു.*

## മുത്തശ്ശി-മുത്തശ്ശന്മാരെ ആദരിച്ചു

വിഴിഞ്ഞം: വിഴിഞ്ഞം ഇടവക കുടുംബ ശുശ്രൂഷാ സമിതിയുടെ ആഭിമുഖ്യത്തിൽ ഇടവകയിലെ മുത്തശ്ശി-മുത്തശ്ശന്മാരെ ജപമാലകൾ നൽകി ആദരിച്ചു. വൃദ്ധർക്കുവേണ്ടിയുള്ള ആഘോഷമായ ദിവ്യബലിയോടെയാണ് ആദരിക്കൽ ചടങ്ങ് നടന്നത്. കുടുംബശുശ്രൂഷാ സമിതി ഡയറക്ടർ ഫാ. സുരേഷ് പയസ് ദിവ്യബലിക്ക് കാർമികത്വം വഹിച്ചു. കുടുംബ ശുശ്രൂഷാ സമിതി കൺവീനർ ഹെൽ സേവ്യർ, സമിതി എക്സിക്യൂട്ടീവ് അംഗങ്ങൾ, വാർഡുതല കുടുംബശുശ്രൂഷാ സമിതി അംഗങ്ങൾ എന്നിവർ ചടങ്ങിന് നേതൃത്വം നൽകി.

## ബിസിസി യൂണിറ്റ് വാർഷികം ആഘോഷിച്ചു

ചെറിയതുറ: ചെറിയതുറ ഇടവക വി. അൽഫോൺസാ ബിസിസി യൂണിറ്റ് വിപുലമായ പരിപാടികളോടെ വാർഷികം ആഘോഷിച്ചു. ദിവ്യബലിയോടെ ആരംഭിച്ച വാർഷികാഘോഷ സമ്മേളനത്തിൽ ഇടവക വികാരി ഫാ. ജെറോം റോസ് അധ്യക്ഷനായിരുന്നു. ആനിമേറ്റർ സിസ്റ്റർ മേരി ജോസഫിൻ പങ്കെടുത്തു. വാർഷികാഘോഷത്തോടനുബന്ധിച്ചുനടത്തിയ കായിക മത്സര വിജയികൾക്കും ലോഗോസ് ക്വിസിന് ഇടവകയിൽ നിന്നും കൂടുതൽ മാർക്കു വാങ്ങിയ യൂണിറ്റ് അംഗം ജേഷ്മ ജസ്റ്റിൻ എന്നിവർക്കുള്ള സമ്മാനങ്ങൾ ഇടവക വികാരി വിതരണം ചെയ്തു.

## സൗജന്യ ദന്ത ചികിത്സാ ക്യാമ്പ്

ചാവടിമുക്ക്: ചാവടിമുക്ക് സെന്റ് ക്രിസ്റ്റഫർ ഇടവക ടിഎസ്എസ്എസും തിരുവനന്തപുരം ദന്തൽ കോളേജും സംയുക്തമായി സൗജന്യ ദന്തചികിത്സാ ക്യാമ്പ് സംഘടിപ്പിച്ചു. തിരുവനന്തപുരം ദന്തൽ കോളേജിൽ നിന്നുള്ള ഡോക്ടർമാരുടെ ഒരു മൊബൈൽ ക്ലിനിക്കൽ സംഘം നേതൃത്വം നൽകിയ ക്യാമ്പിൽ ഇടവകാംഗവും ബിഡിഎസ് ബിരുദധാരിയുമായ ലിജി ജോണിയും പങ്കെടുത്തു.



*വിഴിഞ്ഞം ഇടവക കുടുംബ ശുശ്രൂഷാ സമിതിയുടെ ആഭിമുഖ്യത്തിൽ ഇടവകയിലെ മുത്തശ്ശി-മുത്തശ്ശന്മാരെ ആദരിച്ചപ്പോൾ*



*അഞ്ചുതെങ്ങ് ഇടവകയിൽ ഗ്രാന്റ് പാരന്റ്സിനെ ആദരിച്ചപ്പോൾ*



*കണ്ണാന്തുറ സെന്റ് പീറ്റേഴ്സ് ഇടവകയിൽ ഗ്രാന്റ് പാരന്റ്സിനെ ആദരിക്കുന്ന ചടങ്ങിൽ പങ്കെടുത്തവർ ഇടവകവികാരി ഫാ. ലാസർ ബനഡിക്ടിനോടൊപ്പം*



*ഫാത്തിമപുരം ഇടവകയിൽ ബിസിസി യൂണിറ്റ് അടിസ്ഥാനത്തിൽ നടത്തി ഫാ. മൈക്കിൾ ആൽബീനോ മെമ്മോറിയൽ ക്രിക്കറ്റ് ടൂർണമെന്റിൽ വിജയികളായവർക്കുള്ള ട്രോഫി ബിഷപ്പ് ഡോ. ആർ ക്രിസ്തുദാസ് സമ്മാനിക്കുന്നു*

# വാർത്തകൾ

## മിഷൻ കോൺഗ്രസ് പാളയം ഫൊറോന സംഗമം

പാളയം: ദൈവസ്നേഹമായിരിക്കണം ഏതൊരു ക്രൈസ്തവന്റെയും മുഖമുദ്രയെന്നും, സഹോദരനുവേണ്ടിയുള്ള ത്യാഗം സന്തോഷത്തോടെ അനുഷ്ഠിക്കണമെന്നും ബിഷപ്പ് ഡോ. ക്രിസ്തുദാസ്. ക്രിസ്തുവിനോടൊത്ത് സഹിക്കുകയും ക്രിസ്തുവിനോടൊത്തുവളരുകയും ചെയ്യുമ്പോൾ ഏതൊരുവനും ആത്മീയാനന്ദം അനുഭവിക്കുവാൻ കഴിയും. നമ്മുടെ പ്രവർത്തികൾ കണ്ട് നാം ക്രിസ്തുവിന്റെ അനുയായികളെന്ന് മറ്റുള്ളവർ പറയാൻ ഇടവരുത്തണം. അതാണ് ഓരോ ക്രൈസ്തവനിലും രൂപപ്പെടേണ്ട നവചൈതന്യം. - ബിഷപ്പ് പറഞ്ഞു.

കെആർഎൽസിസിയുടെ ആഭിമുഖ്യത്തിൽ ഒക്ടോബറിൽ വല്ലാർപാടത്തുവച്ച് നടക്കുന്ന മിഷൻ കോൺഗ്രസ് ബിസിസി സംഗമം 2017 ന് മുന്നോടിയായി മണക്കാട് സഹായമാതാ ഇടവകയിൽ വച്ച് നടന്ന പാളയം ഫൊറോനാ ബിസിസി സംഗമം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അതിരൂപതാ സഹായമെത്രാൻ ബിഷപ്പ് ഡോ. ക്രിസ്തുദാസ്. സംഗമത്തിൽ ഫൊറോനാ വികാരി ഡോ. ജോർജ്ജ് ഗോമസ് അധ്യക്ഷനായിരുന്നു. ഡോ. ലോറൻസ് കുലാസ്, ഫാ. തിയോഡേഷ്യസ്, ഫാ. സന്തോഷ്, ഫാ. ജെറോം നെറ്റോ എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നയിച്ചു. ബിസിസി ഫൊറോനാ വൈദിക കോർഡിനേറ്റർ ഫാ. ആന്റണി സിൽവസ്റ്റർ, ഫൊറോനാ ബിസിസി സെക്രട്ടറി ജോസഫ് എം.രത്നരാജ് തുടങ്ങിയവർ പ്രസംഗിച്ചു.

സംഗമത്തോടനുബന്ധിച്ച് ഫൊറോനയിലെ എട്ട് ഇടവകകളിൽ നിന്നുള്ള വിവിധ കലാപരിപാടികളും അവതരിപ്പിച്ചു. കൺവീനർ ടൈറ്റസ്, ബിസിസി പാളയം ഫൊറോനാ ആനിമേറ്റർ വൈ. സെബാസ്റ്റ്യൻ എന്നിവർ നേതൃത്വം നൽകി.



*പാളയം ഫൊറോനാ ബിസിസി സംഗമം ബിഷപ്പ് ഡോ. ആർ ക്രിസ്തുദാസ് ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുന്നു.*



*ഫാത്തിമപുരം ഇടവകയിൽ നടന്ന ഹോം മിഷനിൽ പങ്കെടുത്ത സന്യാസിനികൾ അതിരൂപതാധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം, ബിസിസി എക്സി. സെക്രട്ടറി ഫാ. മൈക്കിൾ തോമസ്, ഇടവക വികാരി എന്നിവരോടൊപ്പം*



*ടിഎസ്എസ്എസിന്റെ ആഭിമുഖ്യത്തിൽ സേവ് എ ഫാമിലി പദ്ധതിയുടെ പങ്കാളിത്തത്തോടെ നിർമ്മിക്കുന്ന 25 ഭവനങ്ങളുടെ തറക്കല്ലിടൽ വികാരി ജനറൽ മോൺ. യൂജിൻ എച്ച്. പെരേര നിർവഹിക്കുന്നു.*



*പൂഴിക്കുന്ന് സെൻറ് ആന്റണീസ് ഇടവകയിൽ ഒരു വ്യക്തിക്ക് ഒരു ബൈബിൾ പദ്ധതി അനുസരിച്ചുള്ള ബൈബിൾ വിതരണം ഇടവക വികാരി ഫാ. ആന്റണി സിവൽവസ്റ്റർ നിർവഹിക്കുന്നു*



അടിസ്ഥാന ക്രൈസ്തവ സമൂഹം

ഫാ. മൈക്കിൾ തോമസ്
ബിസിസി എക്സി. സെക്രട്ടറി

# ഇടവകയിൽഅംഗത്വം ലഭിക്കുവാൻ ബി.സി.സി. യൂണിറ്റിൽ അംഗമാകേണ്ട ആവശ്യമുണ്ടോ?

ജ്ഞാനസ്നാനം സ്വീകരിച്ച ഒരു വിശ്വാസിയുടെ അവകാശമാണ് പ്രാദേശിക സഭയായ ഇടവകയിലെ അംഗത്വം. തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ അജപാലന സംവിധാനവും ഘടനയുമനുസരിച്ച് ഒരു വ്യക്തിക്കോ, കുടുംബത്തിനോ ഒരു ഇടവകയിൽ അംഗത്വം ലഭിക്കുന്നത് ആ വ്യക്തിയുടെ /കുടുംബത്തിന്റെ ബി.സി.സി.യിലെ അംഗത്വം വഴിയാണ്.

ഒരു വ്യക്തി അഥവാകുടുംബം ബി.സി.സി.യിലൂടെ ഇടവകാംഗത്വം ലഭിക്കുന്ന പ്രധാന സാഹചര്യങ്ങൾ

1. ഒരംഗം ജനിച്ച് ജ്ഞാനസ്നാനം സ്വീകരിക്കുന്നതിലൂടെ
2. ഒരു ഇടവകക്കുള്ളിൽ നിന്നോ, രണ്ട് വ്യത്യസ്ത ഇടവകകളിൽ നിന്നോവിവാഹകൂദാശയിലൂടെ ഒരു പുതിയകുടുംബത്തിന് രൂപം നൽകുകയും തുടർന്ന് ദമ്പതിമാർ സംയുക്തമായി ഇടവക വികാരിയോട് അഭ്യർത്ഥിക്കുകയും ചെയ്യുമ്പോൾ
3. ഒരു ഇടവകയിൽ നിന്നും അവിടത്തെ വികാരിയച്ചന്റെ അനുവാദകത്തുമായിസ്ഥലംമാറിമറ്റൊരുഇടവകയിലേക്ക് ചേരാൻ ആഗ്രഹം പ്രകടിപ്പിക്കുമ്പോൾ

ഇത്തരം സാഹചര്യങ്ങളിൽ ഇടവക വികാരി അംഗത്വം ആവശ്യപ്പെടുന്ന വ്യക്തിയുടെ/കുടുംബത്തിന്റെ അവസ്ഥ അന്വേഷിച്ച് മനസിലാക്കുകയും സഭാപരമായിട്ടുള്ള നിബന്ധനകളും വ്യവസ്ഥകളും പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തിയതിനു ശേഷം ഇടവക കൗൺസിൽ അംഗങ്ങളുടെ അറിവോടെ ആ വ്യക്തി/കുടുംബം നിലവിൽ താമസിക്കുന്ന/താമസിക്കാൻ ആഗ്രഹിക്കുന്ന യൂണിറ്റ് ഭാരവാഹികളോട് ആ യൂണിറ്റിൽ ചേർക്കാൻ നിർദ്ദേശിക്കുന്നു. ഇടവക വികാരിയുടെ നിർദ്ദേശം കിട്ടികഴിഞ്ഞാൽ യൂണിറ്റ് ഭാരവാഹികളുടെ ഉത്തരവാദിത്തം അത് പാലിക്കുകഎന്നുള്ളതാണ്. അതായത് അംഗത്വം ആവശ്യപ്പെട്ട്വികാരിയുടെ കുറിപ്പുമായി വന്നിരിക്കുന്ന വ്യക്തിയെ/കുടുംബത്തെ ബി.സി.സി. യൂണിറ്റിൽചേർക്കുക എന്നതാണ്.

അംഗത്വം നൽകുന്നത് അനാവശ്യമായി വൈകിക്കുവാൻ പാടുള്ളതല്ല. പുതിയ ഒരു കുടുംബത്തെയോ അംഗത്തെയോ യൂണിറ്റിൽ ചേർക്കുന്നതിൽ ഓരോ യൂണിറ്റും അവരവരുടേതായിട്ടുള്ള നിയമങ്ങളും ചട്ടങ്ങളും ഉണ്ടാക്കുന്നതും ശരിയല്ല. അഥവാ ഇടവകയുടെ പ്രത്യേക സാഹചര്യം ഉൾക്കൊണ്ടുകൊണ്ട് പ്രത്യേക മാർഗ്ഗനിർദ്ദേശം പാലിക്കുന്നുവെങ്കിൽ അത് ഇടവക കൗൺസിലിലും ബി.സി.സി. ജനറൽബോഡിയിലും ചർച്ച ചെയ്ത്തീരുമാനമെടുത്ത് അതിരൂപതാദ്ധ്യക്ഷന്റെഅംഗീകാരത്തോടെ ഇടവകയിലെ എല്ലാ യൂണിറ്റിലുംഒരേപോലെ നടപ്പിൽ വരുത്തേണ്ടതാകുന്നു.

ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാ വ്യക്തികളും ഏതെങ്കിലും ഒരു ഇടവകയിൽ അംഗമായിരിക്കണം. അതിനാൽ പുതുതായിവിവാഹിതരാകുന്ന ദമ്പതിമാരും അവർ താമസിക്കാൻ ആഗ്രഹിക്കുന്ന ഇടവകയിലെ യൂണിറ്റിൽവിവാഹം കഴിഞ്ഞാലുടൻ തന്നെ അംഗത്വം സ്വീകരിക്കേണ്ടതാകുന്നു. അല്ലാതെ ഒരു കുഞ്ഞു ജനിക്കുന്നതുവരെയോ മറ്റ് കൗദാശികആവശ്യങ്ങൾ ഉണ്ടാകുന്നതുവരേയോ, വിദ്യാഭ്യാസവും അനുബന്ധിത നിയമനാവസരങ്ങൾ വരെയോകാത്തിരിക്കരുത്. അങ്ങനെയുണ്ടാകുമ്പോൾ അവരുടെ ഉദ്ദേശശുദ്ധി ചോദ്യംചെയ്യപ്പെടും. ഇപ്രകാരം തന്നെ ആയിരിക്കണം പല ആവശ്യങ്ങൾക്കായി ഇടവക മാറിമറ്റൊരു ഇടവകയിൽ താമസമാക്കുന്ന കുടുംബങ്ങളും. വിവാഹം കഴിഞ്ഞാലുടൻ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ പേര് രജിസ്റ്റർ ചെയ്യുന്ന അതേ പ്രാധാന്യത്തോടുംഗൗരവത്തോടുംകൂടി യൂണിറ്റിൽചേരുകയും ഇടവക അംഗത്വം സ്വീകരിക്കുകയും ചെയ്യണം. ■





# നീർച്ചാലുകൾ

ഞായറാഴ്ച വിചിന്തനങ്ങൾ

ആണ്ടുവട്ടം 22-ാം ഞായർ (സെപ്തം. 3)

നീർച്ചാലുകൾ

ഫാ. വിക്ടർ എവരിസ്റ്റസ്

# 'ന്റെ പുണ്യാളച്ചാ നമ്മട കർത്താവിനെ കാത്തോളണെ'

ജറ. 20: 7-9 | 2 റോമ. 12: 1-02 | മത്താ. 16: 21-27



ആത്മീയതയേക്കാൾ ആചരണങ്ങൾക്കും വിശ്വാസത്തെക്കാൾ വഴിപാടുകൾക്കും വില കൽപ്പിക്കുമ്പോൾ വില കെട്ടുപോകുന്ന വിശ്വാസത്തിന്റെ കൂടെപ്പിറപ്പുകളായി നാം മാറുന്നു.

യേശു തന്റെ പീഡാസഹനം, മരണം, ഉത്ഥാനം എന്നിവ പ്രവചിക്കുമ്പോൾ പത്രോസ് അതിന് തടസം പറയുന്നു. ദൈവീക പദ്ധതിക്ക് വിരുദ്ധമായി ചിന്തിക്കുന്ന പത്രോസിനെ യേശു ശാസിക്കുകയും പീഢാസഹനത്തിന്റെ വഴിയാണ് തന്നെ അനുഗമിക്കുന്നവർക്ക് ലഭിക്കാനിരിക്കുന്നതെന്ന് പഠിപ്പിക്കുകയും ചെയ്യുന്നു. ആ പഠനത്തിന്റെ അവസാന വചനം ഇപ്രകാരമാണ്: "ഒരുവൻ ലോകം മുഴുവനും നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്ത് പ്രയോജനം? ഒരുവൻ സ്വന്തം ആത്മാവിന് പകരമായി എന്തു കൊടുക്കും?" ഈ ഒരു വചനത്തെ ധ്യാനവിഷയമാക്കിയപ്പോൾ എന്റെ മനസ്സ് ഇങ്ങനെ ഒരു തിരുത്താണ് തെളിയിച്ച് നൽകുന്നത്. "ഒരുവൻ ലോകം മുഴുവനുമുള്ള വിശുദ്ധരെ നേടിയാലും... ക്രിസ്തുവിനെ നേടിയില്ലെങ്കിൽ അവന് അതൊക്കെ കൊണ്ട് എന്തുപ്രയോജനം? അമ്പലം വിഴുങ്ങുന്ന ശാന്തിയുടെയും വിശ്വാസം വിഴുങ്ങുന്ന ഭക്തിയുടെയും മദ്ധ്യേ വിശ്വസിക്കുന്ന നാം ഈ ഒരു ചിന്തയെ ഗൗരവമായി തന്നെയെടുക്കണം.

ദുഃഖവെള്ളിയാഴ്ചയിലെ പീഡാനുഭവ സന്ദേശം പള്ളിയിൽ നടക്കുകയാണ്. ക്രിസ്തു നടന്നുപോകുന്ന കൊടും യാതനകളെപറ്റിയും, ശരീരത്തിലേക്ക് തുളച്ചുകയറുന്ന ആണിയുടെ വലുപ്പത്തെപ്പറ്റിയും, ഭൂമിയിൽ ഇറ്റുവീഴുന്ന ചോരയുടെ ചുവപ്പിനെ പറ്റിയും പള്ളീലച്ചൻ വികാരപരവശനായ് പ്രസംഗിക്കുമ്പോൾ അറുപതു കഴിഞ്ഞ വല്യമ്മച്ചി അന്തോണീസ് പുണ്യാളന്റെ രൂപക്കൂട്ടിലേക്ക് നോക്കി ആത്മഗതം ചെയ്തു. "ന്റെ പുണ്യാളച്ചാ നമ്മുടെ കർത്താവിനെ കാത്തോളണെ."

ആത്മീയതയേക്കാൾ ആചരണങ്ങൾക്കും വിശ്വാസത്തെക്കാൾ വഴിപാടുകൾക്കും വിലകൽപ്പിക്കുമ്പോൾ വിലകെട്ടുപോകുന്ന വിശ്വാസത്തിന്റെ കൂടെപ്പിറപ്പുകളായി നാം മാറുന്നു. സാബത്തെന്നു വിശേഷിപ്പിച്ചുകൊണ്ട് വിശുദ്ധ ഗ്രന്ഥം ഞായറാഴ്ചയെ കർത്താവിന് എഴുതിക്കൊടുത്തപ്പോൾ വിശ്വാസികളെല്ലാവരും കൂടി തിങ്കളാഴ്ച മാലാഖമാർക്കും, ചൊവ്വാഴ്ചയെ അന്തോണീസിനും, ബുധനാഴ്ചയെ ഔസേപ്പിതാവിനും, വ്യാഴാഴ്ചയെ യൂദാ തദേവൂസിനും, വെള്ളിയാഴ്ചയെ സെബസ്ത്യാനോസിനും, ശനിയാഴ്ചയെ മറിയത്തിനും തീറെഴുതി കൊടുത്തു. അങ്ങനെ പടച്ചോനെയും പുണ്യാളന്മാരെയും കൂടി ഒരു വണ്ടിയ്ക്ക് കെട്ടി. പുറ



പ്പാടിന്റെ ദിവസങ്ങളിൽ കാളകുറ്റനെ കണ്ടപ്പോൾ കർത്താവിനെ മറന്ന ഇസ്രായേലിനെപ്പോലെ പുണ്യാളന്മാരെ കാണുമ്പോൾ ഈശോയെ നാം മറന്നുപോകുന്നു.

വിശ്വാസത്തിന്റെ ലേബലൊട്ടിച്ചു നാം കാട്ടികൂട്ടുന്ന ഭക്ത്യാഭ്യാസം തികച്ചും സ്വാർത്ഥതയുടെ കാവടിയാട്ടമാണ്. ആഴ്ചയിലെ ഓരോ ദിവസവും ഓരോ വിശുദ്ധന്റെ/വിശുദ്ധയുടെ അടുക്കലേക്ക് നാം ഓടുന്നത്, വിശുദ്ധരോടുള്ള പ്രണയം കൊണ്ടൊന്നുമല്ലെന്ന് തീർച്ചയാണ്. നടന്നു കിട്ടേണ്ട നിയോഗങ്ങളുടെ ഒരു നീണ്ടനിര കയ്യിൽ കരുതിയിട്ടാണ് ഈ ഓട്ടപ്പാച്ചിൽ. പരീക്ഷാ വിജയം, വിവാഹം, കോടതി, കേസ്, സ്വത്ത്, പറമ്പ് ഇവയൊന്നുമില്ലാതെ ഒരു വിശ്വാസിപോലും വിശുദ്ധരുടെ അടുത്ത് ചെല്ലാറില്ലല്ലോ?

ഒന്നു മാറി ചിന്തിക്കാം. നിയോഗങ്ങളൊന്നുമില്ലാതെ, വിശുദ്ധരോടുള്ള സ്നേഹം ഒന്നുകൊണ്ടുമാത്രം നാം രൂപം ചുംബിക്കുമ്പോൾ (വിഗ്രഹാരാധനയെന്ന് പറയരുത് - ഉദാഹരണം പറയുന്നു എന്നുമാത്രം) അതിൽ അല്പം ആത്മീയതയുണ്ട്. ഇല്ലാതെ അവനവന്റെ ആവശ്യങ്ങൾക്കുമേൽ അടയിരുന്നു, അടചൂടായി കഴിയുമ്പോൾ അതിനെ കേറി വെറുതെ ആത്മീയത എന്നൊന്നും വിളിച്ചേക്കരുത്. ഒരു വിശുദ്ധനും നിന്റെ വീടിന്റെ ആധാരോം കെട്ടിപ്പിടിച്ചു കിടന്നുറങ്ങുന്നില്ല. ഒരു പുണ്യവാളനും ഹൈക്കോടതി ജഡ്ജിയെ പരിചയമില്ല നീ കൊടുക്കുന്ന കേസിന്റെ വിധി മാറ്റി എഴുതാൻ. ഒരു പുണ്യവതിയും മാട്രിമോണിയൽ സൈറ്റ് തുടങ്ങിയിട്ടില്ല ആരുടെയും കല്യാണം നടത്താൻ. നീ നിരത്തിവയ്ക്കുന്ന നിയോഗങ്ങളുടെ തീർപ്പുകല്പിക്കാൻ പോന്ന കാര്യങ്ങളൊന്നും വിശുദ്ധരുടെ കൈവശമില്ല. അവരുടെ കൈയിൽ ആകെയുള്ളത് ക്രിസ്തുവിന് നൽകാൻ സ്നേഹം സൂക്ഷിച്ച ഒരു വലിയ ഖൽബ് മാത്രമാണ്. ക്രിസ്തുനിറഞ്ഞ നല്ല മനസ്സ് നിന്നിലും രൂപപ്പെടുമ്പോൾ നിന്റെ മനസ്സിന്റെ പ്രാർത്ഥനകൾക്ക് മാധ്യസ്ഥം നിൽക്കുന്ന ചാലക ശക്തിയായി വിശുദ്ധർ മാറും.

സുന്ദരകവാടത്തിന്റെ മുന്നിലിരിക്കുന്ന മുടന്തനോട് പത്രോസ് പറഞ്ഞതുപോലെ "സ്വർണ്ണമോ, വെള്ളിയോ ഒന്നും നമ്മുടെ കൈയിലില്ല.... ഉള്ളത് തരാം.... കർത്താവായ ദൈവത്തിന്റെ നാമത്തിൽ എഴുന്നേറ്റു നടക്കുക." ചില്ലിട്ടു പൂട്ടിയിരിക്കുന്ന രൂപക്കൂടിന്റെ ഉള്ളിൽ നിന്നും ഉയരുന്ന വചനവും, "സ്വർണ്ണവും വെള്ളിയും ഇല്ല" എന്നതു തന്നെയാണ്. പുറത്തേക്ക് വരാനാകാതെ ആ വാക്കുകൾ ചില്ല് മേടയ്ക്കുള്ളിൽ തലതല്ലി ചാകുന്നുണ്ടാകാം.

കാര്യം കാണാനായി പുണ്യാളന്മാർക്ക് വെറുതെ കൈക്കൂലി കൊടുക്കാൻ നീ തുനിയരുത്. പത്തുലക്ഷത്തിന്റെ കല്യാണം നടക്കാൻ പത്തു രൂപയുടെ പൂമാല, കാണാതെ പോയ സ്വർണമാല കണ്ടുകിട്ടാൻ പുണ്യാളനു നേർച്ച ഒരു "ടോർച്ച്" (ഇരുട്ടത്ത് തപ്പാൻ) വഴിയ്ക്ക് വീതികൂട്ടാൻ വേണ്ടി വേലിപൊളിക്കാത്ത വറീതിന്റെ തല തകരാൻ ചെറിയ വെടി നാല് വലിയവെടി രണ്ട്.

ക്രിസ്തുവിനെ സ്നേഹിക്കാനുള്ള ശ്രമത്തിൽ മരണംപോലും വരിച്ച് സ്വർഗം പൂകിയ പുണ്യാളന്മാർക്ക് നാമായിട്ട് ഒന്നും കൊടുക്കേണ്ട. നീ ഭൂമിയിൽ കൊളുത്തുന്ന നേർച്ച തിരികളുടെ വെട്ടം സ്വർഗത്തിന് വേണ്ട. ഉള്ളിൽ പ്രകാശമുള്ളവരാണ് സ്വർഗനിവാസികൾ. വിശുദ്ധർക്കായെന്നും പറഞ്ഞുകൊടുക്കാനോങ്ങുന്ന കാര്യങ്ങൾ മനുഷ്യരിൽ മാംസം ധരിക്കട്ടെ. കറണ്ട് കിട്ടാത്ത കുടിലിലേക്ക് നീ ഒരു കൂട് മെഴുകുതിരി കൊടുക്ക്, അനാഥാലയങ്ങളിലേക്കും അന്നമില്ലാത്ത അടുപ്പിലേക്കും നമ്മുടെ ഈ നേർച്ചകൾ ഓടിയെത്തട്ടെ. മിന്നു വീഴ്ത്താൻ പാടുപെടുന്ന ഒരു പെണ്ണിന്റെ കഴുത്തിലേക്ക് നിന്റെ പൂമാല നേർച്ചകൾ സൗരഭ്യം പരത്തട്ടെ. അപ്പുറത്തെ വീട്ടിലെ നിലവിളി കേൾക്കാൻ മാത്രം നിന്റെ വെടിവഴിപാടുകൾ നിശബ്ദമാകട്ടെ. സർവോപരി വിശുദ്ധ കുർബാനയിലെ ക്രിസ്തുവിന്റെ മുന്നിൽ തൊഴുതുനിൽക്കട്ടെ നിന്റെ നൊവേന പ്രാർത്ഥനകളും, അമ്പു തിരുനാളുകളും, അന്ധവിശ്വാസങ്ങളും.

"ഒരുവൻ ലോകം മുഴുവനുമുള്ള വിശുദ്ധരെ നേടിയാലും, ക്രിസ്തുവിനെ നേടിയില്ലെങ്കിൽ, അവന് അതൊക്കെ കൊണ്ട് എന്തു പ്രയോജനം" എന്നതിന്റെ അർത്ഥം ഇപ്പോൾ നിനക്ക് മനസ്സിലായില്ലേ?

## ലേഖന മത്സരം

**സുജാറാണിക്ക്**
**ഒന്നാംസ്ഥാനം**

അദ്ധ്യാപക ദിനത്തോടനുബന്ധിച്ച് ജീവനും വെളിച്ചവും അധ്യാപകർക്കായി നടത്തിയ ലേഖനമത്സരത്തിൽ സുജാറാണി എസ്.കെ. (ഗവ. എൽപിഎസ്, കാഞ്ഞിരംകുളം) ഒന്നാം സ്ഥാനം നേടി. സിസ്റ്റർ ലിസ്യൂ വർഗീസ്, പ്രീത എസ്, ആര്യമോൾ എച്ച് എന്നിവർ രണ്ടാം സ്ഥാനത്തിനും അർഹരായി.

**വിജയികൾക്ക് അനുമോദനങ്ങൾ**

നീർച്ചാലുകൾ

ഫാ. ജെറോം നെറ്റോ



# സ്നേഹിച്ചാൽ ദൈവത്തെ കാണാം

എസ. 33: 7-9 | റോമ. 13: 8-10 | മത്താ. 18 : 15-20

**ഒന്നാം വായന**

ലോകത്തിൽ തിരുത്തലുകൾ അനിവാര്യമാണ്. നിസംഗതയാണ് പലപ്പോഴും നമ്മെ പിന്നോട്ടുവലിക്കുന്നത്. എന്തിന് അപരന്റെ കാര്യത്തിൽ നാം ഇടപെടണം. വേണ്ട, വേലിയിലിരിക്കുന്ന പാമ്പിനെ തോളത്തുവയ്ക്കെണ്ടായെന്നതാണ് അന്തർലീനമായിരിക്കുന്നത്. എന്നാൽ ഇസ്രായേലിന്റെ കാവൽക്കാരനായി പ്രവാചകനെ നിയമിച്ചുനല്കുന്ന സന്ദേശം വളരെ ശ്രദ്ധേയമാണ്. ദുഷ്ടതയിൽ കഴിയുന്ന നിന്റെ സഹോദരൻ തിരുത്തലുകൾ ലഭിക്കാതെ ദുഷ്ടതയിൽ തന്നെ നശിച്ചാൽ/മരിച്ചാൽ അവന്റെ നാശത്തിനും മരണത്തിനും നീയും ഉത്തരവാദിയാണ്. ആയതിനാൽ നീ അയൽക്കാരനും കാവൽക്കാരനും രക്ഷകനുമായി മാറേണ്ടിയിരിക്കുന്നു.

**രണ്ടാം വായന**

അയൽക്കാരനെ സ്നേഹിക്കുന്നവൻ നിയമം പൂർത്തീകരിച്ചുകഴിഞ്ഞു. മനുഷ്യർ പരസ്പരം സ്നേഹിക്കുകയാണെന്നതാണ് ഏക കടപ്പാട്. കാരണം ദൈവം സ്നേഹമാണ്. സ്നേഹിക്കുന്നവൻ ദൈവത്തിൽ നിന്നുള്ളവനുമാണ്.

**സുവിശേഷം**

കർക്കശക്കാരനാകാതെ സഹോദരന്റെ കാവൽക്കാരനാവുക. സ്നേഹവും സൗഹൃദവും പക്വതയും ആവശ്യമായിവരുന്നു. കാരണം സഹോദരനെ തിരുത്തുമ്പോൾ അവൻ അകന്നുപോകരുത്, മറിച്ച് അവനെ നേടാൻ പറ്റുന്ന മാർഗ്ഗം അവലംബിക്കണം. നഷ്ടപ്പെട്ട ആടിനെ കണ്ടെത്തുവോളം അന്വേഷിച്ച് തോളിലേറ്റി മടങ്ങിവരുന്ന അനുഭവം. സാക്ഷികളെ കൂട്ടുമ്പോഴും സ്വാർത്ഥതയും തർക്കുത്തരവും പാടില്ല.

ജെ.കൃഷ്ണമൂർത്തിയുടെ ഒരു പുസ്തകത്തിന്റെ പേരാണ് "നിങ്ങളുടെ ലോകം" അതിന്റെ ഉള്ളടക്കമായി നാം മനസിലാക്കുന്നത്: "എന്റെ ലോകം ഞാൻ നന്നാക്കണം, അപ്പോൾ ലോകവും നന്നാകുമെന്നതാണ്." നിന്റെ സഹോദരൻ എവിടെയെന്ന ചോദ്യത്തിന് ഞാനാണോ സഹോദരന്റെ കാവൽക്കാരനെന്ന മറുചോദ്യമല്ല ആവശ്യമായിരിക്കുന്നത്. മറിച്ച് സഹോദരന്റെ കാവൽക്കാരനും അയൽക്കാരനുമായി മാറേണ്ടിയിരിക്കുന്നു. വിശുദ്ധന്മാരെല്ലാവരും തന്നെ ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി ജീവിച്ചവരാണ്. എനിക്ക് ആത്മാക്കളെ തരിക മറ്റെല്ലാം അങ്ങ് എടുത്തുകൊള്ളുക യെന്നതായിരുന്നു വി. ഫ്രാൻസീസ് സേവ്യറിന്റെ പ്രാർത്ഥന.

ദുഷ്ടൻ ദുഷ്ടതയിൽ മരിച്ചാൽ/നശിച്ചാൽ അവനെ നാശത്തിൽ നിന്നും പിൻതിരിപ്പിക്കാതിരുന്നാൽ പ്രവാചകനും അതേ നാശത്തിന് ഹേതുവാകുന്നു. എന്നാൽ അവനെ പിന്തിരിപ്പിച്ചിട്ടും അവൻ നശിച്ചു പോകുന്നുവെങ്കിൽ പ്രവാചകന് ശിക്ഷയില്ല. കാരണം നീ അവന് മുന്നറിയിപ്പുകൾ നൽകിയിരുന്നു. നഷ്ടപ്പെട്ടുപോയ ആടിന്റെ പിന്നാലെ പോയ നല്ലിടയന്റെ ക്ഷമയും, അന്വേഷണവും, കണ്ടെത്തലും തോളിലേറ്റി മടക്കിക്കൊണ്ടുവരുമ്പോഴുള്ള ആഹ്ലാദവും ഇവിടെ പ്രസക്തമാണ്.

തെറ്റായ തിരുത്തലിനെക്കുറിച്ച് വി.അഗസ്തീനോസ് മുന്നറിവ് നൽകുന്നുണ്ട്. പ്രതീക്ഷകൾ നഷ്ടപ്പെട്ട മനുഷ്യർ, തങ്ങളുടെ പരിമിതികളെയും കുറവുകളെയും വളരെ ലഘുവായി കാണുകയും എന്നാൽ അപരന്റെ പരിമിതകൾ, കുറവുകുറ്റങ്ങളെക്കുറിച്ച് വളരെ താല്പര്യപൂർവ്വം ഏറ്റവും വലുതായി കാണുകയും ചെയ്യുന്നു. ഇവർ മറ്റുള്ളവരെ വിമർശിക്കുന്നു. എന്നാൽ സ്വയം തെറ്റുതിരുത്തുന്നില്ല. തന്നോടുതന്നെ രമ്യപ്പെടാതെ മറ്റുള്ളവരെ വിമർശിക്കുന്നു. എന്നാൽ സ്വയം തെറ്റുതിരുത്തുന്നില്ല തന്നോടുതന്നെ രമ്യപ്പെടാതെ മറ്റുള്ളവരെ വിധിക്കുന്നു. (They are unable to execuse themselves, they are ready to accuse others).



തിടുക്കത്തിലുള്ള എടുത്തുചാട്ടവും വിമർശനാത്മക നിലപാടുകളും, താരതമ്യം ചെയ്യലുകളും സഹോദരനെ നേടാൻ ഉപകരിക്കില്ല. അതുപോലെ തന്നെയാണ് സ്നേഹവും. അത് ദീർഘക്ഷമയുള്ളതും ദയയുള്ളതുമാണ്. അനുചിതമായി പെരുമാറുന്നില്ല, സ്വാർത്ഥം അന്വേഷിക്കുന്നില്ല കോപിക്കുന്നുമില്ല.

1. സഹോദരതുല്യമായ തിരുത്തലുകൾക്കാണ് പ്രാധാന്യം നൽകേണ്ടത്. വചനത്തിലൂടെ നാം മനസ്സിലാകുന്നത് നിരുത്തരവാദിത്വപരവും നിസംഗതാ മനോഭാവവും മാറ്റി ഉത്തരവാദിത്വത്തോടെ മടക്കിക്കൊണ്ടുവരലാണ്. ജനക്കൂട്ടം സ്നാപക യോഹന്നാനോട് ചോദിച്ചു: "ഞങ്ങൾ എന്താണ് ചെയ്യേണ്ടത്?" ജനക്കൂട്ടത്തോടും പടയാളികളോടും ചുങ്കക്കാരോടും മാനസാന്തരത്തിന്റെ സുവിശേഷമാണ് അദ്ദേഹം പങ്കുവച്ചത് (ലൂക്ക. 3:10-14).

2. നമ്മുടെ കുറെ സമയവും ദൗത്യവും സഹോദരങ്ങളുടെ നന്മയ്ക്കുവേണ്ടി ഉപയോഗപ്പെടുത്തേണ്ടതുണ്ട്. മാതാപിതാക്കൾ മക്കൾക്കും അധ്യാപകർ വിദ്യാർത്ഥികൾക്കും കൂട്ടുകാർ പരസ്പരവും പൗരന്മാർ രാജ്യത്തിനും സമയോചിതമായ തിരുത്തലുകൾ നല്കേണ്ടത് സമൂഹമന സാക്ഷിയുടെ ഭാഗമാണ്. വർഷങ്ങൾ കഴിഞ്ഞു കാത്തിരുന്ന വി. മോനിയ്ക്കായ്ക്ക് അഗസ്തീനോസിനെ തിരിച്ചുകിട്ടി. സഹോദരനെ സ്വന്തമാക്കുവാൻ ദീർഘനാളത്തെ ക്ഷമയോടുകൂടിയുള്ള കാത്തിരിപ്പ് അനിവാര്യമായേക്കാം.

3. വിവേകത്തോടും സ്നേഹത്തോടും സഹോദരനെ തിരക്കുക. വലിയ രാജാവായ സോളമൻപോലും വിവേകമാണ് ദൈവത്തിൽ നിന്നും ആവശ്യപ്പെട്ടത്. നമുക്കും വിവേകം ആവശ്യമാണ്. തിടുക്കത്തിലുള്ള എടുത്തുചാട്ടവും വിമർശനാത്മക നിലപാടുകളും, താരതമ്യം ചെയ്യലുകളും സഹോദരനെ നേടാൻ ഉപകരിക്കില്ല. അതുപോലെ തന്നെയാണ് സ്നേഹവും. അത് ദീർഘക്ഷമയുള്ളതും ദയയുള്ളതുമാണ്. അനുചിതമായി പെരുമാറുന്നില്ല, സ്വാർത്ഥം അന്വേഷിക്കുന്നില്ല കോപിക്കുന്നുമില്ല. (കൊറി. 13:14 -5). പ്രകോപനങ്ങൾ കൂടാതെയും സൗമ്യതയോടും കൂടിവേണം വ്യാപരിക്കുവാൻ.

ഊഷ്മളമായ സൗഹൃദങ്ങളുടെയും കറയില്ലാത്ത ബന്ധങ്ങളുടെയും കലവറകളായി മാറുവാൻ ജഗദീശ്വരൻ നമ്മെ അനുഗ്രഹിക്കട്ടെ!!!

ആണ്ടുവട്ടം 24-ാം ഞായർ (സെപ്തം. 17)

## നീർച്ചാലുകൾ

ഫാ. പോൾ സണ്ണി

# ചലിക്കുന്ന മേഘങ്ങൾ ചലിക്കുന്ന മനുഷ്യർ

പ്രഭ. 27 : 33-28:7 | റോമ 14: 7-9 | മത്താ. 18 : 21 - 35



ഋണബാധ്യതയിൽപ്പെട്ടുഴലുകയാണ് മനുഷ്യൻ. എല്ലാം അയല്ക്കാരനെക്കാൾ കൂടുതൽ ഉണ്ടാകണമെന്ന ശാഠ്യം. വിദ്യാഭ്യാസം, വിവാഹം, വീട്, രോഗം, ആഢംബരം ഇങ്ങനെ പലതിനും പണമിറക്കുന്ന ധൂർത്തമായ മനസ്സാണ് നമ്മുടേത്.

വിശ്വാസത്തിന്റെ ജീവിതം വെറുതെ നമുക്കു സ്വന്തമായുള്ള ഒന്നല്ല; തിളക്കമാർന്ന ദൂരങ്ങളും ഇരുണ്ട തുരങ്കങ്ങളും തുറന്ന ചക്രവാളങ്ങളും പീഡാജനകമായ അനിശ്ചിത പാതകളും ഉള്ള ഒരു യാത്രയാണത്. കോപവും ക്രോധവും നിറഞ്ഞ മനുഷ്യർ, ക്ഷമയില്ലാത്തവർ, അയല്ക്കാരോട് വിദ്വേഷം പുലർത്തുന്നവർ. പ്രഭാഷകൻ എടുത്തുപറയുന്നുണ്ട് മനുഷ്യന്റെ ദുഷ്ടതകൾ. ദൈവത്തിന്റെ കൃപാവരങ്ങൾക്ക് കാത്തുനില്ക്കുന്നവരുടെ ജീവിതത്തിൽനിന്ന് ഇത്തരം വികാരങ്ങളുടെ ഇരുണ്ട മേഘപടലങ്ങൾ ഒഴിഞ്ഞുപോകും.

ഇസ്രായേൽജനത്തിന്റെ യാത്രയിൽ നിഗൂഢമായി അവരെ നയിച്ച മേഘത്തിന്റെ ('മിമി') പ്രതീകം പ്രസക്തമാണ്. അസൗകര്യങ്ങൾക്കു കാരണമാവുകയും പരാതിക്കു പ്രകോപനമുണ്ടാക്കുകയും ചെയ്തുകൊണ്ട് ചിലപ്പോൾ ഏറെ നേരത്തേക്ക് നിന്നുകൊണ്ടും പിന്നീട് യാത്രയുടെ ഗതി സൂചിപ്പിക്കാൻ വീണ്ടും ഉയർന്നു നീങ്ങിക്കൊണ്ടും ദൈവത്തിന്റെ മാർഗദർശനത്തിൽ അതവരെ നയിച്ചു. 'മേഘം കൂടാരത്തിൽനിന്ന് ഉയരുമ്പോഴാണ് ഇസ്രായേൽജനം യാത്രപുറപ്പെട്ടിരുന്നത്. മേഘം ഉയർന്നില്ലെങ്കിൽ, അതുയരുന്ന ദിവസംവരെ അവർ പുറപ്പെട്ടിരുന്നില്ല. കർത്താവിന്റെ മേഘം പകൽസമയത്ത് കൂടാരത്തിനുമുകളിൽ നിലകൊണ്ടിരിന്നു; രാത്രിസമയത്ത് മേഘത്തിൽ അഗ്നി ജ്വലിച്ചിരുന്നു. ഇസ്രായേൽ ജനം യാത്രയുടെ ഓരോ ഘട്ടത്തിലും ഇതു ദർശിച്ചു (പുറ 40:36-38). ക്ഷമയോടുകൂടി ഏതു കാര്യത്തിനും നാം കാത്തിരിക്കണം. നമ്മെ ദൈവികനിയോഗപ്രകാരം സഞ്ചരിക്കാൻ അനുവദിക്കണം. മേഘം അപ്രതീക്ഷിതമായി ചലിക്കും. ചിലപ്പോൾ അതിന്റെ ചലനം അനിശ്ചിതമായി നീട്ടിവയ്ക്കപ്പെടാം. മേഘം ദൈവത്തിന്റെ സാന്നിധ്യത്തിന്റെയും നന്മയുടെയും സജീവ വിശ്വസ്തതയുടെയും സവിശേഷപ്രതീകമാണ്.

സഹോദരങ്ങളോടും അയല്ക്കാരോടും സ്നേഹവും സഹാനുഭൂതിയും പ്രകടിപ്പിക്കാതെ വിദ്വേഷ വിഷാദ രാഗത്തിൽ കഴി

യരുത്. നാം ജീവിക്കുന്നതും മരിക്കുന്നതും നമുക്കുവേണ്ടി മാത്രമല്ലെന്ന് പൗലോസ് റോമാക്കാരുടെ ലേഖനത്തിൽ പ്രതിപാദിക്കുന്നു.

ഋണബാധ്യതയിൽപ്പെട്ടുഴലുകയാണ് മനുഷ്യൻ. എല്ലാം അയല്ക്കാരനെക്കാൾ കൂടുതൽ ഉണ്ടാകണമെന്ന ശാഠ്യം. വിദ്യാഭ്യാസം, വിവാഹം, വീട്, രോഗം, ആഢംബരം ഇങ്ങനെ പലതിനും പണമിറക്കുന്ന ധൂർത്തമായ മനസ്സാണ് നമ്മുടേത്. അധ്വാനത്തിന്റെ വിഹിതത്തെക്കാൾ സമ്പാദിക്കാനുള്ള ത്വര. ആരുമായും പങ്കുവയ്ക്കപ്പെടാതെ അടയ്ക്കപ്പെടുന്ന സ്വാർത്ഥതയുടെ കൂടാരങ്ങൾ! സുവിശേഷത്തിൽ ഒരു ഭൃത്യന് നൂറ് ദനാറയും മറ്റൊരു ഭൃത്യന് പതിനായിരം താലന്തും കടമുണ്ട്. നൂറ് ദനാറയുടെ കടം ജീവിതവൃത്തിക്ക് നിവർത്തിയില്ലാത്ത നിസ്സഹായന്റെ അവസ്ഥയാണ്. വലിയ കടംപറ്റാനുള്ള പാങ്ങുപോലും ഇല്ലാത്തവനാണ്. പതിനായിരം താലന്ത് കടംവാങ്ങിയവൻ നിശ്ചയമായും കൂടുതൽ കൃഷിയിറക്കി ലാഭം മാത്രം സ്വപ്നംകണ്ടവനാണ്. കടംവാങ്ങുന്നവന് ആത്മാഭിമാനക്ഷതവും ലജ്ജയും തോന്നും. അത് തിരികെ കൊടുക്കാതാകുമ്പോൾ അവൻ വല്ലാതെ തരംതാഴ്ത്തപ്പെടും.

അല്പം കരുണയ്ക്കുവേണ്ടി, കൂടുതൽ സമയത്തിനുവേണ്ടി യാചിക്കുന്നവന് രാജാവ് പൂർണ ഇളവ് അനുവദിക്കുന്നു. ഇത് അവനെ സംബന്ധിച്ച് വലിയൊരു സൗഭാഗ്യമാണ്. പതിനായിരം താലന്താണ് ഇളവുചെയ്തത്. എന്നാൽ തന്നോടു കരുണചെയ്ത രാജാവിന്റെ നന്മയെ സ്വന്തം ജീവിതത്തിൽ പകർത്താൻ അവൻ പരാജയപ്പെട്ടു. തനിക്ക് നൂറു ദനാറ നല്കാനുണ്ടായിരുന്നവനോട് കാട്ടുന്ന ക്രൂരത അവന്റെ ദ്രവ്യാഗ്രഹത്തിന്റെ മുഖം വെളിപ്പെടുത്തുന്നു.

ഒരു സാധാരണ കൂലിക്കാരന്റെ ഒരു ദിവസത്തെ കൂലിയാണ് ഒരു ദനാറ. നൂറ് ദനാറ വലിയൊരു കടമല്ല. എന്നിട്ടും അത് വീട്ടിത്തീർക്കാൻ കഴിയാത്തവരുണ്ട്. 5475 ദനാറയ്ക്ക് തുല്യമാണ് ഒരു താലന്ത്. പതിനായിരം താലന്തിനു തുല്യമായ പാപംപോലും കർത്താവ് ക്ഷമിക്കുന്നു. 'കടം' കേവലം ദ്രവ്യമല്ല, പാപപ്രവൃത്തികൾ, ഉപേക്ഷകൾ ഇവയും മനുഷ്യൻ വരുത്തിവയ്ക്കുന്ന കടമാണ്. നൂറ് ദനാറ കൊടുത്തുതീർക്കാൻ നിവൃത്തിയില്ലാതെ നട്ടംതിരിയുന്ന ഒരു നിസ്സഹായനോട് കരുണകാണിക്കാൻ പതിനായിരം താലന്ത് ഇളവ് ലഭിച്ചവന് സാധിക്കുന്നില്ല. യേശു ഈ ഉപമയിൽ വളരെ സ്പഷ്ടമായിത്തന്നെ നൂറ് ദനാറയെന്നും പതിനായിരം താലന്തെന്നും കടംവീട്ടേണ്ട മുതലിനെ എടുത്തുകാണിക്കുന്നു. എത്രവട്ടം ക്ഷമിക്കണമെന്ന പത്രോസിന്റെ ചോദ്യത്തിന് ക്ഷമയ്ക്ക് അതിരുകളില്ലെന്നാണ് യേശുനാഥന്റെ മറുപടി. ഏഴ് എഴുപത് എന്നത് എണ്ണിപ്പറയുന്ന ഒരു സംഖ്യാവിവക്ഷ അല്ല. ക്ഷമ അനന്തകൃപയുടെ സംഭരണിയാണ്. ക്ഷമ സ്വീകരിക്കുന്നതിനെക്കാൾ കൂടുതൽ സദ്ഫലങ്ങൾ ലഭിക്കുന്നത് ക്ഷമിക്കുന്നവനാണ്. പതിനായിരം താലന്ത് ഇളവുചെയ്തുകൊടുക്കുമ്പോൾ രാജാവിന് ദൈവികകൃപ ലഭിക്കുന്നു. കടം ഇളവുചെയ്തുകൊടുക്കാൻ ദൈവം പറഞ്ഞയച്ച നിസ്വന്റെ നിലവിളിയോട് പ്രതിലോലമായി പ്രതികരിച്ച അഹങ്കാരിയും മ്ളേഛനുമായ ഭൃത്യന് അവന്റെ അകൃത്യങ്ങളുടെതന്നെ തടവറ വിധിക്കപ്പെടുന്നു. സമ്പത്ത് കുന്നുകൂട്ടുന്ന മനുഷ്യൻ, അയല്ക്കാരനോട് കരുണകാണിക്കാത്ത മനുഷ്യൻ സ്വയം തടവിലാക്കപ്പെടുന്നു. ദൈവത്തിന്റെ കരുണാസാഗരത്തിനുമുമ്പിൽ അവൻ ഋണബന്ധിതനായി നില്ക്കും.

എത്രമാത്രം കടം ഉയർന്നുകഴിയുമ്പോഴാണ് മനുഷ്യൻ ചെലവ് കുറയ്ക്കാൻ തയ്യാറാകുക? മനുഷ്യന്റെ അഭയകേന്ദ്രം പള്ളിയോ, ബാങ്കോ? അവന് ആശ്വാസം നല്കുന്നത് പുരോഹിതന്റെ വചനമോ പലിശക്കാരന്റെ വാഗ്ദാനമോ? ജ്ഞാനസ്നാനച്ചടങ്ങു മുതൽ മരണാനന്തരച്ചടങ്ങുകൾവരെ പൊന്തിഫിക്കലായി നടത്താൻ കടം വാങ്ങുന്നവരാണ് നമ്മൾ. ജീവിതം പലിശയ്ക്കു പണം വാങ്ങലും തിരിച്ചടവും മാത്രമായി ചുരുങ്ങുന്നു. ലോണെടുത്തു നിർമ്മിച്ച ആഢംബരവീട്ടിൽ ആധിയോടുകൂടി ഉറക്കംവരാതെ കി

*(ശേഷം 36-ാം പേജിൽ)*

നീർച്ചാലുകൾ

ഫാ. മൈക്കിൾ തോമസ്

ആണ്ടുവട്ടം 25-ാം ഞായർ (സെപ്തം. 24)

# മനുഷ്യനെ വെല്ലുന്ന ദൈവകരുണ

ഏശ. 55:6-9 | ഫിലി. 1:20, 24-27 | മത്താ. 20 : 1-16

മനുഷ്യജീവിതം വൈരുദ്ധ്യങ്ങളുടെയും രഹസ്യാത്മകതയുടെയും കലവറയായി മാറിക്കൊണ്ടിരിക്കുന്ന കാലഘട്ടമാണല്ലോ ഇത്. മനുഷ്യ സൃഷ്ടി മുതൽ മനുഷ്യനിൽ പ്രകടമാകുന്ന ഭാവം അരുത് എന്ന് പറയുമ്പോൾ ആകാനുള്ള അവന്റെ അഭിവാഞ്ജയാണ്. അരികിലായിരിക്കുന്നവരെ അകലങ്ങളിൽ അന്വേഷിക്കുവാനാണ് അവനാഗ്രഹം. അതുകൊണ്ട് തന്നെ വൈരുദ്ധ്യങ്ങളിൽ നിന്നും ജനിക്കുന്ന ആത്മസംഘർഷങ്ങളുടെ കലവറയായി മനുഷ്യൻ മാറിക്കൊണ്ടിരിക്കുന്നു. ഇന്നത്തെ ആദ്യവായനയിൽ ഏശയ്യ പ്രവാചകൻ ബാബിലോണിൽ വിപ്രവാസത്തിൽ കഴിയുന്ന ഇസ്രായേല്യരെ ഓർമ്മിപ്പിക്കുന്നത് തങ്ങളിലെ വൈരുദ്ധ്യങ്ങളെ വെടിഞ്ഞ് യാഥാർത്ഥ്യബോ

ധത്തോടെ ജീവിക്കുവാനാണ്.

വിപ്രവാസത്തിൽ കഴിയുന്ന ഇസ്രായേൽ ജനത ദൈവം തങ്ങളെ കൈവിട്ടുവെന്നും, തങ്ങളിൽ നിന്നും അകലെയാണ് ദൈവം വസിക്കുന്നതെന്നും കരുതി. അങ്ങനെ നിരാശയിലാണ്ട് അനീതിയിലും അകൃത്യങ്ങളിലും അസന്മാർഗിക ജീവിതചര്യകളിലും വ്യാപരിക്കുവാൻ തുടങ്ങി. ഈ പശ്ചാത്തലത്തിലാണ് അവർക്ക് പ്രതീക്ഷ നൽകിക്കൊണ്ട് ഏശയ്യ അനുസ്മരിപ്പിക്കുക: കർത്താവ് സമീപസ്ഥനാണ്; നിങ്ങൾക്കരികിലാണ്, നിങ്ങളുടെ മധ്യേയുണ്ട്. അരികിലുള്ള ദൈവത്തോട് വിളിച്ചപേക്ഷിക്കുവാൻ ഓർമ്മിപ്പിക്കുമ്പോഴും പതിവുപോലെ തങ്ങളുടെ ദുഷ്ടതയും അസന്മാർഗികതയും വെടിയുവാൻ പ്രവാചകൻ മുന്നറിയിപ്പ് നൽകുന്നു.

വ്യവസ്ഥകളില്ലാതെ പൊറുക്കുന്നവനാണ് ദൈവം. ദൈവീകനീതിയും കരുണയും മനസിലാക്കാൻ മനുഷ്യനാവില്ല. "കർത്താവ് അരുളി ചെയ്യുന്നു: എന്റെ ചിന്തകൾ നിങ്ങളുടേതുപോലെയല്ല; നിങ്ങളുടെ വഴികൾ എന്റേതുപോലെയുമല്ല. എന്റെ വഴികളും ചിന്തകളും നിങ്ങളുടേതിനേക്കാൾ ഉന്നതമത്രേ. ഏശയ്യാ ഉരുവിടുന്ന ഈ കർതൃവചനത്തിന്റെ പൊരുൾ മനസിലാക്കാൻ ദൈവീകകൃപയിലൂടെയും വെളിപാടിലൂടെയുമേ കഴിയൂ.



വ്യവസ്ഥകളില്ലാതെ പൊറുക്കുന്നവനാണ് ദൈവം. ദൈവീകനീതിയും കരുണയും മനസിലാക്കാൻ മനുഷ്യനാവില്ല. "കർത്താവ് അരുളി ചെയ്യുന്നു: എന്റെ ചിന്തകൾ നിങ്ങളുടേതു പോലെയല്ല; നിങ്ങളുടെ വഴികൾ എന്റേതു പോലെയുമല്ല. എന്റെ വഴികളും ചിന്തകളും നിങ്ങളുടേതിനേക്കാൾ ഉന്നതമത്രേ. ഏശയ്യാ ഉരുവിടുന്ന ഈ കർതൃവചനത്തിന്റെ പൊരുൾ മനസിലാക്കാൻ ദൈവീകകൃപയിലൂടെയും വെളിപാടിലൂടെയുമേ കഴിയൂ.

ഇസ്രയേൽ ജനത കരുതിയത് തങ്ങളുടെ ദുഷ്ടപ്രവൃത്തികൾ ദൈവം ക്ഷമിക്കില്ല എന്നാണ്. ഇവിടെയാണ് മഷ്ഷ്യന്റെ കണക്ക് തെറ്റുന്നത്. ദൈവീക കരുണയും അവിടുത്തെ ക്ഷമിക്കുന്ന സ്നേഹവും മനുഷ്യന് കൂട്ടാനും ഗ്രഹിക്കാനും കഴിയുന്നതിനുമപ്പുറമാണ്. ഇന്നത്തെ സുവിശേഷം ഈ വലിയ ദൈവീക സത്യം വളരെ സ്പഷ്ടമായി അവതരിപ്പിക്കുന്നു. യഹൂദജനതയുടെ അനുദിന ജീവിതചര്യകളിൽ നിന്നും അടർത്തിയെടുത്ത ഉപമയിലൂടെയാണ് യേശു ഈ സന്ദേശം അവതരിപ്പിക്കുക. മുന്തിരിതോട്ടത്തിലേക്ക് ജോലിക്കാരെ വിളിക്കാൻ അതിരാവിലെ പുറപ്പെട്ട വീട്ടുടമസ്ഥനോടാണ് യേശു സ്വർഗ്ഗരാജ്യത്തെ ഉപമിക്കുന്നത്.

ഇവിടെ എല്ലാ യഹൂദരോടും ഏറെ പ്രത്യേകിച്ച് യഹൂദമതാത്മകതയുടെ കാവൽക്കാരെന്ന് അവകാശപ്പെടുന്ന, എന്നും ഇരട്ടതാപ്പുനയത്തോടുകൂടി മാത്രം പ്രവർത്തിക്കുന്ന ഫരിസേയരോടും യേശു പറയാനാഗ്രഹിക്കുന്ന ദൈവീക സത്യം നിത്യരക്ഷ ദൈവത്തിന്റെ വലിയൊരു ദാനം മാത്രമാണ് എന്നാണ്. ഒരു മനുഷ്യനും സ്വപ്രയത്നം കൊണ്ട് മാത്രം നേടാനാവുന്നതല്ല നിത്യജീവൻ. ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട, ദൈവത്തിന്റെ സ്വന്തം ജനമാണെന്ന യഹൂദരുടെ അഹന്തയോടുകൂടിയുള്ള അവകാശവാദത്തിന്റെ പിൻബലത്താൽ മാത്രം നേടാനാവുന്നതല്ല നിത്യജീവൻ. മാത്രവുമല്ല യഹൂദർക്ക് വിജാതിയരോടുണ്ടായിരുന്ന "വല്യേട്ടൻ മനോഭാവത്തേയും'' യേശു പൊളിച്ചടുക്കുന്നു. വിജാതിയർക്ക് രക്ഷ അന്യമാണെന്നും ദൈവത്തിന്റെ സ്വന്തം ജനമായ യഹൂദർക്ക് മാത്രമാണ് അതവകാശമെന്നുമുള്ള ചിന്തയാണത്. ഈ ഉപമയിലൂടെ യേശു പഠിപ്പിക്കുന്നത് രക്ഷ സാർവ്വത്രികമാണെന്നും ദൈവത്തിന് ഇഷ്ടപ്പെട്ടവർക്ക് ദൈവം നൽകുന്ന ദാനവുമാണത്. ഏറെ പ്രത്യേകിച്ച് വിജാതിയാരാണെങ്കിലും അനുതാപത്തോടും വിശ്വാസത്തോടും, എപ്പോഴും അരികിലുള്ള ദൈവത്തെ വിളിച്ചപേക്ഷിക്കുന്നവരെ അവിടുന്ന് കൈവിടില്ല.

വീട്ടുടമസ്ഥൻ ഉപമയിൽ പറയുന്നതുപോലെ പലമണിക്കൂറുകളിലായിട്ടാണ് ജോലിക്കാരെ ക്ഷണിക്കുന്നത്. ആദ്യ മണിക്കൂറുകളിലെത്തിയവരോട് വ്യക്തമായ കരാറും വച്ചിരുന്നു; ദിവസക്കൂലി ഒരു ദനാറയാണെന്ന്. ഉപമയിൽ പരാമർശിച്ചിരിക്കുന്ന മണിക്കൂറുകൾ ഏതാണ്ട് രാവിലെ 6 am, 9 am, 12 pm, 3 pm, 5 pm ആണ്. ജോലി അവസാനിക്കുന്നത് വൈകുന്നേരം 6 മണിക്കാണ്. ഇവിടെ ശ്രദ്ധേയമായൊരു കാര്യം അവസാന മണിക്കൂറിൽ വന്ന ജോലിക്കാർക്കാണ് ആദ്യം കൂലി നൽകുന്നത്. സാധാരണയായി തിരിച്ചാണ് സംഭവിക്കേണ്ടിയിരുന്നത്. മാനുഷികമായി ആദ്യം വന്നവരെ നേരത്തെ കൂലികൊടുത്തയക്കുകയും അവസാനം വരുന്നവരെ കുറച്ചുകൂടി സമയം പണിയെടുപ്പിക്കുകയുമാണ് പതിവ്. എന്നാൽ ഇത് മനുഷ്യന്റെ കണക്കാണ്. ദൈവീക കണക്കുകൾ തികച്ചും വ്യത്യസ്തവും.

അവസാന മണിക്കൂറിൽ വന്ന ജോലിക്കാർക്ക് ആദ്യം ഒരു ദനാറ കൂലി നൽകുമ്പോൾ ആദ്യമണിക്കൂറിൽ വന്ന ജോലിക്കാർ കൂടുതൽ പ്രതീക്ഷിക്കുക സ്വാഭാവികം. 12 മണിക്കൂർ പണിയെടുത്ത അവർ 12 ദനാറയെങ്കിലും പ്രതീക്ഷിച്ചിട്ടുണ്ടാകും. പക്ഷേ, അവരുടെ പ്രതീക്ഷ അസ്ഥാനത്താണ്. കാരണം കരാറനുസരിച്ച് ഒരു ദനാറയാണ് ദിവസക്കൂലി. അതിനാൽ വീട്ടുടമസ്ഥൻ അവരോട് അനീതിയൊന്നും കാട്ടിയിട്ടില്ല. ഇവിടെ പ്രശ്നമാകുന്നത് അവസാന മണിക്കൂറിൽ വന്നവർക്ക് ഒരു ദനാറ കൊടുക്കാൻ പാടില്ലായിരുന്നുവെന്ന് ആദ്യമണിക്കൂറിൽ വന്നവർ ചിന്തിക്കുന്നതാണ്. കണക്കു പിഴച്ച് നിരാശരാകുന്ന ആ മനുഷ്യരോട് യജമാനൻ പറയുന്നത് ''എന്റെ വസ്തുവകകൾ കൊണ്ട് എനിക്കിഷ്ടമുള്ളതു ചെയ്യാൻ പാടില്ലെന്നോ? ഞാൻ നല്ലവനാകുന്നതുകൊണ്ട് നീ എന്തിനാണ് അസൂയപ്പെടുന്നത്?"

മനുഷ്യനിലെ ആത്മ

*(ശേഷം അടുത്ത പേജിൽ)*

# മനുഷ്യനെ വെല്ലുന്ന ദൈവകരുണ...

സംഘർഷത്തിന്റെ നേർ ചിത്രമാണിവിടെ കാണാനാവുക. തന്റെ കൈവശമുള്ള ദൈവത്തിന്റെ വെറും ദാനം മാത്രമായ താലന്ത്, സമയം, ആരോഗ്യം, സമ്പത്ത് എന്നിവയെ ഫലപ്രദമായി വിനിയോഗിച്ച് സംതൃപ്തി അടയുന്നതിനെക്കാളും അവന്റെ ആകുലത അയൽക്കാരന്റെ കൈയിലിരിക്കുന്ന താലന്തിനെ ചൊല്ലിയാണ്. അവനത് ലഭിക്കേണ്ടിയില്ലായിരുന്നു. ആധുനിക മനുഷ്യനിലെ വർദ്ധിച്ചുവരുന്ന ആർത്തിയും അസൂയയും എന്നും അവനെ നിരാശയിലാഴ്ത്തുന്നു. അവന്റെ കണക്കുകൂട്ടലുകളെ തെറ്റിക്കുന്നു.

വർദ്ധിതമാകുന്ന നമ്മിലെ ആത്മീയ അഹന്തയുടെ കൂടെ മറുപടിയാകുന്നു ഇത്. അനുദിനവും ദൈവാലയത്തിൽ പോയി ബലിയിൽ പങ്കെടുക്കുന്ന, കൗദാശിക - ആത്മീയ ജീവിതം ഏറെ ചിട്ടയോടെ ക്രമീകരിക്കുന്ന എന്റെ കുടുംബമല്ലേ ആദ്യം രക്ഷപ്പെടേണ്ടിയിരുന്നത്. എന്നാൽ ദൈവത്തിന്റെ കണക്കുകൂട്ടലുകൾ തികച്ചും വ്യത്യസ്തമാണ്. കാരണം, മനുഷ്യന്റെ കണക്ക് അവന്റെ ആർത്തിയിലും അസൂയയിലും നിന്നു ജനിക്കുന്ന ലാഭനഷ്ടങ്ങളുടേതാണ്. എന്നാൽ ദൈവത്തിന്റെ കണക്കാകട്ടെ തന്റെ കരുണയും സ്നേഹവും ക്ഷമയും എങ്ങനെ പങ്കുവയ്ക്കാം എന്നതിനെ ചൊല്ലിയാണ്. തന്റേതും അല്ലാത്തുമായ കാരണങ്ങളാൽ വൈകിവരുന്ന, ഇപ്പോഴും വഴിയോരങ്ങളിൽ കഴിയുന്ന, രക്ഷ ഒരിക്കലും തനിക്ക് സ്വന്തമല്ലെന്നു കരുതുന്ന മനുഷ്യർക്കെല്ലാം എല്ലാ ഒരേപോലെയാണ് കർത്താവ് ചൂടും വെളിച്ചവും മഞ്ഞും മഴയും വർഷിക്കുക. ദൈവകൃപയും. അതിനായി വിശുദ്ധ പൗലോസിനെപ്പോലെ ക്രിസ്തുവിനായ് ജീവിക്കുവാൻ നമുക്ക് സാധിക്കണം. "എനിക്കു ജീവിതം ക്രിസ്തുവും മരണം നേട്ടവുമാണ്" എന്ന് ചിന്തയാൽ സ്വർഗോന്മുഖരായി ജീവിക്കുവാനാകട്ടെ.

# ചലിക്കുന്ന മേഘങ്ങൾ ചലിക്കുന്ന മനുഷ്യർ

*(പേജ് 34 ന്റെ തുടർച്ച)*

ടക്കുന്ന മനുഷ്യന് വീടൊരു ശവക്കല്ലറയായി തോന്നുന്നു.

അവൻ ആത്മാഭിമാനത്തിന് ക്ഷതമേല്ക്കുമ്പോൾ കൂട്ട ആത്മഹത്യകളിലേക്ക് തിരിയുന്നു. പണമില്ലാതെ പെൺമക്കളെ വിവാഹം കഴിപ്പിക്കാൻ ബുദ്ധിമുട്ടുന്ന മാതാപിതാക്കളുടെ ദൈന്യത എങ്ങനെ വിവരിക്കാനാണ്. പണമാണ് എല്ലാത്തിന്റെയും നിയന്താവ് എന്ന വിധത്തിൽ നാം അലോസരപ്പെടുന്നു. അടിമത്ത വ്യവസ്ഥിതിക്കെതിരെ ലോകമനഃസാക്ഷിയെ തട്ടിയുണർത്തിയ കൃതിയാണ് ഹാരിയറ്റ് ബിച്ചർ സ്റ്റോവിന്റെ 'അങ്കിൾ ടോംസ് കാബിൻ' എന്ന നോവൽ. അടിമകളാക്കി വില്ക്കപ്പെടുന്ന അമേരിക്കൻ നീഗ്രോകളുടെ കഥ. തന്റെ അടിമകളോട് കാരുണ്യമുണ്ടെങ്കിലും തനിക്ക് കടംകേറിയപ്പോൾ തന്റെ അടിമയുടെ അഞ്ചു വയസ്സുള്ള മകനെ വില്ക്കാൻ ഷെൽബി തീരുമാനിച്ചു. അപ്പോൾ കുഞ്ഞിന്റെ അമ്മയായ എലീസ കുഞ്ഞിനെയുമെടുത്തുകൊണ്ട് ഓടി. അവളെ പിന്തുടർന്ന് നിരവധിപേർ. അവൾ പുഴയുടെ അരികിലാണ് എത്തിയത്. അശരണരായവർക്ക് ഗതിമുട്ടുമ്പോൾ ഈശ്വരൻ നല്കുന്ന ഒരുതരം ധൈര്യവും കരുത്തുമുണ്ടല്ലോ. അതവളിലേക്ക് പ്രവേശിച്ചതുപോലെ, ഉച്ചത്തിൽ നിലവിളിച്ചുകൊണ്ട് കുത്തിയൊഴുകുന്ന നദിയിലേക്ക് കുഞ്ഞിനെയുമെടുത്ത് ഒറ്റ ച്ചാട്ടം. ഐസ് കട്ടകൾക്കുമീതെയാണ് അവൾ ചെന്നു ചാടിയത്. ജീവിതത്തിൽ ആശ കൈവെടിഞ്ഞവർക്കും ഭ്രാന്തുപിടിച്ചവർക്കും മാത്രമേ ഇങ്ങനെ ചെയ്യാനാകൂ. ഐസുകട്ടകൾക്കുമീതെ ചാടിയും വഴുതിവീണും വീണ്ടും ചാടിയും അവൾ മുന്നോട്ടുപോയി. സോക്സ് കീറി, പാദങ്ങൾ മുറിഞ്ഞ്, രക്തമൊഴുകി. എന്നാൽ അവൾ ഒന്നും കണ്ടില്ല, ഒന്നും അറിഞ്ഞില്ല. ഒരു സ്വപ്നാടനക്കാരിയെപ്പോലെ ഓഹിയോ നദിയുടെ മറുകര കടന്നു. തന്റെ മകൻ ഒരു അടിമയാണ്. അവൻ യജമാനന്റെ കടംവീട്ടാനുള്ള ഉരുപ്പടി മാത്രമാണ്. അവളിലെ പുത്രനോടുള്ള വാത്സല്യംതന്നെയാണ് ദൈവപിതാവിനും തന്റെ അശരണരായ മക്കളോടുള്ളതും.

സഞ്ചരിച്ചിട്ടില്ലാത്ത പാതകളുടെ നാൽക്കവലകളിൽ കൂടാരമടിക്കാം

ഉപരിപ്ലവമായ ആത്മീയ അജപാലക വേഷഭൂഷാദികളുള്ള ഒരു ഐഹിക സഭയെ വിട്ടുപേക്ഷിച്ചു നാം മുന്നേറണം. ഋണഭാരം പേറുന്ന ഇടയനും ആടുകളും ആകാതിരിക്കാം. ആത്മീയതയുടെ ശുദ്ധമായ മേച്ചിൽപ്പുറങ്ങൾവിട്ട് അതിഭൗതികതയുടെ കൂടാരങ്ങളിൽ അഭയം കണ്ടെത്തുമ്പോൾ നമുക്ക് സ്വാസ്ഥ്യം നഷ്ടപ്പെടുന്നു. തേക്കിന്റെ കമനീയമായ കുമ്പസാരക്കൂടുകൾ പോലും ഒരു അനുതാപിയെ ചങ്കലച്ചുകരയാൻ സന്നദ്ധനാക്കുന്നില്ലെങ്കിൽ...?

അബ്രഹാം സമരം ചെയ്തതുപോലെ നമ്മുടെ ജനത്തിനുവേണ്ടി, കർത്താവിനോട് സമരം ചെയ്യാൻ നമുക്കാകുമോ? അവർ കുറച്ചുപേരേ ഉള്ളുവെങ്കിലോ? ഇരുപത്തഞ്ചുപേരേ ഉള്ളുവെങ്കിലോ...? അവർ ഇരുപതുപേരേ ഉള്ളുവെങ്കിലോ? മധ്യസ്ഥതയുടെ ധീരമായ പ്രാർത്ഥനയാണിത്. പത്തുപേരാണെങ്കിൽക്കൂടി ആ നീതിമാന്മാരെ കൂട്ടിക്കൊണ്ടുവരാൻ നാം തയ്യാറാണോ. വിശുദ്ധീകരിക്കപ്പെടേണ്ട ജനത്തെ സഞ്ചരിച്ചിട്ടില്ലാത്ത പാതകളുടെ നാൽക്കവലകളിൽ കൊണ്ടുവന്ന് കൂടാരമടിക്കാൻ കഴിയുമോ?

## അജപാലനം

ഫാ. ലോറൻസ് കുലാസ്
അജപാലന ശുശ്രൂഷാ ഡയറക്ടർ



# ദിവ്യബലി ആഘോഷത്തിലെ വ്യതിചലനങ്ങൾ

പ്രവേശകഗാനം ആലപിക്കുമ്പോൾ പൂക്കളും തിരികളുമായി ധാരാളം വിശ്വാസികൾ കാർമ്മികനും ശുശ്രൂഷകരോടും ഒപ്പം അൾത്താരയെ സമീപിക്കുന്നു രീതി ആരാധനക്രമം അനുശാസിക്കുന്നില്ല.

റോമൻ മിസ്സാളിന്റെ പൊതു നിർദ്ദേശം, നമ്പർ 47 ഇപ്രകാരം രേഖപ്പെടുത്തുന്നു: "ജനങ്ങൾ സമ്മേളിച്ചതിനുശേഷം, പുരോഹിതൻ ഡീക്കനോടും ശുശ്രൂഷകരോടും കൂടെ പ്രവേശിക്കുമ്പോൾ പ്രവേശകഗാനം ആരംഭിക്കുന്നു.'' റോമൻ മിസ്സാൾ പേജ് 475 ൽ നാം ഇപ്രകാരം വായിക്കുന്നു: "ജനങ്ങൾ സമ്മേളിച്ചശേഷം പ്രവേശകഗാനം ആലപിക്കുമ്പോൾ പുരോഹിതൻ ശുശ്രൂഷകരോടുകൂടെ അൾത്താരയെ സമീപിക്കുന്നു." ഈ രണ്ട് പ്രസ്താവനകളിൽ നിന്നും നാം മനസ്സിലാക്കേണ്ടത് പ്രവേശകഗാനം ആലപിക്കുമ്പോൾ വൈദീകനും ഡീക്കനുമുണ്ടെങ്കിൽ അദ്ദേഹവും ശുശ്രൂഷകരുമാണ് പ്രവേശക പ്രദക്ഷിണത്തിൽ പങ്കുചേരേണ്ടത്. ശുശ്രൂഷകർ എന്നതുകൊണ്ട് അർഥമാക്കുന്നത് അൽത്താരശുശ്രൂഷകരേയാണ്. പ്രവേശക പ്രദക്ഷിണത്തിന്റെ ക്രമം ഇപ്രകാരമാണ്: ഏറ്റവും മുന്നിൽ ധൂപവാഹകൻ, തൊട്ടുപിന്നിൽ കുരിശുവാഹകൻ, അതിനിരുവശവും കത്തിച്ച തിരിപിടിച്ച ശുശ്രൂഷകർ, സുവിശേഷഗ്രന്ഥം അല്പം ഉയർത്തിപ്പിടിച്ച ഡീക്കൻ (ഡീക്കൻ ഇല്ലെങ്കിൽ ഒരു ശുശ്രൂഷകൻ), ഏറ്റവും പിന്നിൽ കാർമ്മികൻ (റോമൻ മിസ്സാൾ, പൊതു നിർദ്ദേശം, നമ്പർ 120). പൂക്കളും തിരികളുമേന്തിയവരോ മറ്റുള്ളവരോ പ്രവേശക പ്രദക്ഷിണത്തിൽ പങ്കുചേരുന്നത് ദിവ്യബലി ആഘോഷത്തിന്റെ വ്യതിചലനമാണ്.

സമാഗരണ പ്രാർഥനക്കുശേഷം ധൂപം, തിരികൾ, പൂക്കൾ എന്നിവയോടുകൂടി വേദഗ്രന്ഥവും വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണവും അൽത്താരയിൽ നിന്നുള്ള സുവിശേഷപ്രഘോഷണവും പ്രസംഗവും ആരാധനക്രമം അനുവദിക്കുന്നില്ല.

റോമൻ മിസ്സാളിന്റെ പൊതു നിർദ്ദേശം നമ്പർ 128-138-ൽ ദിവ്യബലിയിലെ വചനപ്രഘോഷണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു. "സമാഹരണപ്രാർഥനക്കുശേഷം എല്ലാവരും ഇരിക്കുന്നു. . . പാഠകൻ വചന പീഠത്തിന്റെയടുത്തുചെന്ന് അവിടെ ദിവ്യബലിക്കുമുമ്പുതന്നെ വച്ചിരിക്കുന്ന വേദപാഠകത്തിൽ നിന്ന് ആദ്യ വായന പ്രഘോഷിക്കുന്നു" (നമ്പർ 128). "വചനപീഠത്തിൽ നിന്നുകൊണ്ട് പുരോഹിതൻ സുവിശേഷം പ്രഘോഷിക്കുന്നു" (നമ്പർ 134). "കാർമ്മികൻ തന്റെ ഇരിപ്പിടത്തിൽ നിന്നോ വചനപീഠത്തിൽ നിന്നോ ഉചിതമായ മറ്റൊരു സ്ഥലത്തുനിന്നോ സുവിശേഷ പ്രഭാഷണം നടത്തുന്നു'' (നമ്പർ 136). മേൽപറഞ്ഞ നിർദേശങ്ങളിൽ നിന്നും മൂന്ന് കാര്യങ്ങൾ വ്യക്തമാണ്: 1. ദിവ്യബലിക്ക് മുമ്പുതന്നെ വേദപാഠകം വചനപീഠത്തിൽ ഉണ്ടായിരിക്കണം. 2. വചന പീഠത്തിൽ നിന്നുമാണ് വായനകൾ പ്രഘോഷിക്കപ്പെടേണ്ടത്. 3. സുവിശേഷ പ്രഭാഷണം അൽത്താരയിൽ നിന്നുമല്ല നടത്തേണ്ടത്.



അതിനാൽ വചനപ്രഘോഷണകർമ്മത്തിനുമുമ്പ് വേദഗ്രന്ഥം വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണം പാടില്ലാത്തതും വചന പ്രഘോഷണകർമ്മം വചനപീഠത്തിൽ നിന്നും പ്രഘോഷിക്കപ്പെടേണ്ടതും സുവിശേഷ പ്രഭാഷണത്തിന് അൽത്താര ഉപയോഗിക്കാൻ പാടില്ലാത്തതുമാണ്.

അവസരോചിതമല്ലാത്തതും ദൈർഘ്യമേറിയതുമായ വിശ്വസികളുടെ പ്രാർഥനകൾ ആരാധനക്രമം അനുവദിക്കുന്നില്ല.

വിശ്വാസികളുടെ പ്രാർഥനയിൽ നാല് നിയോഗങ്ങളാണ് ഉൾപ്പെടുത്തേണ്ടത്. റോമൻമിസ്സാൾ പൊതു നിർദ്ദേശം, നമ്പർ 70 പ്രകാരം സാധാരണ നിയോഗങ്ങളുടെ ക്രമം ഇപ്രകാരമാണ്: a) തിരുസഭയുടെ ആവശ്യങ്ങൾക്കുവേണ്ടി; b) ഭരണാധികാരികൾക്കും ലോകരക്ഷയ്ക്കും വേണ്ടി; c) ഏതെങ്കിലും വിധത്തിൽ വിഷമത അനുഭവിക്കുന്നവർക്കുവേണ്ടി; d) പ്രദേശിക സമൂഹത്തിനുവേണ്ടി.

സ്ഥൈര്യലേപനം, വിവാഹം, മൃതസംസ്ക്കാരം മുതലായ പ്രത്യേക അനുഷ്ഠാനകർമങ്ങളിൽ നിയോഗങ്ങൾ പ്രസ്തുത അവസരങ്ങൾക്ക് കൂടുതൽ യോജിച്ച വിധത്തിലാകാം.

ദിവ്യബലി ആഘോഷത്തിലെ വ്യതിചലനങ്ങൾ ഒഴിവാക്കി ദിവ്യബലി അർത്ഥവത്തായി ആഘോഷിക്കാൻ നമുക്ക് പരിശ്രമിക്കാം. ■

## വചനജ്വാല

2017 ഒക്ടോബർ മാസം ബി.സി.സികളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്



# ഉയരണമെങ്കിൽ താഴണം

1. പരിശുദ്ധാത്മാവിന്റെ ഗാനം
   ബൈബിൾ വന്ദനം
2. സ്വാഗതം: കുടുംബനാഥൻ/നാഥ
3. ആമുഖം

ഇത് മത്സരങ്ങളുടെ കാലമാണ്. ജീവിതത്തിൽ വ്യക്തികൾ തമ്മിലുള്ള കിടമത്സരങ്ങളായും മാധ്യമങ്ങളിൽ റിയാലിറ്റി ഷോകളായും സമൂഹത്തിൽ പാർട്ടികളും മതങ്ങളും തമ്മിലുള്ള ചേരിപ്പോരുകളായും ആഗോളതലത്തിൽ രാജ്യങ്ങൾ തമ്മിൽ മേൽക്കോയ്മ നേടാനുള്ള ശ്രമങ്ങളായും മത്സരങ്ങൾ അരങ്ങുതകർക്കുകയാണ്. സമസ്ത മേഖലകളിലും ഏറ്റവും മുന്നിലെത്തുന്നവർക്കുമാത്രമേ നിലനിൽപ്പുള്ളൂ. അല്ലാത്തവർ പിന്തള്ളപ്പെടുകയും വിസ്മരിക്കപ്പെടുകയും ചെയ്യുന്നു.

ആരാണ് വലിയവൻ എന്ന തർക്കം തന്നെയാണ് പല വേദികളിലും പരസ്യപ്രസ്താവനകളിലൂടെയും മുഴങ്ങി കേട്ടുകൊണ്ടിരിക്കുന്നത്. രാഷ്ട്രീയ നേതാക്കളും സാംസ്കാരിക നായകന്മാരുമെല്ലാം ഒളിഞ്ഞും തെളിഞ്ഞും പരസ്പരം എയ്യുന്ന വാക്ശരങ്ങൾകൊണ്ട് ഒരു സമൂഹത്തിന്റെ മുഴുവൻ നന്മയുടെ അവകാശങ്ങളുടെ മൂടപ്പെട്ട അവസ്ഥയാണിന്ന്. 'അഹം' എന്ന വിഷലായനിയിൽ മുക്കിയാണ് ഓരോ അമ്പുകളും അപരനുനേരെ തൊടുക്കപ്പെടുന്നത് എന്നതാണ് ഏറെ ദുഃഖകരം.

വിജയങ്ങളാഘോഷിക്കാൻ ഇന്നെല്ലാവർക്കും അറിയാം. എന്നാൽ, തോൽവികളെ അഭിമുഖീകരിക്കാനാണ് ആർക്കുമറിയാത്തത്. ഒരു വിഷയത്തിന് മാത്രം എ പ്ലസ് കിട്ടാതെ പോയതിൽ ജീവിതം തന്നെ തകർന്നുവെന്നമട്ടിൽ വിഷാദിച്ചിരിക്കുന്ന പത്താംക്ലാസുകാരിയും ഒരു കുട്ടിമാത്രം പരാജയപ്പെട്ടുപോയതുകൊണ്ട് നൂറുശതമാനം വിജയം സ്കൂളിന് കിട്ടാത്തതിൽ വല്ലാതെ പിറുപിറുക്കുന്ന അധ്യാപകരും റബ്ബറിന് രണ്ടുരൂപ കുറഞ്ഞതിനും കട

ലിൽ പോയി പിടിച്ചുകൊണ്ടുവന്ന മത്സ്യം ചീഞ്ഞുപോയതിനും പ്രഷറിന്റെ ഗുളിക കഴിക്കേണ്ടിവരുന്നവരും ജീവിതത്തിന്റെ പരാജയമുഖങ്ങളെ വേണ്ടുംവിധം നേരിടാനുള്ള പരിശീലനം ഇനിയും നേടേണ്ടതുണ്ട്.

ഇത്തരമൊരു കാലഘട്ടത്തിൽ ജീവിക്കുന്ന നമുക്ക് തന്നത്താൻ ഉയർത്തുന്നവൻ താഴ്ത്തപ്പെടും, തന്നത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും' എന്ന ക്രിസ്തുവചനത്തെ ധ്യാനവിഷയമാക്കി ഈ മാസത്തെ നമ്മുടെ കുടുംബകൂട്ടായ്മയെ അനുഗ്രഹപ്രദമാക്കാം.

4. യേശുവിനെ ക്ഷണിക്കൽ

5. വചനഗീതി

6. ദൈവവചന പാരായണം
(മത്തായി 23:1-12)

7. വചനവിചിന്തനം

'തന്നത്താൻ ഉയർത്തുന്നവൻ താഴ്ത്തപ്പെടും, തന്നത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും' എന്ന ക്രിസ്തുവാക്യത്തിന്റെ സത്യമറിയാൻ വേറെങ്ങും തിരയേണ്ടതില്ല. വി. ഗ്രന്ഥത്തിന്റെ താളുകൾ അവധാനതാപൂർവ്വം പുറകോട്ടുമറിച്ച് ചില വ്യക്തികളെയും അവരുടെ ജീവിതാനുഭവങ്ങളെയും ധ്യാനവിഷയമാക്കിയാൽ മാത്രം മതി.

ഒരുവൻ ഉയരുന്നത് സ്വയം ഉയർത്തുമ്പോഴല്ല, ദൈവം ഉയർത്തുമ്പോഴാണ് എന്നതിന്റെ നേർക്കാഴ്ചയാണ് ഉൽപ്പത്തി പുസ്തകത്തിലെ ജോസഫ്. അയാൾ കുഞ്ഞുനാളിൽ സ്വപ്നത്തിൽ കണ്ട കറ്റപോലെ സകലർക്കും മദ്ധ്യേ ശിരസ്സുയർത്തി നിൽക്കുന്നത്. സ്വന്തം സഹോദരന്മാരാൽ പൊട്ടക്കിണറിന്റെ അടിത്തട്ടുവരെ താഴ്ത്തപ്പെട്ട ജോസഫിനെ ദൈവം ഉയർത്താൻ തീരുമാനിച്ചുകഴിഞ്ഞതിൽ പിന്നെ ആർക്കും ഒരു ജീവിത പ്രതിസന്ധിക്കും തോൽപ്പിക്കാനാകുന്നില്ല. ഒടുക്കം, ഈജിപ്തിന്റെ സിംഹാസനത്തിലിരുന്ന് തന്റെ ജീവിതാനുഭവങ്ങളെ വിലയിരുത്തി 'ദൈവമാണ് എന്നെ ഇവിടെയെത്തിച്ചത്' (ഉൽ. 45:5) എന്ന് അയാൾ പറയുമ്പോൾ ജോസഫിന്റെ മാത്രമല്ല വായനക്കാരന്റെ കണ്ണുകളും നിറഞ്ഞൊഴുകും. 'കർത്താവ് കൂടെ ഉണ്ടായിരുന്നു' (ഉൽ. 39:2) എന്ന ഒറ്റക്കാരണത്താലാണ് പൊട്ടക്കിണറിലെയും കാരാഗ്രഹത്തിലെയും തിരസ്കരണത്തിന്റെയും തെറ്റിദ്ധാരണകളുടെയും ജീവിതാനുഭവങ്ങളോട് ഒറ്റയ്ക്കുനിന്ന് അയാൾ പൊരുതി നേടിയത്.

ഇടയച്ചെറുക്കനായ ദാവീദിനെ ഇസ്രായേലിലെ ഏറ്റം ശക്തനായ ഭരണാധികാരിയായി ഉയർത്തിയതും തമ്പുരാനാണല്ലോ. തന്റെ സിംഹാസനവും വിജയങ്ങളും സ്വന്തം കരുത്തുകൊണ്ട് നേടിയതാണെന്ന് ഒരുവേള അഹങ്കരിച്ചപ്പോഴാണ് സാവൂൾ തിരസ്കരിക്കപ്പെടുന്നത്.

ദൈവത്തിരുമുമ്പിലാണ് ഒരുവൻ ആദ്യമായി തന്നത്താൻ താഴ്ത്തേണ്ടത്. അങ്ങനെയുള്ളവരെയാണ് തമ്പുരാന്റെ പ്രീതിപാത്രങ്ങളായി മാറിയവരെല്ലാം. വിക്കനാണ് ഞാനെന്ന് കരഞ്ഞുപറയുന്ന മോശ (പുറ. 4:10), എന്റെ വംശം ഏറ്റം ദുർബലമാണ്; എന്റെ കുടുംബത്തിൽ ഏറ്റം നിസാരനാണ് ഞാൻ എന്ന് സ്വയം താഴ്ത്തുന്ന ഗിദയോൻ (ന്യായ 6:15), ഞാൻ വെറും ബാലനാണ്, എനിക്ക് സംസാരിക്കാൻ പാടവമില്ല എന്ന് എളിമയോടെ തുറന്നുപറയുന്ന ജറമിയ (ജറ. 1:8), ഞാൻ അശുദ്ധമായ അധരങ്ങളുള്ളവനും അശുദ്ധമായ അധരങ്ങളുടെ മദ്ധ്യേ വസിക്കുന്നവനുമാണെന്നും സമ്മതിക്കുന്ന ഏശയ്യ (ഏശ. 6:5), കർത്താവേ, എന്നിൽ നിന്നും അകന്നുപോകണമെ: ഞാൻ പാപിയാണ് എന്ന് നിലവിളിക്കുന്ന ശിമയോൻ (ലൂക്ക 5:8) എന്നിവരിലൊക്കെയാണ് ദൈവകൃപ നിറയുന്നതും ദൈവീക ദൗത്യങ്ങൾ ഭരമേൽപ്പിക്കപ്പെടുന്നതും എന്നത് ധ്യാനവിഷയമാക്കിയേ മതിയാവൂ. ശക്തന്മാരെ സിംഹാസനത്തിൽ നിന്ന് മറിച്ചിടുകയും എളിയവരെ ഉയർത്തുകയും ചെയ്യുന്ന തമ്പുരാനെക്കുറിച്ച് നസ്രത്തിലെ വീട്ടിലിരുന്ന് ഒരു പെൺകുട്ടി പാടുന്ന പാട്ടിന്റെ പൊരുൾ (ലൂക്ക 1: 52) നാം തിരിച്ചറിയാത്തതെന്തേ?

സ്വയം ഉയർത്താൻ ശ്രമിക്കുന്നവരെയല്ല, മറ്റുള്ളവരെ ഉയർത്താൻ ശ്രമിക്കുന്നവരെയാണ് ദൈവത്തിന് വേണ്ടതെന്ന് വി.പൗലോസ് പലയാവർത്തി നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്. (2 കൊറി. 13:4, 13:9, 10:18).

ഒരുവൻ തന്നെതന്നെ താഴ്ത്തേണ്ടതെങ്ങനെയെന്നതിന് ഉത്തമമാതൃക തേടി മറ്റെങ്ങും പോകേണ്ടതില്ല. നേരെ കുരിശിന്റെ ചുവട്ടിൽ ചെന്നുനിന്നാൽ മതി. ദൈവത്തിന്റെ രൂപത്തിലായിരുന്നിട്ടും അവൻ പിതാവുമായുള്ള സമാനത നിലനിർത്തേണ്ട കാര്യമായി പരിഗണിക്കാതെ തന്നെ തന്നെ കുരിശു മരണത്തോളം താഴ്ത്തിയതുകൊണ്ടാണ് ദൈവം അവനെ അത്യധികം ഉയർത്തിയത് (ഫിലി. 2:5)

ഇനി ദൈവത്താൽ ഉയർത്തപ്പെടാൻ ആഗ്രഹിക്കാം നമുക്ക്. അതിനായി ആദ്യം മറ്റുള്ളവരെ വളർത്താനും ഉയർത്താനും ബലപ്പെടുത്താനും ശ്രമിച്ചുതുടങ്ങാം. അറിയുക, വളർന്നവർക്കുമാത്രമേ മറ്റുള്ളവരേക്കൂടി ബലപ്പെടുത്താനാകൂ. ബലവും വളർച്ചയും ഒരുവന് നൽകുന്നത് ദൈവമാണ്. തെല്ലും വളരാത്തവരും ബലം കുറഞ്ഞവരുമായ മനുഷ്യരാണ് ദൈവത്തിൽ ശരണപ്പെടാതെ സ്വയം ഉയരാൻ വൃഥാ ശ്രമിക്കുകയും ദൈവം ഉയർത്തുന്നവരെ ക്കണ്ട് സാവൂളിനെപ്പോലെ അസൂയപ്പെടുകയും ചെയ്യുന്നത്. ഇനി നമുക്ക് മത്സരത്തിന്റെ ലോകത്തിൽ നിന്നും പാരസ്പര്യത്തിന്റെ ലോകത്തിലേക്ക് തമ്പുരാന്റെ കരംപിടിച്ച് നടക്കാം. അതിന് നമ്മെ സഹായിക്കുന്നതാകട്ടെ ഈ പ്രാർത്ഥനാ കൂട്ടായ്മ.

8. ചർച്ച

1) കുടുംബ കൂട്ടായ്മയുടെ കഴിഞ്ഞ ആറുമാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുക

2) കുടുംബ കൂട്ടായ്മയിൽ യൂണിറ്റംഗങ്ങളെ എല്ലാവരെയും പങ്കെടുപ്പിക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക.

9. റിപ്പോർട്ട്.

10. ഹാജർ

11. ചർച്ച

12. വിശ്വാസികളുടെ പ്രാർത്ഥന

13. സ്വർഗ്ഗസ്ഥനായ
ഞങ്ങളുടെ പിതാവേ

14. സമാപനഗാനം

15. സ്നേഹവിരുന്ന്.

16. നന്ദി

*തയ്യാറാക്കിയത് :*
**ഫാ. വിക്ടർ എവരിസ്റ്റസ്**



# സെന്റ് വിൻസന്റ് ഹൈസ്കൂൾ കണിയാപുരം

1947 ൽ സ്ഥാപിതമായ സെന്റ് വിൻസന്റ് ഹൈസ്കൂൾ തിരുവനന്തപുരം ആർ.സി.കോർപ്പറേറ്റ് മാനേജ്മെന്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നു. അതിമനോഹരമായ പുന്നമരങ്ങളും മറ്റ് വൻവൃക്ഷങ്ങളും നിറഞ്ഞ് ആശ്രമ സദൃശ്യമാണ് ഈ വിദ്യാലയാന്തരീക്ഷം. ഇന്ന് സപ്തതിയുടെ നിറവിൽ നിൽക്കുന്ന ഈ വിദ്യാലയം, കണിയാപുരത്തിന്റെ സാംസ്കാരിക പുരോഗതിക്ക് പ്രകാശ ഗോപുരമായി പ്രശോഭിക്കുന്നു. ഇന്നും ഈ വിദ്യാലയം തലമുറകൾക്ക് വിദ്യാവെളിച്ചം പകർന്നുനൽകി മുന്നേറുന്നു. കഴിഞ്ഞ അഞ്ചുവർഷങ്ങളായി എസ്എസ്എൽസി പരീക്ഷയ്ക്ക് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടുന്ന കുട്ടികൾ ഈ വിദ്യാലയത്തിന്റെ അഭിമാനമാണ്. 2017 മാർച്ച് മാസം നടന്ന എസ്എസ്എൽസി പരീക്ഷയിൽ തിളക്കമാർന്ന വിജയമാണ് ഈ വിദ്യാലയം കരസ്ഥമാക്കിയത്.



*വിജയോത്സവം മോൺ. ഇ.വിൽഫ്രഡ് ഉദ്ഘാടനം ചെയ്യുന്നു*

**പ്രിയവിദ്യാർത്ഥികളേ,**

നാം എവിടെയും വിജയം ആഗ്രഹിക്കുകയും തോൽവിയെ വെറുക്കുകയും ചെയ്യുന്നവരാണ്. നമ്മളിൽ ആർക്കും തോൽക്കാൻ ഇഷ്ടമില്ല. അദ്ധ്വാനമില്ലാതെ തോൽക്കാമെന്നിരിക്കെ കഠിനാദ്ധ്വാനം ചെയ്ത് ജയിക്കാനാണ് നമുക്ക് ഇഷ്ടം. ജയിക്കണമെങ്കിൽ ഒരു ലക്ഷ്യം വേണം. ലക്ഷ്യത്തിൽ എത്തണമെന്ന നിശ്ചയാദാർഢ്യവും വേണം. ജയം ലക്ഷത്തിലേക്കുള്ള പ്രയാണത്തെ പ്രോത്സാഹിപ്പിക്കുന്ന ഒരു ഉപാധിയാണ്. ലക്ഷ്യത്തിലെത്താൻ വേണ്ടി കഠിനാദ്ധ്വാനം ചെയ്ത് അതിനായുള്ള അവസരങ്ങൾ കണ്ടെത്തി വിജയം വരിച്ച ഒരു യുവാവിനെ നിങ്ങൾക്ക് പരിചയപ്പെടുത്താം. കണിയാപുരത്തുകാരൻ രാഹുൽ. ഇന്നവൻ ഒരു പൈലറ്റാണ്. നിർധന മാതാപിതാക്കളുടെ മകൻ. പൈലറ്റാകണമെന്നുള്ള അവന്റെ നിശ്ചയദാർഢ്യം. ലക്ഷ്യത്തിലേക്കുള്ള കഠിനാദ്ധ്വാനം. പ്ലസ്-ടു പാസായ ശേഷം പൈലറ്റാകാനുള്ള ആഗ്രഹവുമായി ചാക്കയിലുള്ള രാജീവ്ഗാന്ധി സെന്റർ ഫോർ ഏവിയേഷൻ അക്കാദമിയിൽ അവൻ എത്തി. പഠനച്ചെലവിന് 25 ലക്ഷം രൂപ വേണ്ടിവരും. അതിന് കേന്ദ്രസർക്കാരിന്റെ സ്കോളർഷിപ്പ് മാത്രമേ ആശ്രയമുള്ളൂ. പഠിച്ച് എൻട്രസ് പാസാകണം. എൻട്രൻസ് പരീക്ഷയ്ക്ക് ഫീസായ 1000 രൂപ കണ്ടെത്താൻ കണിയാപുരത്തെ ഒരു പെട്രോൾ പമ്പിൽ ഫ്യൂവൽ ഫില്ലറായി ജോലിചെയ്തു. രാഹുലിന്റെ നിശ്ചയദാർഢ്യം, ഇന്നവൻ ഒരു പൈലറ്റാണ്. നമ്മുടെ നാടിന് അഭിമാനമായി.

അതുപോലെ നിങ്ങൾക്ക് ഒരു ലക്ഷ്യമുണ്ടെങ്കിൽ അത് തീവ്രമാണെങ്കിൽ വിജയിക്കണമെന്ന് വാശിയുണ്ടെങ്കിൽ നിങ്ങൾക്കുമുൻപിൽ ഈ ലോകം മുഴുവനും ഉണ്ടാകും. നിങ്ങൾക്ക് കരുത്തായി, താങ്ങായി, പ്രചോദനമായി നിങ്ങളുടെ മാതാപിതാക്കളും അധ്യാപകരും ഉണ്ടാകും. നല്ലൊരു ലക്ഷ്യത്തോടെ വിദ്യാഭ്യാസത്തെ കാണുക. ജീവിത വിജയം നേടുക.

# നല്ലപാഠം



ജൂൺ 5 ന് പരിസ്ഥിതിദിനമായി ആചരിച്ചു. പ്രൊഫ. റിച്ചാർഡ് ഹേ എം.പി. വൃക്ഷത്തൈ നട്ടുകൊണ്ടാണ് പരിസ്ഥിതിദിനം ഉദ്ഘാടനം ചെയ്തത്. കഴക്കൂട്ടം റോട്ടറി സായിഗ്രാമം, ശുചിത്വമിഷൻ എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ സ്കൂൾ ക്യാമ്പസ് പ്ലാസ്റ്റിക് മുക്തമാക്കി. ജൂൺ 19 ന് വിപുലമായ പരിപാടികളോടെ വായനാവാരവും ആചരിച്ചു. കുട്ടികളുടെ പ്രതിനിധിയായി സ്നേഹ വിധുകുമാർ ഉൾപ്പെടെ ഒട്ടേറെപേർ ചടങ്ങിൽ കവിതകൾ അവതരിപ്പിച്ചു.

വിദ്യാർത്ഥികളുടെ വിശ്രമവേളകൾ വിജ്ഞാനപ്രദവും ആനന്ദദായകവുമാക്കുകയെന്ന ലക്ഷ്യത്തോടെ സ്കൂൾ എഫ്.എം.റേഡിയോയ്ക്ക് തുടക്കം കുറിച്ചു. തെരഞ്ഞെടുക്കപ്പെട്ട കുട്ടി റേഡിയോ ജോക്കികളാണ് പരിപാടികൾക്ക് നേതൃത്വം നൽകി അവതരിപ്പിക്കുന്നത്. കുട്ടികളിൽ സേവനസന്നദ്ധതയും മനോഭാവവും വളർത്തുന്നതിനാരംഭിച്ച കാരുണ്യ ഫണ്ട് പദ്ധതി സുഗമമായി നടക്കുന്നു.

## ഓണപ്പാട്ട്

ഓണം പൊന്നോണം
തിരുവോണം വരവായി
ഓണം പൊന്നോണം
നല്ലോണം വരവായി
തിരുവോണക്കോടിയുടുത്ത്
തിത്തെയ് തകൃതെയ്
പാട്ടുകൾ പാടി
മാവേലിത്തമ്പ്രാനിന്ന്
മണ്ണിൽ വരവേൽപ്പ്

തുമ്പപ്പൂവും ചെത്തിപ്പൂവം
അരളിപ്പൂവം മുല്ലപ്പൂവം
മുറ്റത്തൊരു പൂക്കളം തീർക്കാൻ
നിരനിരനിരനിരയാ..
തുമ്പിതുള്ളെടി പെണ്ണാളെ
തുമ്പപ്പൂവിതൾ മെയ്യാളേ
അത്തംവന്നതറിഞ്ഞില്ലേ
പൂക്കളം തീർക്കേണ്ടേ...

തിരുവാതിരക്കളി,
പുലിക്കളി, ഉറിയടി
വടംവലി, വള്ളംകളികളുമായ്
മലയാളനാടിനുത്സവം
പൊലിപൊലി പൊലിപൊലിയോ
തുമ്പിതുള്ളെടി പെണ്ണാളെ
തുമ്പപ്പൂവിതൾ മെയ്യാളെ
അത്തം വന്നതറിഞ്ഞില്ലേ
സദ്യയൊരുക്കേണ്ടേ.

**റാണി. ഡി**
സംഗീതാധ്യാപിക








## നിനക്കായ്

ദുഃഖങ്ങൾ വിരിയുന്ന
ഈ പൂന്തോപ്പിൽ
വിരുന്നുകാർ നമ്മൾ
വിരുന്നു പോകുന്നു
മനസ്സിൽ ഓർമ്മതൻ
തണുത്ത നോവുമായ്
നിത്യവും വിടരുന്ന
പൂക്കൾ നാം
നിനക്കു ഞാനുമെന്നും എനിക്ക്
നീയുമെന്നും ഇടയ്ക്ക്
ചൊല്ലുന്നതോർക്കുന്നോ?
മടക്കയാത്രയ്ക്ക് യാത്രാസമയമാകുമ്പോൾ
മനസ്സുമാത്രമായി മടിച്ചുനിൽക്കുന്നു
പറയുവാനായ് കരുതിയ വാക്കുകൾ
പറയാതേ പോകുന്നതെങ്ങനെ
പടിക്കൽ നിന്നൊന്നു തിരിഞ്ഞുനോക്കട്ടെ
ഞാൻ പടിയിറങ്ങി വരുന്നതാരാവാം?
ഒരു മിഴികൂടി കാണുവാൻ കഴിഞ്ഞാലോ
ഒരു മിഴിമാത്രം,
പ്രീയ സുഹൃത്തേ നിനക്കായ് മാത്രം....

**റിൻജു. എ, 8 എ**

ജെ.സി



# ഹിന്ദുദേശീയതയും ഹിന്ദുത്വരാഷ്ട്രവാദവും

സ്വതന്ത്ര ഇന്ത്യയ്ക്ക് വയസ് 70. ഇന്ത്യൻ ദേശീയതയുമായി ബന്ധപ്പെട്ട ആകുലതകളും കാഴ്ചപ്പാടുകളും ഇന്ന് പരക്കെ ചർച്ചചെയ്യപ്പെടുന്നു. ബാബറി മസ്ജിദ് മുതൽ ഗോവധനിരോധനം വരെ ഹിന്ദുദേശീയവാദം ഫാസിസത്തിന്റെ ക്രൂരമുഖം വെളിപ്പെടുത്തുന്നുണ്ട്. ദേശീയത നാശകാരിയായി മാറാൻ ഇടയുണ്ടെന്ന് ടാഗോർ പറഞ്ഞിട്ടുണ്ട്.

ഏതെങ്കിലും ഒരു സമൂഹത്തിന്റെ സത്താപരമായ യാഥാർത്ഥ്യമല്ല ദേശീയത. ആധുനികതയോടൊപ്പം പിറവിയെടുത്ത രാഷ്ട്രവ്യവഹാര രൂപമാണത്. ഇന്ത്യ ഇപ്പോൾ ഫാസിസത്തിന്റെ വഴിയിലേക്ക് പരിണമിച്ചുകൊണ്ടിരിക്കുകയാണ്. മുസ്ലീങ്ങളും ക്രിസ്ത്യാനികളും ദളിതരും ആദിവാസികളും മതേതരവാദികളും യുക്തിവാദികളും ബുദ്ധിജീവികളും സർവകലാശാലാ വിദ്യാർത്ഥികളും രാഷ്ട്രശത്രുക്കളായി പ്രഖ്യാപിക്കപ്പെടുന്നു. ഗോമാംസത്തിന്റെ പേരിൽ മുസ്ലീങ്ങളെയും ദളിതരെയും പൊതുവഴിയിൽ വച്ച് തല്ലിക്കൊല്ലുന്നതും സമകാലിക ചരിത്രത്തിന്റെ ഭാഗമാണ്. പാർലമെന്റും ഭരണഘടന വിഭാവന ചെയ്ത ഫെഡറൽ സംവിധാനങ്ങളും ക്രമേണ അസ്ഥിരപ്പെടുന്നു. സർവാധിപത്യത്തിന്റെ അടയാളങ്ങൾ എവിടെയും തെളിയുമ്പോൾ അതിനെല്ലാമുള്ള മറയായി തീവ്രദേശീയത ഉയർത്തപ്പെടുകയും ചെയ്യുന്നു. ഇന്ത്യയെന്ന ആശയം തന്നെ തകർന്നുപോകുമോ എന്ന ആശങ്ക സ്വതന്ത്രഇന്ത്യയുടെ സപ്തതി വർഷത്തിലെ ഏറ്റവും വലിയ പ്രതിസന്ധി. അഹിംസയും സഹിഷ്ണുതയും ബഹുസ്വരതയുമാണ് ഇന്ത്യയുടെ ആത്മാവ് എന്നതാണ് സത്യം.

ഇന്ത്യൻ ദേശീയതയുടെ രൂപീകരണ പ്രക്രിയയെ നോക്കി കണ്ടാൽ അതൊരിക്കലും ഒരു സാംസ്കാരിക ദേശീയതയായല്ല വികസിച്ചുവരുന്നത്. കോളനിവിരുദ്ധ സമരത്തിലൂടെ വികാസം പ്രാപിച്ച ഒന്നായിരുന്നു ഇന്ത്യൻ രാഷ്ട്രീയ ദേശീയത (political nationalisation). ഇതിനുപകരം മതപരമായ മൂല്യങ്ങളെ മുൻനിർത്തുന്ന സാംസ്കരിക ദേശീയതയെ (cultural nationalism) ഉയർത്തിക്കൊണ്ടുവരാൻ ഹിന്ദുത്വവാദം ഇരുപതാംനൂറ്റാണ്ടിന്റെ തുടക്കം മുതലേ ശ്രമിച്ചുപോന്നിട്ടുണ്ട്. ലോകമാന്യ തിലകന്റെ നേതൃത്വത്തിൽ ദേശീയ പ്രസ്ഥാനത്തിന് ഹൈന്ദവമുഖം കൈവന്നുതുടങ്ങുകയും ചെയ്തിരുന്നു. എന്നാൽ 1920 കളിൽ ഗാന്ധിജിയുടെ നേതൃത്വം കടന്നുവരികയും ഇടതുപക്ഷ-സോഷ്യലിസ്റ്റ് ധാരകൾ ദേശീയ പ്രസ്ഥാനത്തിൽ സജീവമാവുകയും ചെയ്തതോടെ ഈ പ്രകൃതത്തിൽ മാറ്റംവന്നു. സാമ്രാജ്യവിരുദ്ധവും, മതനിരപേക്ഷവും ജനകീയവുമായ ദേശീയ സങ്കല്പത്തിന് ഇന്ത്യൻ ജീവിതത്തിനു മേൽക്കൈ കിട്ടിയത് അതോടെയാണ്. മൂലധനതാല്പര്യങ്ങളും ഭരണകൂടവും തമ്മിലുള്ള സമ്പൂർണലയനം അരങ്ങേറിക്കൊണ്ടിരിക്കുകയാണ്. വലിയൊരു മനുഷ്യസമൂഹത്തെ ഒരുമിച്ച് നിറുത്തിയ ദേശീയ ഫാസിസത്തിന് അടിത്തറയൊരുക്കുന്ന രാഷ്ട്രീയത്തെയാണ് നാം അഭിമുഖീകരിക്കുന്നത്. ഇതിനെ എത്രത്തോളം ചെറുക്കാനാവും എന്നതിലാണ് സ്വതന്ത്ര്യ ഇന്ത്യയുടെ ഭാവി നിലകൊള്ളുന്നത്.

# Jubilee Memorial Hospital

**Latin Archdiocese of Trivandrum**

*Little Flower College of Nursing*




**College Code - JBN.**

CARDIAC CATHLAB



ANGIOGRAM, ANGIOPLASTY




- Departments : General Medicine, General Surgery, Gynec, Pediatric, Eye, Ent, Dental, Skin, Ortho, Plastic & Cosmetic Surgery, Neurology, Neuro Surgery, Cardiology, Urology, Gastroenterology, Oncology, Psychiatry, Psychotherapy, Dialysis, Physiotherapy, Orthopaedic, Obstetric & Gynacology, Ophthalmology, Dermatology, Chest Medicine, Dentistry, Anaesthesiology, Minimally Invasive Surgery, Bariatric Surgery
- Supportive Services : 24 Hours Casuality, Pharmacy, Lab, CT Scan, ICU, Well Equipped OT, ECG & X-Ray, Mortuary, Ambulance(Mobile ICU), Echo, TMT, Ultra Sound Scan, Clinical Laboratory, Operation Theatre Complex, Cathlab, ESWL, Holter Facility
- Jubilee's Pride: Arthoscopy & Joint Replacement, Radio Frequency Ablation for Varicose Vein, Reconstractive Cancer Surgery and World Class ENT Facility

Mead's Lane, Palayam, Thiruvananthapuram - 695 034, Tel: 0471 - 3080300, 2334561, 6452020, Fax: 0471- 2330925
E-mail: jubileehospital@hotmail.com, www.jubileehospital.org

Total Page 44
Pub. Date : 01.09.2017
RNI Registered NO. 36056/81 REG NO. KL/TV(S)266/2015-2017. WPP NO. KL/TV(S)WPP/171/2015-17 JEEVANUM VELICHAVUM Rs. 25.00

# TRIVANDRUM SOCIAL SERVICE SOCIETY

**Reg. No:352/85, Vellayambalam**
**Thiruvananthpuram – 695003**
**Phone : 0471-2723498**
**Web: www.tsss.in, Email: admin@tsss.in**

## Our Training Centers

- St. Xavier's Computer Centre, Palayam
  0471-2333607, 9847449635
- St. Xavier's ITC, Valiyathura
  0471-2504332, 9447819157
- St. Xavier's community College, Chakka
  0471-2575655, 9446435199
- Fathima Matha Community College, Karumkulam
  0471-2575656, 9446435199
- St. Xavier's Institute of commerce, Palayam
  0471-03274717, 9495058596
- St. Xavier's Fashion Technology, Palayam
  9387445554

## Our Rehabilitation Centers

- Pratheeksha- De addition Centre Sanghumukaham
  0471-2504266, 9567654998
- Mother Theresa Day Care Centre, Chavady
  0471-2260862, 8547517265
- Sadhana Renewal Centre, Monvila
  0471-2596874
- Divya Santhi Asramam, Vettuthura
  0471-2504850
- Lenny Peters Girls Home (Karuna Nivas )
  0471-2757060, 9633194792
- Menny Family home, Thirumala
  0471-2356394



Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Sterling Print House 9847900555, for Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor: Fr. Melkon.